Reg. C. No. 251

License No. 10/1116.
Dated 18—10—1116 / 31—5—1941.

പത്രാധിപന്മാർ. എം. പി. പോൾ, എം. എ.
കെ. ജെ. ജോസഫ് തേറാട്ടിൽ, എം. എ. ബി. എൽ.




# ഉദയം



പുസ്തകം 1 | 1117 ചിങ്ങം | ലക്കം 1

1 മംഗളം
വള്ളത്തോൾ
2 കേരളാഭ്യുദയം
പ്രൊഫസ്സർ പി. ശങ്കരൻ നമ്പ്യാർ, എം. എ.
3 ടാഗ്ഗോർ (കവിത)
ജി. ശങ്കരക്കുറുപ്പ്
4 ദന്തസംരക്ഷണം
ഡോക്ടർ സി. എൽ. ജോസഫ്
5 രവീന്ദ്രനാഥ ടാഗ്ഗോർ
വക്കം എം. അബദുൽഖാദർ
6 സാഹിത്യലോകത്തിലെ അപസപ്പ്കന്മാർ
എം. പി. പോൾ, എം. എ.
7 എൻെറ മോഷണം
എ. കെ. ജി. നായർ, എം. എ.
8 നിർബന്ധ വിഷയങ്ങൾ
വിദ്വാൻ കെ. എം. മാത്തൻ തരകൻ, ബി. ഒ. എൽ.
9 ഹിററ്ലർ ഫലിതങ്ങൾ
10 പൂനിലാവ്
വൈക്കം മുഹമ്മദ്ബഷീർ
11 ക്രിസ്തുമസ്സ് നക്ഷത്രം
എം. എം. മാത്യു, ബി. എ.
12 ചൈനാ—ജപ്പാൻ സമരം
ഫിലിപ്പ് എച്ച്. സുബ്രഹ്മണ്യൻ, എം. എ.
13 കല—ആത്മപ്രകാശനം
എം. എ. കെ.

പുസ്ത

കേര
ഒ സംന
ക്കവാറു
പിച്ചു
ിതമാ
ച്ചി, ഇ
ന്ന രാ
ജ്യം, ന
ന്ന എ
വസിക
ഒരു
ത്ര്യാപ്പ
ലുണ്ടെ

Sahrudaya Vayana Salai


# ഉദയം

| പുസ്തകം 1 | 1117 ചിങ്ങം | ലക്കം 1 |
|---|---|---|


**മംഗളം**

കാലംപകന്നതറിയാതിരുളാണ്ടുറങ്ങി-
ച്ചുളിക്കിടപ്പവരുണർന്നെഴുനേല്ക്കുവാനായ്
നീളെ മുഴങ്ങുക, നവോദയപത്രമേ, നിൻ
നീതിപ്രഭാഷണസുമംഗളശംഖനാദം!

വള്ളത്തോൾ

# കേരളാഭ്യുദയം

(പ്രൊഫസ്സർ പി. ശങ്കരൻനമ്പ്യാർ, എം. ഏ.)

കേരളരാജ്യത്തിനു പ്രത്യേകമായ ഒരു സംസ്കാരവിശേഷമുണ്ടെന്നും, അതു മിക്കവാറും മലയാളഭാഷയിലാണു നിക്ഷേപിച്ചുവെക്കപ്പെട്ടിട്ടുള്ളതെന്നും സർവ്വവിദിതമാണല്ലോ. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷുമലബാർ എന്നിങ്ങനെ മൂന്നു രാഷ്ട്രീയ വിഭാഗങ്ങളായി കേരളരാജ്യം, സംഗതിവശാൽ, മുറിഞ്ഞു കിടക്കുന്നു എങ്കിലും, ആ വിഭാഗങ്ങളിൽ അധിവസിക്കുന്ന ജനസമുദായങ്ങളെ ഒട്ടാകെ ഒരു ചരടിലിണക്കിക്കോർക്കുന്നതിനു പര്യാപ്തമായ ഒരു സംസ്കാരം മലയാളത്തിലുണ്ടെന്നു സ്പഷ്ടമാകുന്നു. ജാതിമതാദിഭേദങ്ങൾക്കെല്ലാം അതീതമായിട്ടുള്ള ആ സംസ്കാരം സകല കേരളീയരുടെയും ജന്മസ്വത്താണ്. മററു കാര്യങ്ങളിൽ എത്ര വ്യത്യസ്താഭിപ്രായങ്ങളോ വിപരീത താൽപര്യങ്ങളോ കേരളത്തിലെ വ്യക്തികളേയും ജാതികളേയും പരസ്പരം ഭേദിപ്പിച്ചു നിർത്തിക്കൊള്ളട്ടേ, ഭാഷ, സാഹിത്യം, സംസ്കാരം എന്നീ വിഷയങ്ങളിൽ അവർ തമ്മിൽ ഏകോദരസഹോദരഭാവത്തിലാണു ബന്ധപ്പെട്ടു കിടക്കുന്നതു് എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ വാസ്തവം ഏററവും വ്യക്തമായി അനുഭവപ്പെടുന്നതു കേരളീയർ കേരളത്തിനു

പുറത്തുള്ള ഏതെങ്കിലും രാജ്യത്തു കൂട്ടിമുട്ടുമ്പോളാണ്. ജന്മഭൂമിയിൽനിന്ന് എത്രത്തോളം ദൂരേ അകന്നു പോകുന്നുവോ അത്രത്തോളം അവരുടെ ഐക്യബോധത്തിനു ദാർഢ്യവും കൂടുതലായി കാണപ്പെടുന്നു. മദിരാശിയിലോ, കല്ക്കത്തായിലോ, അല്ലെങ്കിൽ മലയായിലോ താമസിക്കുന്ന മലയാളികൾ തമ്മിൽ (അവർ തിരുവിതാംകൂറുകാരോ, കൊച്ചിക്കാരോ, മലബാറുകാരോ ആയിക്കൊള്ളട്ടേ) എന്തൊരു ഐകമത്യത്തോടുകൂടിയാണു വർത്തിക്കുന്നതെന്ന് ഇന്നും വിശദമായി കാണാവുന്നതാണല്ലോ. പൊതു കാര്യങ്ങളിലെല്ലാം അവർ "ഒരു കെട്ടായി" നിന്നുകൊണ്ടു പ്രവർത്തിക്കുന്നു; കേരളത്തിനുള്ളിൽ പലപ്പോഴും കണ്ടുവരുന്ന സങ്കുചിത മനോഭാവങ്ങൾ അവരുടെ സംഘബലത്തേ ശിഥിലീകരിക്കുന്നില്ല. തങ്ങളെല്ലാം ഒന്നുപോലേ കൈരളീസന്താനങ്ങളാണെന്ന ഒരൊററ അഭിമാനം അവരേ തമ്മിൽ കൂട്ടിയിണക്കുന്നു. ചരിത്രഫലമായി, ഭരണകാര്യങ്ങളിൽ, കേരളം ഏങ്ങനെയെങ്കിലും വേർതിരിഞ്ഞു നിന്നുകൊള്ളട്ടേ, കേരളീയ ഭാഷാസംസ്കാരങ്ങൾ തങ്ങളുടേ പൊതുസ്വത്താണെന്നുള്ള ബോധം വിദേശനിവാസികളായ മലയാളികളിൽ പൂർണ്ണബലത്തോടുകൂടി പ്രകാശിക്കുന്നു. ഇതിനുള്ള ഒരു പ്രചോദനം, ദേശാന്തരങ്ങളിലേ മലയാളികളല്ലാത്ത വർഗ്ഗക്കാരുടെയിടയിൽ അടിയുറച്ചു കാണുന്ന സംഘബലത്തിൻെറയും ഐക്യബോധത്തിൻെറയും സമ്മർദ്ദം തന്നെ ആയിരിക്കാം. അവരുമായി വേണ്ടിവരുന്ന സംഘർഷണമോ സംഘട്ടനമോ സഹിക്കവയ്യാതാകുമ്പോൾ, കേവലം ആത്മരക്ഷാർത്ഥം സ്വീകരിക്കേണ്ടിവരുന്ന സഹകരണനയമായിരിക്കാം അതിൻെറ ആസ്പദം. "തട്ടു കിട്ടുമ്പോൾ തടവു പഠിക്കാതേ നിവൃത്തിയില്ലെ"ന്നുള്ള പ്രകൃതിനിയമമായിരിക്കാം അതിൻെറ നിദാനം. അതെങ്ങനെയെങ്കിലുമാകട്ടേ, ഒരു മുഖ്യസംഗതി അതിൽനിന്നു നിസ്സന്ദേഹം തെളിയുന്നില്ലേ എന്നു നോക്കുക. മറുനാട്ടുകാർ മലയാളികളേ മുഴുവൻ (കൊച്ചി തിരുവിതാംകൂർ മലബാർ ഭേദമെന്നിയേ) ഒരൊററ വർഗ്ഗമായിട്ടാണു കണക്കാക്കുന്നതു്; അനുകൂലമോ പ്രതികൂലമോ ആയ ഭാവം അവരോടെല്ലാം ഒരുപോലെയാണു പ്രദർശിപ്പിക്കുന്നതും.

ഇങ്ങനെയിരിക്കേ, കേരളീയസമുദായം ഛിന്നഭിന്നമായിപ്പോകാതിരിക്കേണമെങ്കിൽ, കേരളീയസംസ്കാരം ക്രമേണ അസ്തംഗതമാകാതിരിക്കേണമെങ്കിൽ, ഇന്ന് അത്യന്താപേക്ഷിതമായിട്ടുള്ളതു, കേരളീയരെല്ലാം, രാഷ്ട്രീയമായ ദേശവിഭജനത്തേ വകവെക്കാതേ, ഒത്തൊരുമിച്ചു ചേർന്നു, തങ്ങളുടെ പാരമ്പര്യസ്വത്തായ പൊതുസംസ്കാരത്തേ പരിപാലിക്കുവാനും, തദ്വാരാ, സംഘബലം വളർത്തുവാനും ഏദയപൂർവ്വം യത്നിക്കുകയാകുന്നു.

പ്രസ്തുത സംസ്കാരം നിക്ഷേപിച്ചു വെച്ചിരിക്കുന്നതു മലയാളഭാഷയിലാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. രാഷ്ട്രീയ പരിണാമത്തിനും ഭാഷയ്ക്കും തമ്മിലുള്ള ബന്ധം ദിനംപ്രതി മുറുകിവരുന്നതായിട്ടാണു കാണുന്നതു്. ഇന്ത്യയുടെ ഭരണപരമായ ഭാവി എന്തുതന്നെയായാലും വേണ്ടതില്ല, ഭാഷാസംസ്കാരങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ദേശജനവിഭാഗങ്ങൾക്ക് അതിൽ ഗണ്യമായ സ്ഥാനമുണ്ടായിരിക്കുമെന്ന പ്രതീക്ഷിക്കുവാനാണ് ഇപ്പോൾ ന്യായം കാണുന്നതു്. ഇതു ദക്ഷിണേന്ത്യയുടെ കാര്യത്തിൽ വിശേഷിച്ചും പ്രത്യക്ഷമാകുന്നുണ്ട്. തമിഴ്, തെലുങ്കു, കർണ്ണാടകം എന്നീ മൂന്നു ദ്രാവിഡഭാഷകളെ

അടിസ്ഥാനമാക്കി മൂന്നു പ്രവിശ്യകൾ ഇവിടെ ആവിർഭവിക്കാതിരിക്കയില്ല. രാഷ്ട്രീയമായിട്ടല്ലെങ്കിൽ, സാംസ്കാരികമായിട്ടെങ്കിലും ഇങ്ങനെ ഒരു വേർതിരിവു ക്രമേണ അനിവാര്യമായിവരും. അപ്പോൾ മലയാളത്തിൻെറ കഥ എന്തായിരിക്കുമെന്നു കുറഞ്ഞൊന്നാലോചിക്കുക! മറേറാരോ വർഗ്ഗക്കാരും അവരവരുടെ സ്ഥാനം ഉറപ്പിച്ചുകഴിയുമ്പോൾ, മലയാളികൾമാത്രം ഒരുവക ത്രിശങ്കുസ്വർഗ്ഗത്തിൽ ഇരിക്കുന്നതായാൽ അതു വലിയ കഷ്ടമാകുന്നതല്ലേ? അതിനാൽ, ഭാവിയെക്കുറിച്ചു സ്വല്പമൊന്നു ചിന്തിച്ച്, ആത്മാഭിമാനമുള്ള കേരളീയരെല്ലാം ഒത്തൊരുമിച്ചു, പരസ്പരവ്യത്യാസങ്ങളെയും മാത്സര്യങ്ങളേയും നീക്കിവെച്ച്, ഒരൊററ ജനവിഭാഗമെന്ന നിലയിൽ, തങ്ങളുടേ പൊതുസംസ്കാരത്തെ അവലംബിച്ച് അഭിവൃദ്ധി നേടുവാൻ ഉത്സാഹിക്കേണ്ടതാകുന്നു എന്നുള്ള ഉദ്ബോധനം ഇന്ന് എത്രതന്നേ ആവർത്തിച്ചാലും അധികമാകുന്നതല്ല.

ഭാഷാസംസ്കാരപരങ്ങളായ വ്യവസായങ്ങളിൽ കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ ദേശഭേദങ്ങളേ തീരേ അവഗണിച്ചു പ്രവർത്തിക്കുവാനുള്ള മനോവികാസമാണു കേരളീയർക്ക് ആദ്യമായി അവശ്യം ഉണ്ടാകേണ്ടിയിരിക്കുന്നതു്. നമ്മുടെ ഭാഷയേയും സംസ്കാരത്തേയും പോഷിപ്പിക്കുവാൻ നമ്മളല്ലാതേ മറെറാരു ദേശക്കാരും ഉള്ളഴിഞ്ഞു ശ്രമിക്കുകയില്ലെന്നു നല്ലവണ്ണം ബോധം വരേണ്ടതാകുന്നു.


സംസ്കാരസംരക്ഷണത്തിന് ഏററവും ഉപകരിക്കുന്ന ഒരു മാർഗ്ഗമാണല്ലോ സർവ്വകലാശാലാ പ്രവർത്തനം. കേരളത്തിനു പൊതുവേ ഒരു സർവ്വകലാശാല ഉണ്ടായിരുന്നെങ്കിൽ, കേരളത്തിൻെറ സ്വത്വം നിലനിർത്തുന്നതിനും ഉൽകർഷം പുലർത്തുന്നതിനും അതെത്ര സഹായമാകുമായിരുന്നു! അതിനെക്കുറിച്ചു തീരേ ഭഗ്നാശരാകേണ്ട കാലം നമുക്ക് ഇനിയും ആയിട്ടില്ലെന്നാണു തോന്നുന്നതു്. തിരുവിതാംകൂറിൽ സമാരംഭിക്കപ്പെട്ടിട്ടുള്ള വിശ്വവിദ്യാലയം കൊച്ചിയുടെയും മലബാറിൻെറയും താൽപര്യങ്ങളെ തികച്ചും ഉൾക്കൊള്ളത്തക്കവിധം വികസിക്കുന്നതായാൽ അതുതന്നേ ഒരു കേരള സർവ്വകലാശാലയായി പരിണമിക്കാവുന്നതാണല്ലോ. അതിൻെറ ഉദ്ദേശ്യവും ആദർശവും കേവലം കേരള സംസ്കാരപോഷണമായിരിക്കണമെന്നു വന്നാൽമതി, അതൊരു കേരള വിശ്വവിദ്യാലയമായി രൂപാന്തരപ്പെടുന്നതിന്. അതു കാലക്രമേണ സാധിതപ്രായമാകുമെന്നുതന്നേ നമുക്കു തൽക്കാലം പ്രത്യാശിക്കുക.

ഭാഷ, സാഹിത്യം, ശാസ്ത്രം, കലകൾ മുതലായ സംസ്കാര മുഖങ്ങളിലെല്ലാം, കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ സംസ്ഥാനങ്ങൾക്കു പൊതുതാൽപര്യങ്ങളാണുള്ളതെന്ന ദൃഢബോധത്തോടുകൂടിവേണം അവിടങ്ങളിലേ ഓരോ സ്ഥാപനവും നടത്തപ്പെടുന്നതെന്നു ചുരുക്കത്തിൽ പറഞ്ഞുകൊള്ളട്ടെ. കേരളീയരുടെ ഐക്യബോധത്തിലാണു കേരളത്തിൻെറ അഭ്യുദയമൂലം സ്ഥിതിചെയ്യുന്നതു്. ഗ്രന്ഥങ്ങളുടേയും ഗ്രന്ഥകാരന്മാരുടേയും പ്രസാധകന്മാരുടേയും കാര്യത്തിൽ വിശേഷിച്ചും അനുവർത്തിക്കേണ്ട നയമാണു കേരളത്തേ ഒട്ടാകെ ഒരൊററ പ്രവിശ്യയായി കണക്കാക്കുക എന്നതു്. ഇങ്ങനെ ചെയ്യാത്തപക്ഷം ഭാഷാസംസ്കാരാഭിവൃദ്ധിക്കു വലിയ ഭംഗം നേരിടുന്നതാകുന്നു. മലയാളികളെന്നും മറുനാട്ടുകാരെന്നുമുള്ള രണ്ടു വിഭാഗത്തിൽ കവിഞ്ഞു, മലയാളികളിൽത്തന്നേ കൊച്ചിക്കാർ, തിരുവിതാംകൂറുകാർ, മലബാറുകാർ എന്നിങ്ങ

നേ വേർതിരിച്ചു പങ്കുവെക്കുന്നതു കേരളസംസ്കാരത്തെസ്സംബന്ധിച്ചേടത്തോളം ഒരു തരം ആത്മഹത്യയായിരിക്കുമെന്നു നിശ്ശങ്കം പ്രഖ്യാപനം ചെയ്യാവുന്നതാണു്! "തിരുവിതാംകൂർ തിരുവിതാംകൂറുകാൎക്കു്, കൊച്ചി കൊച്ചിക്കാൎക്കു്, മലബാർ മലബാറുകാൎക്കു്" എന്നിങ്ങനെയുള്ള "പോൎക്കുവിളി" കൈരളിയുടേ മരണമണിനാദമായിട്ടാണു ചിന്താശീലന്മാരും നിഷ്പക്ഷബുദ്ധികളുമായ കേരളീയരെല്ലാം കണക്കാക്കുന്നതു്! ഗ്രന്ഥകാരനോ പ്രസാധകനോ കേരളത്തിൽ എവിടത്തുകാരനാണു്, കൊച്ചിയോ, തിരുവിതാംകൂറോ, മലബാറോ ഏതാണു് ആയാളുടെ രാജ്യം, എന്നും മററും മാത്രം നോക്കി, ഗ്രന്ഥത്തിൻെറ ഗുണദോഷാംശങ്ങളേ തീരേ അവഗണിച്ചുകൊണ്ടു്, അധികൃതന്മാർ മലയാള പ്രസിദ്ധീകരണങ്ങളേ തള്ളുകയും കൊള്ളുകയും ചെയ്തുതുടങ്ങിയാൽ അതു നമ്മുടേ മാതൃഭാഷയേ ഞെക്കി ഞെരുക്കിക്കൊല്ലുന്നതിനു തുല്യമായിരിക്കുമെന്നുതന്നേ പറയേണ്ടിയിരിക്കുന്നു.

ഒരു കിണററിൽ വെള്ളം കാണുന്നതിനു പതിനെട്ടു കോൽ താഴ്ത്തേണമെന്നിരിക്കട്ടേ, അതിനുപകരം ആറാറു കോൽ വീതം മൂന്നു ഭിന്നപ്രദേശങ്ങളിലായി കുഴികുഴിച്ചാൽ മതിയാകുമോ? പ്രയത്നം ധാരാളമുണ്ടായിരിക്കാം, ധനവ്യയത്തിനും കുറവുണ്ടാകയില്ലായിരിക്കാം, ഫലത്തിൽമാത്രം ശൂന്യം എന്നു വരുന്നതു് ഏററവും പരിതാപകരമല്ലേ? ഇതാണു് ഇന്നു ഭാഷാസംബന്ധമായി, അഥവാ സംസ്കാരപരമായി, കേരളത്തിൽ സംഭവിച്ചുകാണുന്നതു്. ഇതിനുള്ള പരിഹാരം, ബുദ്ധിശൂന്യതയിൽ അടിയുറപ്പിച്ചു നില്ക്കുന്ന പരസ്പരമാത്സര്യത്തേ കേരളത്തിലേ രാഷ്ട്രീയവിഭാഗക്കാരുടേ മനസ്സിൽനിന്നു് ഉന്മൂലനം ചെയ്യുക എന്നുള്ളതാണു്. ആത്മബോധം ശരിയായി വന്നാൽ ഉൽകൎഷത്തിനു വേണ്ടതെല്ലാം അതിൻെറ പിറകേ താനേ വന്നുകൊള്ളും.

കേരളീയരുടേ ഇടയിൽ ഇന്നു കാണുന്ന ഭേദബുദ്ധി ഏകദേശം ഒരു ഇരുപതു കൊല്ലംമുമ്പുവരേ ഉണ്ടായിരുന്നില്ലെന്നു തോന്നുന്നു. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിലാണു് അതു കൊടുമ്പിരികൊണ്ടുതുടങ്ങിയതു്. അതിനു മുമ്പുള്ള കാലങ്ങളിലെല്ലാം മലയാളത്തിലേ സാഹിത്യകാരന്മാരും വിദ്വാന്മാരും ഗോകൎണ്ണംമുതൽ കന്യാകുമാരിവരേ എവിടേയും ഒരുപോലെയാണു മാനിക്കപ്പെട്ടുവന്നിരുന്നതു്. കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ മൂന്നു മുറികളോടുകൂടിയ ഏകമാതൃഗൃഹമായിരുന്നു അവൎക്കെല്ലാം ഈ കേരളം. എന്നാൽ മരുമക്കത്തായത്തറവാടുപോലെ ആ കേരളഗൃഹം ഇതാ അന്തഃഛിദ്രംമൂലം നാശോന്മുഖമായിത്തീൎന്നിരിക്കുന്നു. കാലം അതിക്രമിക്കുന്നതിനുമുമ്പു് അതിനെ വേണ്ടവിധം താങ്ങിനിൎത്തുന്നതിനും, പൂൎവ്വസമ്പത്തു നിശ്ശേഷം നശിച്ചുപോകാതേ നോക്കുന്നതിനും വേണ്ടി കേരളീയരെല്ലാം കൈ കോൎത്തുപിടിച്ചുകൊണ്ടു് ഉററു ശ്രമിക്കുക എന്നതാണു് ഇന്നത്തേ മുഖ്യകൎത്തവ്യം. ഇടുങ്ങിയ ഭരണഭിത്തികൾക്കുള്ളിലിട്ടു നമ്മുടെ പൊതുസംസ്കാരത്തേ ഞെരുക്കിക്കളയുന്നതു് അവിവേകത്തിൻെറ പാരമ്യമായിരിക്കും. ഭരണയന്ത്രതന്ത്രങ്ങൾ മാറിയും മറിഞ്ഞും കളിച്ചുകൊള്ളട്ടേ, ഭരണാധികാരികൾ വന്നും പോയുമിരിക്കട്ടേ, സംസ്കാരം കേരളത്തിനൊട്ടാകേ ഒന്നുമാത്രമാണുള്ളതെന്നും, അതു കേരളീയരുടേ ഐക്യബോധത്തിൽ ഉയരുകയും, ഭേദബുദ്ധിയിൽ താഴുകയും ചെയ്യുമെന്നും നാം സദാ ഓൎമ്മിക്കേണ്ടതാകുന്നു.



ആഷ്ഭ്രവന്ധകാരത്തി-
ന്നാഗാധതയിലാണ്ടുപോയ്
അഹർന്നിശം പ്രശോഭിച്ച
'രവി'യസ്തം ഗമിക്കവേ.

ഉദയം ചെയ്തിതദ്ദിവ്യ-
നുദാരോജ്ജ്വലഗോചയൻ,
നവ്യ പ്രഭാതാഗമനം
നമ്മളോടരുൾ ചെയ്യുവാൻ;

ഉറങ്ങും പ്രാചിയെ സ്വൈര-
മുണർത്താനാത്മശക്തിയാൽ;
അലസ ക്ഷീണ കർമ്മങ്ങൾ-
ക്കാരാലുല്ലാസമേകുവാൻ;

നവ സങ്കല്പ നികരം
നാടുതോറും വിടർത്തുവാൻ;
മയങ്ങു മാസ്തികത്വത്തിൻ-
ചിറകിന്നുയിർ നൽകുവാൻ;

നിറവും മിഴിയും പാരം
പ്രകൃതിക്കുളവാക്കുവാൻ;
ജീവിതത്തിൻ കണംതോറും-
ആഹ്ലാദക്കതിർ വീശുവാൻ;

മരവിച്ചോരു ചിന്തയ്ക്കു
മന്ദോഷ്ണമരുളീടുവാൻ;
സങ്കേത ജീർണ്ണ പത്രങ്ങൾ
സമ്പതിപ്പിച്ചുകൊള്ളുവാൻ;

പരതന്ത്രതയാൽ ദുഷ്ട-
മായ ജീവിതവായുവെ
ആരോഗ്യദായി സംസ്കാര-
ക്കതിരാൽ ശുദ്ധമാക്കുവാൻ;

ഭൗതിക ക്ഷണികാനന്ദ-
ധൂമികാനിചയത്തെയും
ഭാവനാദീപ്തിയാൽമൂടി
വിശ്വമോഹനമാക്കുവാൻ.

മയ്ക്കണ്ണിൻമഷി കണ്ണീരിൽ
മാഞ്ഞ ഭാരതമേദിനീ,
നിർമ്മലസ്മൃതിതൻ തട്ടിൽ
നിത്യദുഃഖം കൊളുത്തുക!

ആദരാനതയായന്ത്യ-
വന്ദനത്തിന്നൊരുങ്ങുക,
തവാശ്രുബിന്ദു നിറയെ-
ത്തദനുഗ്രഹരശ്മിയാൽ!

ജി. ശങ്കരക്കുറുപ്പ്.

# ദന്തസംരക്ഷണം

ഡോക്ടർ സി. എൽ. ജോസഫ്

പല്ല് മുഖത്തിനൊരു അലങ്കാരമായിട്ടു മാത്രമാണ് സാധാരണ നാം കരുതുന്നത്. പല്ല് വെളുപ്പിക്കുന്നതിന്നുള്ള ശ്രമംചെയ്യുന്നതു അതുകൊണ്ടായിരിക്കാം. ഇതു വലിയ ഒരു തെററിദ്ധാരണയാണ്. മുല്ലമൊട്ടുപോലെയുള്ള പല്ല് മന്ദസ്മിതത്തെ ശോഭിപ്പിക്കുന്നുവെന്നു കവികൾ പാടിക്കൊള്ളട്ടെ. അതു വാസ്തവംതന്നെ പക്ഷെ അത് പല്ലിൻെറ ഏററവും അപ്രധാനമായ ഒരു ജോലിമാത്രമാകുന്നു.

പല്ലിൻെറ പ്രധാനധർമ്മം നമ്മുടെ ആമാശയത്തേയും പക്വാശയത്തേയും സംരക്ഷിക്കുകയെന്നതാകുന്നു. ദഹനേന്ദ്രിയങ്ങളുടെ മുന്നണിയിൽ നില്ക്കുന്ന വീരഭടന്മാരാണ് നമ്മുടെ പല്ലുകൾ. പല്ല് അതിൻെറ ജോലി ശരിയായി നിർവ്വഹിക്കുന്നില്ലെങ്കിൽ പലതരം ഉദരവ്യാധികൾക്ക് നമ്മുടെ ശരീരം വശംഗതമാകുന്നു. ആരോഗ്യമുള്ള പല്ല് വിലപിടിച്ച ഒരു പിതൃസ്വത്താണ്. അതിനെ സംരക്ഷിച്ചു പോരേണ്ടതു് അത്യാവശ്യമാകുന്നു. പല്ലിൻെറ അടിസ്ഥാനമിടുന്നതു് ബ്രൂണജീവിതത്തിലാണ്. അതുകൊണ്ട് ബ്രൂണജീവിതംതൊട്ടുതന്നെ ശിശുവിൻെറ പല്ലിൽ അമ്മയുടെ ശ്രദ്ധ പതിയേണ്ടതാകുന്നു.

പല്ലിന്ന് കാൽസ്യം (ചുണ്ണാമ്പ്) ചേർന്നപദാർത്ഥങ്ങൾ വളരെ ആവശ്യമാണ്. ഗർഭത്തിലിരിക്കുന്ന ശിശുവിൻെറ രക്തത്തിൽ കാൽസ്യംചേർന്ന പദാർത്ഥങ്ങൾ പരിവഹനം ചെയ്യേണ്ടതാണ് (Circulate). എങ്കിൽമാത്രമേ പല്ലുകൾ മുളക്കുന്നകാലത്തുതന്നെ അതുകൾക്കു ശക്തിയും ഉറപ്പും ഉണ്ടാകയുള്ളു. തന്മൂലം ഗർഭിണിയായ അമ്മ കാൽസ്യം ചേർന്ന ഭക്ഷ്യസാധനങ്ങൾ ധാരാളം കഴിക്കേണ്ടതാകുന്നു. വെണ്ണ, പാൽ, മുട്ട ഇവയിൽ കാൽസ്യം സമൃദ്ധമായി ഉണ്ട്. ഇതുകൾ ഗർഭിണികൾക്ക് സുലഭമായിരിക്കണം.

കാൽസ്യപദാർത്ഥങ്ങൾ ശിശുവിന്നു ഉപയുക്തമാകണമെങ്കിൽ വിററമിൻ-ഡി രക്തത്തിൽ ധാരാളം സഞ്ചരിക്കണം. ഇതിലേയ്ക്കു സൂര്യരശ്മി ഒഴിച്ചുകൂടാത്തതാണ്. സൂര്യരശ്മിയുടെ നിപാതം കൊണ്ടാണ് വിററമിൻ-ഡി ഉണ്ടാകുന്നത്. ഗർഭിണികളെ അസുഖകരമാകാത്ത വണ്ണം ഇളംവെയിൽ കൊള്ളിക്കേണ്ടതും ഇക്കാരണംകൊണ്ടാകുന്നു. വിററാമിൻ-ഡിയുടെ സഹായംകൊണ്ട് അമ്മയുടെ രക്തത്തിൽ കാൽസ്യം ചേർന്നവസ്തുക്കൾ ആവശ്യാനുസാരം പ്രവഹിക്കുകയും ഗർഭത്തിലിരിയ്ക്കുന്ന കുട്ടിക്കു ഉപയോഗപ്രദമായി ഭവിയ്ക്കുയും ചെയ്യും.

പ്രസവം കഴിഞ്ഞാൽ ഒരുവയസ്സ് തികയുന്നവരെ അമ്മയുടെ പാലായിരിക്കണം ശിശുവിൻെറ മുഖ്യഭക്ഷണം. എന്നുമാത്രമല്ല, അമ്മകഴിക്കുന്ന ഭക്ഷ്യങ്ങൾ ഗർഭകാലത്തുള്ളതുപോലെ വേണ്ടിടത്തോളം കാൽസ്യം ചേർന്നതുമായിരിക്കണം. അമ്മയും കുട്ടിയും അസുഖം തോന്നാത്തതുവരെ സൂര്യരശ്മി ഏററുകൊണ്ടിരിക്കണം. ഒരുവയസ്സ് കഴിഞ്ഞാൽ കുട്ടിക്ക് മുട്ട, വെണ്ണ, പാൽ മുതലായ കാൽസ്യം കലർന്ന പദാർത്ഥങ്ങൾ നൽകേണ്ടതു് അത്യാ

വശ്യമാണ്. വിററാമിൻ കൂടുതൽ ഉണ്ടാകുന്നതിന് പത്തുപതിനഞ്ചുതുള്ളി മീനെണ്ണ സേവിപ്പിക്കയും വേണം.

ആറുമാസം കഴിയുമ്പോൾ ശിശുക്കൾക്ക് താല്ക്കാലികദന്തങ്ങൾ വന്നുതുടങ്ങുന്നു. മേൽവിവരിച്ചവിധം തള്ളയ്ക്കും കുട്ടിയ്ക്കും സംരക്ഷണം ഉണ്ടായിട്ടുണ്ടെങ്കിൽ താല്ക്കാലികമായപല്ലുകൾക്ക് ബലവും ഉറപ്പും പുഷ്ടിയും ഉണ്ടായിരിക്കുന്നതാണ്. ഏകദേശം പത്തുവയസ്സുവരെ കുട്ടികൾ ഈ പല്ലുകളാണ് ഉപയോഗിയ്ക്കുന്നതു്. ഇവയെ ഹാനികൂടാതെ നിലനിർത്തേണ്ടതു് അമ്മയുടെ ചുമതലയാണ്.

രോഗങ്ങൾ പിടിപെടാതെ നോക്കുന്നതാണ് ചികിത്സിച്ചു സുഖമാക്കുന്നതിനെക്കാൾ നല്ലതെന്നു നാം പറയാറുണ്ടെങ്കിലും, അതു പല്ലിനെ സംബന്ധിച്ചിടത്തോളമാണ് പ്രത്യേകമായി അനുഭവപ്പെടുന്നതു്.

പല്ലുകൾ നമ്മുടെ ദേഹത്തിൻെറ ഒരു ഭാഗമാണ്. ശരീരത്തിൽനിന്ന് വ്യത്യസ്തമായ ഒരു ജീവിതം അതുകൾക്കില്ല. ശരീരത്തെ ബാധിക്കുന്ന ഓരോ വ്യാധിയുടേയും ഭവിഷ്യത്തുകൾ അല്പമായിട്ടെങ്കിലും പല്ലുകൾക്കുമുണ്ടാകാതെയിരിക്കയില്ല. അതുകൊണ്ട് ശരീരസുഖം നിലനിർത്തിപ്പോരുന്നിടത്തോളംകാലം പല്ലിന്നും സുഖമുണ്ടായിരിക്കും.

രക്തസംബന്ധമായുണ്ടാകുന്ന പലരോഗബീജങ്ങളും ചോരയോട്ടത്തിൻെറ ഫലമായി ദന്തമൂലങ്ങളിൽ വ്യാപിച്ച് പല കേടുകളും പല്ലിന്നു വരുത്തുന്നുണ്ട്. ഇതിന്നു വൈദ്യസഹായം കൂടാതെ നമുക്കു സ്വയമായി പ്രതിവിധിചെയ്യുന്നതിന്ന് സാധിക്കയില്ല.

പക്ഷേ പുറമെനിന്നുള്ള പലകാരണങ്ങൾകൊണ്ടും പല്ലുകൾക്കു കേടുണ്ടാകുന്നുണ്ട്. അതുകളെ നമുക്കു തടുക്കുവാൻ സാധിക്കും. ബാഹ്യഹേതുക്കൾകൊണ്ടുണ്ടാകുന്ന കേടുകളിൽ സർവ്വപ്രധാനമായതു് പല്ലിൻെറ ഇനാമൽ (ദന്തകവിടി) അലിഞ്ഞുപോകുന്നു എന്നതാണ്. വായിലുണ്ടാകുന്ന അമ്ലവസ്തുക്കളാണ് ഇനാമലിനെ നശിപ്പിക്കുന്നതു്. ഭക്ഷ്യസാധനങ്ങളുടേയും, വിശേഷിച്ചു, പഞ്ചസാരചേർന്ന വസ്തുക്കളുടേയും അവശിഷ്ടങ്ങൾ വായിൽ കിടക്കുന്നതു ക്രമേണ അമ്ലമായി പകരുകയും ഈ അമ്ലം കവിടിയെ സ്പർശിക്കയും ചെയ്യുമ്പോൾ കാലാന്തരത്തിൽ ഇനാമൽ അലിഞ്ഞുപോകുന്നു. ഇപ്രകാരം സംഭവിച്ചാൽ കവിടിമേൽ അവിടവിടെയായി ചെറിയ ദ്വാരങ്ങളുണ്ടാകുന്നു. ഈ ദ്വാരങ്ങളിൽ രോഗബീജങ്ങൾ വന്നിരുന്ന് ദന്തത്തെ ദ്രവിപ്പിക്കുകയും ക്രമേണ ദ്വാരങ്ങൾ വലുതാകയും ചെയ്യുന്നു. ദ്വാരങ്ങളുടെ വലിപ്പം വർദ്ധിക്കുന്തോറും ഭക്ഷ്യപദാർത്ഥങ്ങൾ അതുകൾക്കുള്ളിൽ തങ്ങുന്നതിന്ന് സൗകര്യം ഉണ്ടാകയും, ഇമ്മാതിരി ആവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അതുകൊണ്ട് ഭക്ഷണം കഴിഞ്ഞാൽ ഉടനെ പല്ലുകൾ ശുചിയാക്കുന്നതിന്ന് കുട്ടികളെ ചെറുപ്പത്തിൽതന്നെ ശീലിപ്പിക്കേണ്ടതാകുന്നു.

പ്രഭാതമായാലുടനെ പല്ലുതേയ്ക്കുക എന്നു പറയുന്നതിൽ അർത്ഥമില്ല. പല്ലുതേയ്ക്കുന്നതു പല്ലിന്മേലുള്ള അഴുക്കുകളയുന്നതിന്നാണ്. തലേദിവസം അത്താഴം ഉണ്ടതിന്നുശേഷം വേണ്ടവിധം വായ് വൃത്തിയാക്കിയിട്ടുണ്ടെങ്കിൽ കാലത്തുചെയ്യുന്ന ശ്രമത്തിന്നു വലിയസ്ഥാനമില്ല. പ്രഭാതത്തിൽ വായ് കഴുകിവെടിപ്പാക്കേണ്ടതില്ലെന്നു ഇതുകൊണ്ടു അർത്ഥമാക്കരുതു്. തലേരാത്രി എത്രതന്നെ ശ്രമിച്ച് വായ് വെടിപ്പാക്കിയിരുന്നാലും എന്തെങ്കിലും

അല്പം അഴുക്ക് അവശേഷിച്ചിരിക്കാവുന്നതും ചീഞ്ഞഴിഞ്ഞു ദുർഗ്ഗന്ധത്തിന്നോ മററോ വഴിയുണ്ടാക്കാവുന്നതുമാണ്. അതു നീക്കംചെയ്യുന്നതിനുവേണ്ടി വായ് ശുചിയാക്കുന്നതു് നല്ലതുതന്നെ. പക്ഷെ ആദ്യമായി പല്ല് വൃത്തിയാക്കുന്നതു് പ്രഭാതഭോജനം കഴിഞ്ഞിട്ടാകണം. എന്നുമാത്രമല്ല എന്തു ഭക്ഷണം കഴിഞ്ഞാലും പല്ല് ശുചിയാക്കേണ്ടതാണ്.

സാധാരണ കുട്ടികളുടെ പല്ലിന്നിടയിൽ ഭക്ഷ്യാവശിഷ്ടങ്ങൾ തങ്ങിനില്ക്കാറില്ല. അതുകൊണ്ടു നല്ല ഒരു ബ്രഷ് കൊണ്ടു പല്ലുതേയ്ക്കുന്നതായാൽ വായിലുള്ള അഴുക്ക് മിക്കവാറും പോകുന്നതാണ്. അപ്രകാരം തേയ്ക്കുന്നതു പല്ലിന്മേൽ മേൽപ്പോട്ടും കീഴ്പ്പോട്ടും ആയിരുന്നാൽ വളരെ നന്നായിരിക്കും. പല്ലിന്മേലുള്ള ഇനാമൽ മേല്പോട്ടുനിന്നു കീഴ്പ്പോട്ടു മിനുമിനുത്തിരിക്കുന്ന വരകളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് മേൽപ്പറഞ്ഞവിധം ചെയ്യേണ്ടിയിരിക്കുന്നതു്.

പല്ലുതേയ്ക്കുന്നതിന്നു ഏററവും നല്ലതു ഉപ്പാകുന്നു. ഉപ്പുകലക്കിയ വെള്ളത്തിൽ ബ്രഷ് മുക്കി തേയ്ക്കുന്നതായാൽ വായ് സാമാന്യം വൃത്തിയാകുന്നതാണ്. പല്ലുവെളുക്കുന്നതിനും വായ് വൃത്തിയാകുന്നതിനും കൈകണ്ട ഔഷധങ്ങളെന്ന് വർത്തമാനപത്രങ്ങളിൽ പരസ്യംചെയ്തുകാണുന്ന മിക്കസാധനങ്ങളും ഉപയോഗത്തെക്കാളധികം ഉപദ്രവമാണ് ചെയ്യുക. കൂടാതെ ഒരാളുടെ ചെലവാക്കുന്നപണം കൊണ്ടു ഒരു കൊല്ലത്തേയ്ക്കുള്ള പല്ലുതേപ്പു കഴിക്കാം. പല്ലുതേയ്ക്കുന്നതിൽ അതു വെളുക്കുന്നതാണ് പ്രധാനകാര്യം എന്നുകരുതി അതിലേയ്ക്കു ചെയ്യുന്ന ശ്രമം. കവിടിതേച്ചു കളയുക എന്നുള്ള ദോഷമാണ് വരുത്തിക്കൂട്ടുന്നതു്. കവിടിയ്ക്കു അല്പംപോലും കേടുപററിയാൽ അധികകാലതാമസം കൂടാതെ ആ പല്ല് നശിക്കുന്നതാണ്. ഈ കാരണംകൊണ്ടു ഉമിക്കരിയുടെ ഉപയോഗം ഉപേക്ഷിക്കയായിരിക്കും നല്ലതു്.

കുറെ പ്രായംചെന്നവരുടെ പല്ലുകൾക്കിടയിൽ ധാരാളം ഭക്ഷ്യാവശിഷ്ടങ്ങൾ തങ്ങിനില്ക്കുന്നതാണ്. അവയെല്ലാം നിശ്ശേഷം നീക്കംചെയ്തിട്ടുവേണം പല്ലുതേയ്ക്കുവാൻ. രാത്രി പന്ത്രണ്ടു് മണിക്കൂർ നേരം ഭോജനവസ്തുക്കൾ വായിൽക്കിടന്നഴിഞ്ഞു അളുമുണ്ടാകുന്നതിനും രോഗബീജങ്ങൾ പല്ലിനെ അക്രമിക്കുന്നതിനും ഇടയാകുന്നതുകൊണ്ടു രാത്രി പല്ല് ശുചിയാക്കുന്നതു പ്രത്യേകം ശ്രദ്ധയോടുകൂടി വേണ്ടതാണ്.

പല്ല് മുളക്കുമ്പോൾതന്നെ ഉറപ്പും ബലവും പുഷ്ടിയും ഉണ്ടാകണമെങ്കിൽ കാൽസ്യം ചേൎന്ന ഭക്ഷ്യങ്ങൾ അത്യാവശ്യമാണെന്ന് മുൻ പ്രസ്താവിച്ചതുപോലെ, കേടുവരാതെ അതുകൾ നിലനിന്നുപോരുന്നതിന്നും കാൽസ്യം അത്യാവശ്യമാണ്. അതുകൊണ്ടു കാൽസ്യം ചേൎന്ന വെണ്ണ, പാൽ മുട്ട, മത്സ്യം, എല്ല് മുതലായ പദാൎത്ഥങ്ങൾ ഭുജിക്കുന്നതു് നന്നായിരിക്കും.

അടഞ്ഞിരിക്കുന്ന വായിൽ പല്ലിനു ചുററും എപ്പോഴും ഉമിനീർ ഉണ്ടായിരിക്കുന്നതാണ്. ഉമിനീരിൽ പല്ല് മുഴുകിയിരിക്കുന്നകാലത്തോളം രോഗബീജങ്ങൾക്കു പല്ലിനോട് മല്ലിട്ടു ജയിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ടു ഉമിനീർ കൂടക്കൂടെ തുപ്പി വൃഥാ വ്യയംചെയ്യരുതു; മാത്രമല്ല, തുപ്പുന്നതു് സമുദായദൃഷ്ടിയിൽ അനുചിതവുമാണല്ലോ.

പല്ലിൻെറ പ്രധാനധൎമ്മം എന്താണെന്നു ഇതുവരെ വിവരിക്കാഞ്ഞതു് പ്രത്യേകമായ ഒരു ഉദ്ദേശത്തോടുകൂടിയാണ്.

നാം കഴിക്കുന്ന ഭക്ഷ്യങ്ങൾ അങ്ങനെതന്നെ ആമാശയത്തിലേയ്ക്കു പ്രവേശിക്കുന്നതായാൽ അതുകളെ വേണ്ടവിധം ദഹിപ്പിക്കുന്നതിന്നുള്ള ശക്തി ആമാശയത്തിനില്ല. അദ്ധ്ദഹനം പോലും ലഭിക്കാത്ത ഭക്ഷ്യങ്ങൾ പക്വാശയത്തിലേയ്ക്കു കടക്കുന്നതായാൽ അതു ക്ഷീണിക്കുന്നതാണ്. സകല സാധനങ്ങളും ഉമിനീർ ചേത്തു അരച്ചു കുഴമ്പാക്കി ദഹനേന്ദ്രിയങ്ങളിലേയ്ക്കു വിടുകയാണ് പല്ലിൻെറ മുഖ്യപ്രവൃത്തി. ഇതുകൊണ്ടാണ് പല്ലു മുന്നണിയിൽ നില്ക്കുന്ന വീരഭടന്മാരാണെന്നു മുമ്പ് പറഞ്ഞിട്ടുള്ളതു്. ധാരാളം സമയം ദന്തങ്ങളുടെ പ്രവത്തനത്തിന് ഭക്ഷ്യപദാത്ഥങ്ങളെ വിട്ടുകൊടുക്കുന്നതായാൽ ദഹനം മിക്കവാറും വായിൽവച്ച് കഴിയുന്നതാണ് അതുകണ്ടു, ദഹനേന്ദ്രിയങ്ങളുടെ ശ്രമത്തിനും കുറവ് വരുന്നതാണ്.

തമ്മിൽ തമ്മിൽ ഉരഞ്ഞുകൊണ്ടിരിക്കുന്ന പല്ലുകളിന്മേലിരുന്നു അതുകളെ നശിപ്പിക്കുന്നതിന്നു രോഗബീജങ്ങൾക്കു അത്ര എളുപ്പമല്ല. പല്ലുകൾ പെരുമാറിക്കൊണ്ടിരിക്കുമ്പോൾ ബീജങ്ങൾ പെരുകുന്നതിന്നും മാറ്റം കുറവാണ്. തന്മൂലം ഭക്ഷ്യസാധനങ്ങൾ ധാരാളം ചവയ്ക്കുന്നതുകൊണ്ടു ദഹനേന്ദ്രിയങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്നു മാത്രമല്ല, പല്ലുകൾക്കു കൂടി രോഗബാധ വരാതേയും കഴിയുന്നു.

ആരാൻെറ പല്ലിനേക്കാൾ അവനവൻെറ തൊണ്ണാണ് നല്ലതെന്നു പറയാറുള്ളതു് അക്ഷരംപ്രതി അത്ഥവത്താണ്. പോയ മുപ്പത്തിരണ്ടു പല്ലുകൾക്കു പകരം കൃത്രിമപ്പല്ലുകൾ വച്ചാൽ പ്രകൃതി തന്ന പല്ലുകളുടെ നാലിലൊന്നു ശക്തിയും ഫലവും മാത്രമേ ഉണ്ടാകുകയുള്ളു. തന്നെയുമല്ല, ഒരുപല്ലു പോയാൽ കൂടെക്കടിക്കുന്നപല്ലുംകൂടി പോയഫലമാണ്. അതുകൊണ്ടു പല്ല് കേടുവരാതെ സൂക്ഷിക്കേണ്ടതു് വളരെ അത്യാവശ്യമാകുന്നു. പ്രകൃതിദത്തമായ പല്ലുകൾ നശിക്കാതെ സംരക്ഷിച്ചാൽ ഉദരവ്യാധികളിൽ നിന്നും ഒഴിഞ്ഞിരിക്കാവുന്നതുമാണ്.

---

# രവീന്ദ്രനാഥ ടാഗ്ഗൂർ

(വക്കം എം. അബ്ദുൽ ഖാദർ)

ടാഗ്ഗൂർ മരിച്ചു. ആ മഹനീയസൗന്ദര്യത്തിൻെറ മഞ്ജുളമായ ദൃശ്യാകാരം മാഞ്ഞുകഴിഞ്ഞു. ആ നിത്യാനന്ദത്തിൻെറ മധുരസംഗീതനിനദം നിലച്ചുപോയി. എന്തൊരു പ്രക്ഷുബ്ധമായ പ്രശാന്തത! വിങ്ങിവിങ്ങിക്കരയുന്ന നിറഞ്ഞ നിശ്ശബ്ദത!!

വികാരത്തിൻെറ തപ്തവീഥിയിലൂടെ ഞാൻ എൻെറ ഭൂതകാലത്തിലേക്കു വിരണ്ടോടി. പത്തുപന്ത്രണ്ടു കൊല്ലം മുൻപാണ്; അവ്യക്തമായ ഇളംവികാരങ്ങളേയും അനിശ്ചിതമായ ചില അഭിനിവേശങ്ങളേയും മാത്രം ആവഹിച്ചുകൊണ്ട് ഞാൻ ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലം. തിരുവിതാംകൂർ സന്ദർശിച്ച അവസരത്തിൽ വക്കലയിലിറങ്ങി 'ശിവഗിരി' ദർശിച്ച ടാഗ്ഗൂറിനെ അവിടെവച്ചാണ് ഞാൻ ആദ്യമായി നേരിട്ടു കാണുന്നതു്.

വിശ്വമെങ്ങും വികസിച്ചു നില്ക്കുന്ന ആ വിമോഹനതയെ ശാന്തസുന്ദരമായ 'ശാരദാമഠ'ത്തിലെ മാവിൻചുവട്ടിൽ ഞാൻ അന്നു കണ്ടു. യഥാർത്ഥമായ ഒരു കവിതയരുളുന്ന അനുഭൂതിയാണ് അന്നേരം ഞാൻ അനുഭവിച്ചതു്. നിശിതനിഗൂഢമായ ഒരു ആനന്ദനിർവൃതി! കാണുന്നതിനേക്കാൾ, അറിയുന്നതിനേക്കാൾ, അദ്ദേഹത്തെ ഞാൻ കേൾക്കുകയാണ് ചെയ്തതു്. സ്വരങ്ങളുടെ അർത്ഥത്തെയും ആഴത്തെയും അറിഞ്ഞിട്ടല്ല, പഠിച്ചിട്ടല്ല, അവയുടെ സംഗീതമാധുരിയെ അനുഭവിക്കുന്നവനായിട്ടാണ് ഞാൻ അദ്ദേഹത്തെ ദർശിച്ചതു്. കേൾക്കപ്പെടുന്ന ഒരു സൗന്ദര്യം! കാണപ്പെടുന്ന ഒരു വികാരാനുഭൂതി! ഇരമ്പിമറിയുന്ന ജനപ്രളയത്തിൽപെട്ട്, വളരെ അടുത്തുനിന്ന് ടാഗ്രറിനെ ഞാൻ നോക്കിക്കണ്ടു. ഗഹനമായ നിശ്ശബ്ദതയിൽ വികാരജനകമായ നിലാവിൽ കുളിക്കുന്ന വിദൂരസ്ഥമായ ഒരു മങ്ങിയ പ്രകൃതിവിലാസത്തെ നോക്കിക്കാണുമ്പോഴുണ്ടാകുന്ന മനോവ്യാപാരമാണ് ഞാൻ അനുഭവിച്ചതു്. മിന്നിത്തിളങ്ങുന്ന ഒരു ഉന്നതരൂപം; തന്റെ ആന്തരചൈതന്യത്തെ അനുരഞ്ജിപ്പിക്കുന്ന ആകർഷകമായ വേഷവിധാനത; മാറിടം പൊതിയുമാറു നീണ്ടുവളർന്ന വെള്ളിത്താടിമീശ; ഉയർന്നു വളഞ്ഞ നാസിക; സ്ഫടികഗോളങ്ങൾപോലെ സ്ഫുരൽപ്രഭങ്ങളായ വിരിഞ്ഞ വിലോചനങ്ങൾ; പാദങ്ങൾവരെ ഒഴുകിക്കിടക്കുന്ന മഞ്ഞനീരാളനിർമ്മിതമായ നെടുംചട്ട; കലാലോകത്തെ ആത്മവിസ്മൃതിയുടെ ആനന്ദത്തിലാഴ്ത്തുന്ന ദിവ്യസംഗീതത്തിന്റെ ആ കനകചിത്രം, ചിതറാതെ, മായാതെ, ഇന്നും എന്റെ ഓർമ്മയിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു.

സാധാരണലോകത്തിന്റെ അനുഭവത്തിൽനിന്നും ആസ്വാദനത്തിൽനിന്നും അകലെയകലെ കിടക്കുന്ന അർത്ഥനിഗൂഢമായ ഒരു വിശ്വസൗന്ദര്യം! അഭിനവഭാരതത്തിന്റെ ആത്മീയതയെ കലയുടെ കാഹളത്തിൽക്കൂടി ലോകഹൃദയത്തിൽ ഊതിക്കൊണ്ടിരിക്കുന്ന ഒരു ഉജ്ജ്വലജ്യോതിസ്സ്! പ്രാക്തന ഭാരതത്തിന്റെ പ്രഭാപൂരിതമായ ഒരു അധുനാതന പ്രഭാവം! പൗരസ്ത്യചിന്താ പ്രസ്ഥാനത്തിന്റെ ഒരു സുന്ദര പ്രതിഫലനം!

അനേകം വ്യക്തികളുടെ സമഞ്ജസമായ ഒരു സമാഹാരമാണ് ടാഗ്രർ. വിവിധശക്തികളുടെ വിചിത്രമായ ഒരു സൗഷ്ഠവസംയോഗം. വിജ്ഞാനത്തിന്റെയും കലകളുടെയും എല്ലാ ശാഖകളിലും പടർന്നു പരന്നു കിടക്കുന്ന ഒരു അപൂർവ്വശക്തിവിശേഷം. പ്രകൃതിയുടെ പരിമിതിയില്ലാത്ത പാഠശാലയിൽനിന്ന് പൊന്തിയ ഒരു കാന്തിപുഞ്ജം. സൗന്ദര്യാവബോധസംസൃഷ്ടമായ ഒരു ലോകസമ്പത്തു്!

കവി, കഥാകൃത്തു്, നാടകകർത്താവ്, ഉപന്യാസകാരൻ, ആത്മീയഗുരു, ചിത്രകാരൻ, സംഗീതജ്ഞൻ, ദേശാഭിമാനി, ഇവരെല്ലാം ഒന്നുചേർന്ന ഒരാളാണ് ടാഗ്രർ എങ്കിലും അദ്ദേഹം സർവ്വോപരി ഒരു കവിയാണ്. ടാഗ്രറിൽ കുടികൊള്ളുന്ന കവി അദ്ദേഹത്തിൽ സംക്രമിച്ചിരിക്കുന്ന മറ്റെല്ലാ വ്യക്തികളെയും കവിഞ്ഞു നില്ക്കുന്നു. തന്റെ സൗന്ദര്യബോധത്തിന്റെയും വികാരത്തിന്റെയും മുൻപിൽ അദ്ദേഹത്തിന്റെ മററ് എല്ലാ അംശങ്ങളും മങ്ങിപ്പോവുന്നു. അതിനാൽ ഒരു കവിയെന്ന നിലയിൽമാത്രം അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെ നമുക്കു ദർശിക്കാൻ ശ്രമിക്കാം.

ടാഗ്രർ തത്ത്വചിന്തകനായ ഒരു കവിയാണെന്നു പറയാൻ പാടില്ല. യുക്തി

യേയും ബുദ്ധിയേയും സമീപിച്ച് അവയെ പ്രക്ഷുബ്ധമാക്കുന്ന സ്വഭാവം ടാഗ്ഗൂറിനില്ല. പ്രജ്ഞയെ സ്പർശിക്കാനുള്ള വികാരത്തിൻെറ വിളികളെ തത്ത്വവിജ്ഞാനീയം ശ്രദ്ധിക്കാറില്ല. സത്യസൗന്ദര്യാനുഭവങ്ങളാൽ സംജാതമാകുന്ന നിശിതവികാരങ്ങൾ, നിഗ്ഗൂഢാനുഭൂതികൾ, സമുന്നതമായ സംപൂതവിഭാവനകൾ, ഇവയാണ് ടാഗ്ഗൂറിനെ അടക്കിഭരിക്കുന്നത്.

സ്നേഹസൗന്ദര്യദർശനത്താൽ ആവേശംകൊണ്ട് വികാരം വീർക്കുന്ന ഒരു ഹൃദയം, സത്യസംയോഗത്താലുള്ള പരമാനന്ദഭസ്സോഭംകൊണ്ട് പരവശമാകുന്ന ഒരു ഹൃദയം, പ്രകൃതിയുടെ പ്രണയലോലുപമായ പരിലാളനത്താൽ പ്രക്ഷുബ്ധമായ ഒരു ഹൃദയം, അതാണ് ടാഗ്ഗൂർ കവിതയിൽ സ്വർണ്ണപ്രകാശംപോലെ വെട്ടിത്തിളങ്ങുന്നത്. സ്വതന്ത്രമായ ഒരു വീക്ഷണഗതികൊണ്ടു ഒരു പ്രത്യേകതത്ത്വത്തെയോ സന്ദേശത്തെയോ അദ്ദേഹം പ്രബോധനം ചെയ്യുന്നില്ല. ഗെറെറ, ഡാൻെറ, നിഷേ, ഇഖ് ബാൽ മുതലായ തത്ത്വജ്ഞാനകവികളെപ്പോലെ നമ്മുടെ ബുദ്ധിശക്തിയിൽ തുളച്ചുകയറി, അതിനെ ഇളക്കിമറിച്ച്, നമ്മെ ചിന്തയുടെ ഗഹനതയിലേക്കു വലിച്ചുകൊണ്ടു പോകുന്നയാളല്ല ടാഗ്ഗൂർ. ലോകത്തിലെ എണ്ണപ്പെട്ടന്ന ഏഴു തത്ത്വജ്ഞാനകവികളിൽ പെട്ട ഡാൻെറിയേയും ഗെറേറയേയും ടാഗ്ഗൂറിനു രസിച്ചിട്ടില്ല. അവരോടു അദ്ദേഹത്തിനു പൂർണ്ണമായ മാനസികാനുരഞ്ജനയില്ല. പറയത്തക്കവണ്ണം ടാഗ്ഗൂർ അവരെയും അവരെപ്പോലുള്ള മററു പല മഹാരഥന്മാരെയും മനസ്സിലാക്കിയിട്ടുമില്ല. ഈ വസ്തുത അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്.

യോഗശാസ്ത്രപരമായ പുരാതന ഭാരതീയചിന്തകളും ഉപനിഷത്തുകളിലെ ഈടാർന്ന ശ്രദ്ധാത്ഥദ്യോതകമായ വിചിന്തനങ്ങളുമാണ് ടാഗ്ഗൂർകവിതയെ പ്രസരിപ്പിക്കുന്ന ആത്മീയസൗന്ദര്യം. കവിതവഴി അദ്ദേഹം നടത്തിയിട്ടുള്ള ഉദ്യമങ്ങളുടെ അത്ഥം കലാമാർഗ്ഗേണയുള്ള ഈശ്വരസാക്ഷാത് ക്കാരമാകുന്നു. കലാസൗന്ദര്യത്തിൻെറ അടിസ്ഥാനത്തു നിന്നുകൊണ്ട് അദ്വൈതസിദ്ധാന്തത്തെ മിസ്റ്റിസിസത്തിലൂടെ പ്രചരിപ്പിക്കുന്ന മിസ്റ്റിക്കവിയാണ് ടാഗ്ഗൂർ. അറിവിൽക്കൂടിയല്ല, ആത്മാവിൻെറ നിഗ്ഗൂഢദർശനത്തിൽക്കൂടിയാണ് അദ്ദേഹം സൗന്ദര്യത്തെ അനുഭവിക്കുന്നത്. ആ സൗന്ദര്യമാണ് ടാഗ്ഗൂർ കവിതകളുടെ ആന്തരചൈതന്യം. ഒരു കവിയെന്ന നിലയിൽ, ഒരു കലാകാരനെന്ന നിലയിൽ, ടാഗ്ഗൂറിൻെറ സൗന്ദര്യബോധത്തിൻെറ ആഴത്തെ അളക്കുക വിഷമമാണ്. പുറമെ നില്ക്കുന്നവക്ക് ടാഗ്ഗൂർ കവിത അദ്ദേഹത്തിൻെറ സൗന്ദര്യതരളിതമായ ഹൃദയത്തിൻെറ നിഗ്ഗൂഢവികാരങ്ങളിൽ തട്ടി മുഴങ്ങുന്ന ഒരു നിസർഗ്ഗസംഗീതദ്ധ്വനി മാത്രമാകുന്നു. അദ്ദേഹത്തിൻെറ സൗന്ദര്യബോധം വഴിയുന്ന പദങ്ങളുടെ മണിശിഞ്ജിതം മാത്രം കേട്ടു ആസ്വദിക്കുവാനേ അവക്കു കഴിയുന്നുള്ളു. എങ്കിലും ആനന്ദാനുഭൂതി അരുളുന്ന യഥാത്ഥകവിതയുടെ അത്ഭുതശക്തി അവരിൽ ആഞ്ഞടിക്കാതിരിക്കയില്ല. അത്ഥം അറിയുന്നതിനുമുൻപുതന്നെ ആനന്ദിപ്പിക്കാൻ കഴിവുള്ള കവിതയാണ് യഥാത്ഥകവിത എന്നു ഒരു കാവ്യമമ്മജ്ഞൻെറ അഭിപ്രായം ഇവിടെ അനുസ്മരണീയമാണ്.

ഒരു മിസ്റ്റിക് കലാകാരൻ എന്ന നിലയിൽ, ടാഗ്ഗൂർ ബ്ളേക്, റൂമി, അത്താർ എന്നീ ലോകവിഖ്യാതന്മാരായ മിസ്റ്റിക് കവികളെ അതിക്രമിച്ചു നില്ക്കുന്നു. ജീവിതയാഥാത്ഥ്യങ്ങളിൽനിന്നു അകന്നുനില്ക്കു

ന്ന ഭാവനോപജീവിയായ ഒരു പാട്ടുകാരനല്ലായിരുന്നു ടാഗ്ഗൂർ. ജീവിതത്തേയും പ്രപഞ്ചത്തെയും ഉള്ളിലൊതുക്കിയ ഒരു വിശാലതയാണദ്ദേഹം. കവിതകളിൽ അദ്ദേഹത്തിൻെറ വ്യക്തിത്വത്തെ നമ്മൾ വ്യക്തമായി ദശിക്കുവാൻ വിഷമിച്ചേക്കും. എന്നാൽ കഥകളിലെ ജീവിതചിത്രങ്ങളിൽ അദ്ദേഹത്തെ നാം അനായാസേന അവലോകനം ചെയ്യുന്നു. പ്രകൃതിയുടെ ബാഹ്യചിത്രങ്ങളെ മാത്രം ടാഗ്ഗൂർ കവിതകളിൽ കാണുന്നവർ അദ്ദേഹത്തിൻെറ അഗാധമായ വ്യഞ്ജനങ്ങളെയും പൊരുളുകളെയും അറിഞ്ഞിട്ടുള്ളവരല്ല. തൻെറ അക്ഷമമായ ആത്മീയാഭിനിവേശങ്ങളേയും സമുന്നതമായ ലക്ഷ്യത്തേയും കണ്ടുപിടിക്കുവാൻ ആശിക്കുന്നവർ, ടാഗ്ഗൂറിൻെറ കവിതകളിൽ സൗന്ദര്യം ചൂടിനില്ക്കുന്ന മധുമലരുകളേയും തരുനികരങ്ങളേയും ഗിരിതടങ്ങളേയും മേഘപങ്ക്തികളേയും അരുവികളേയും കടന്നങ്ങുപോകണം. ലോകത്തിലെ സമുന്നതവ്യക്തികളെ നിരൂപിക്കുന്ന കൂട്ടത്തിൽ ഒരു അമേരിക്കൻ വിമശ്കൻ "ദുർഗ്രഹനായ ടാഗ്ഗൂർ" എന്നാണു അദ്ദേഹത്തെ സംബന്ധിച്ചു ചിക്കാഗോ റെവ്യൂവിൽ എഴുതിയിരുന്നതു്. പാശ്ചാത്യനിരൂപകന്മാരിൽ പലർക്കും പൗരസ്ത്യരുടെ ആത്മീയചിന്താപ്രസ്ഥാനം രുചിക്കുകയില്ല. എന്നാൽ ടാഗ്ഗൂറിനെ മറനീക്കിക്കാണുവാൻ സാധിക്കാത്ത മട്ടിലുള്ള അദ്ദേഹത്തിൻെറ ചില കവിത വായിക്കുമ്പോൾ പ്രസ്തുത നിരൂപകൻെറ അഭിപ്രായത്തെ ഓമ്മിച്ചുപോകുന്നതു് ആരുടെ കുററമാണു്?

---

## അന്ത്യം

അമ്മേ, എനിക്കു പോകാൻ സമയമായി; ഞാൻ പോകുകയാണു്. ഏകാന്തമായ പുലർകാലത്തിൻെറ മാഞ്ഞുപോകുന്ന ഇരുട്ടിൽ, മെത്തയിൽ കിടന്നുറങ്ങുന്ന ഉണ്ണിയെ തപ്പിനോക്കുവാൻ അമ്മ കൈ നീട്ടുമ്പോൾ, ഞാൻ പറയും, ഉണ്ണി അവിടെ ഇല്ലെന്നു്. അമ്മേ, ഞാൻ പോകുന്നു.

ഞാൻ മന്ദമാരുതനായി അമ്മയെ തലോടും; അമ്മ കുളിയ്ക്കുന്ന വെള്ളത്തിലെ ചെറുതിരയായി ഞാൻ വീണ്ടും വീണ്ടും ഉമ്മവയ്ക്കും.

കൊട്ടുകോററടിയ്ക്കുന്ന രാവിൽ, മഴത്തുള്ളികൾ ഇലകളിൽ തട്ടി വീഴുമ്പോൾ, അമ്മയുടെ കിടക്കയിൽ എൻെറ മമ്മരസ്വരം കേൾക്കും; അമ്മയുടെ കിടപ്പറയിലെ തുറന്ന ജാലകത്തിലൂടെ വിശുന്ന ഇടിവാളിൽ എൻെറ ചിരി വിളങ്ങിക്കാണും.

ഉണ്ണിയെ വിചാരിച്ചു് വിചാരിച്ചു് ഉറക്കം വരാതെ അമ്മ രാവേറെച്ചെല്ലുന്നവരെ കിടക്കയാണെങ്കിൽ, ഞാൻ താരകങ്ങളിൽനിന്നു പാടും, "ഉറങ്ങമ്മ, ഉറങ്ങൂ" എന്നു്.

(ടാഗ്ഗൂറിൻെറ
'The Crescent Moon'
എന്ന കൃതിയിൽനിന്നു്)

# സാഹിത്യലോകത്തിലേ അപസർപ്പകന്മാർ

(എം. പി. പോൾ, എം. എ.)

ഒരുവിധം നോക്കിയാൽ, അപസർപ്പണം—ഗുപ്തമായ ഒരു സംഗതിയുടെ ഉള്ളിൽ പാമ്പിനെപ്പോലെ വളഞ്ഞിഴഞ്ഞു കയറുക എന്ന മനോവ്യാപാരം—സാഹിത്യവിഷയമായിത്തുടങ്ങിയിട്ട് അനേകം ശതാബ്ദങ്ങളായെന്നുകാണാം. ചാണക്യനാണ് സാഹിത്യലോകത്തിലെ ഒന്നാമത്തെ ഡിററക്ടീവ് (അപസർപ്പകൻ). അദ്ദേഹത്തിന്റെ പ്രതിയോഗിയായ രാക്ഷസനും ഒന്നാന്തരം അപസർപ്പകനാണ്. ഷേക്സ്പിയറിന്റെ ഹാംലററ് പിതൃവ്യനായ ക്ലോഡിയസ്സിന്റെ മനസ്സാക്ഷി പരീക്ഷിയ്ക്കുന്ന തന്ത്രം ഏതാണ്ടൊരു അപസർപ്പണകഥയാണ്. ക്ലോഡിയസ്സാണ് ഹാംലററിന്റെ പിതാവിനെ വധിച്ചതെന്ന് പിതാവിന്റെ പ്രേതം ഹാംലററിനെ ഉദ്ബോധിപ്പിച്ചിട്ടുണ്ടെങ്കിലും സംശയനിവാരണത്തിന്നായി രാജകുമാരൻ ഒരു പരീക്ഷണത്തിനൊരുങ്ങുന്നു. ക്ലോഡിയസ്സ് ഹാംലററിന്റെ പിതാവിന്റെ കാതിൽ വിഷം പകരുന്ന ഒരു കഥ ഘാതകന്റെ മുമ്പിൽ വച്ച് അഭിനയിയ്ക്കുവാൻ ഹാംലററ് ചില നടന്മാരെ ഏർപ്പെടുത്തുന്നു. താൻ ചെയ്ത കൊലപാതകം പ്രത്യക്ഷമായി അരങ്ങത്ത് ദ്രഷ്ടവ്യമായപ്പോൾ ക്ലോഡിയസ്സ് വിവർണ്ണവദനനായി പെട്ടെന്ന് എഴുന്നേററ് നാടകശാല വിട്ടുപോകുന്നു. ഇങ്ങനെയാണ് ക്ലോഡിയസ്സിന്റെ പൂർവ്വാപരാധം ഹാംലററ് നിസ്സന്ദേഹം കണ്ടുപിടിയ്ക്കുന്നത്. ഇങ്ങനെതന്നെയാണ് മനശ്ശാസ്ത്രപ്രധാനമായ ഇന്നത്തെ ചില ഡിററക്ടീവ് കഥകളിൽ അപസർപ്പകൻ ഒളിഞ്ഞുകിടക്കുന്ന പാതകങ്ങൾ കണ്ടുപിടിയ്ക്കുന്നത്.

അപസർപ്പണം സാഹിത്യവിഷയമായിത്തുടങ്ങിയിട്ട് പല നൂററാണ്ടുകളായിട്ടുണ്ടെങ്കിലും, അപസർപ്പണകഥ എന്ന സാഹിത്യവിഭാഗം ഒരു നൂതനപ്രസ്ഥാനമാണെന്ന് പറയേണ്ടിയിരിയ്ക്കുന്നു. അപസർപ്പണകഥയുടെ ആവിർഭാവവും പോലീസ്സ് ഡിപ്പാർട്ടുമെന്റിന്റെ പരിഷ്കാരവും ഏതാണ്ട് ഒരേ കാലത്താണ് സംഭവിച്ചത്. കൊല, മോഷണം, മുതലായ പാതകങ്ങളുടെ ഊടെടുക്കുന്നതിൽ ബുദ്ധി പ്രയോഗിക്കുവാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. പണ്ട് നിയമവിരുദ്ധമായ ഒരു ദുഷ്കർമ്മം നടന്നാൽ, നിയമപാലകന്മാർ ചിലരെ സംശയിയ്ക്കുകയും അവരെക്കൊണ്ട് ദണ്ഡപ്രയോഗത്താൽ (ഉള്ളതോ ഇല്ലാത്തതോ ആയ) കുററം സമ്മതിപ്പിയ്ക്കുകയുമായിരുന്നു പതിവ്. (അഭിജ്ഞാനശാകുന്തളത്തിലേ മുക്കുവന്റെ കഥ ദൃഷ്ടാന്തമാണ്.) ദണ്ഡനീതി പരിഷ്കരിക്കപ്പെട്ടതോടെ കുററം തെളിയിയ്ക്കുവാൻ മുഷ്ടിബലത്തിനു പകരം ബുദ്ധിബലം പ്രയോഗിയ്ക്കേണ്ടിവന്നു. പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യത്തോടെയാണ് പാശ്ചാത്യരാജ്യങ്ങളിൽ ഈ പരിവർത്തനം നടപ്പിൽവന്നത്. ഏറക്കുറെ അക്കാലത്തുതന്നെയാണ് ഡിറെറക്ടീവ് കഥയുടേയും ആവിർഭാവം.

ആംഗലഭാഷാലോകത്തിൽ ഡിറെറക്ടീവ് കഥയുടെ ജനയിതാവ് എഡ്ഗർ അല്ലൻ പോ എന്ന അമേരിയ്ക്കൻ ഗ്രന്ഥ

കാരനാണ്. അനന്തരകാലത്തുണ്ടായിട്ടുള്ള അപസർപ്പകന്മാരിൽ കാണുന്ന പല ലക്ഷണങ്ങളും 'പോ' യുടെ ഡ്യൂപ്പിൻ എന്ന സങ്കല്പസൃഷ്ടിയിൽ കാണുന്നുണ്ട്. ഷെർലൊക്ക് ഹോംസ്, ഫാദർബ്രൗൺ, തോൺഡൈക്ക്, കണ്ണൽ ഗത്രി, ഹെർക്യൂൾ പ്വവാറൊ, മുതലായ അപസർപ്പകന്മാർക്ക് ഡ്യൂപ്പിനോടുള്ള കടപ്പാട് ഒററ നോട്ടത്തിൽ സ്പഷ്ടമാണ്. ഡ്യൂപ്പിൻെറ അനന്തരഗാമികളായി സാഹിത്യലോകത്തിൽ ഉണ്ടായിട്ടുള്ള അപസർപ്പകന്മാർ കുറച്ചൊന്നുമല്ല. അപസർപ്പണകഥകളുടേയും അപസർപ്പകരീതികളുടേയും വൈജാത്യവിശേഷങ്ങൾ നാൾക്കുനാൾ പെരുകിക്കൊണ്ടേ ഇരിയ്ക്കുന്നു.

ഇത്തരം കഥകൾ മിക്കതും ആരംഭിയ്ക്കുന്നതു് ഒരു അത്യാഹിതവിവരണംകൊണ്ടാണ്. ഒരാൾ സ്വവസതിയിൽ വെടിയേററു മരിച്ചുകിടക്കുന്നു. വാതിലുകളും ജനാലുകളും ഭദ്രമായി ബന്ധിച്ചിരിയ്ക്കുന്നു. ആത്മഹത്യയാണ് സംഭവിച്ചതെന്ന് കാണികളോടൊപ്പം പോലീസ്സുകാരും തീർച്ചപ്പെടുത്തുന്നു. അപ്പോഴാണ് അപസർപ്പകൻെറ പുറപ്പാട്. വീട്ടിനുപുറത്തു് തോട്ടത്തിൽ കാണുന്ന കാലടിപ്പാടുകൾ, ഒരു സിഗരററുകുററി, വാതിൽപഴുതിലിരിയ്ക്കുന്ന ഒരു കഷണം നൂല്, തോക്കും മൃതശരീരവും തമ്മിലുള്ള അകലം, മുതലായ തെളിവുകളെ ആശ്രയിച്ച് അതു ആത്മഹത്യയല്ലെന്നും മറിച്ച് കൊലപാതകമാണെന്നും ഘാതകൻ ഇന്നാരാണെന്നും അയാൾ കണ്ടുപിടിയ്ക്കുന്നു. അയാൾ പിന്തുടരുന്ന അനുമാനശൃംഖലയാണ് ഇത്തരം കഥകളുടെ രസത്തിനു നിദാനം. മററുള്ളവർ നിസ്സാരമെന്നു തള്ളുന്നതു് അയാളുടെ ദൃഷ്ടിയിൽ ഗുരുതരമായും മററുള്ളവർ പ്രത്യക്ഷസിദ്ധമെന്നു കരുതുന്നതു് അയാൾക്കു് സംശയാസ്പദമായും ഭവിയ്ക്കുന്നു. ഇങ്ങനെയാണ് അപസർപ്പണകഥകളുടെ പോക്ക്.

പോലീസ്സുകാരോടും അവരുടെ അന്വേഷണരീതിയോടും ഡ്യൂപ്പിൻ തൊട്ടുള്ള അപസർപ്പകന്മാർക്ക് വലിയ അവജ്ഞയുള്ളതായി കാണാം. പോലീസ്സിൻസ്പെക്ടറുടേയോ സൂപ്രണ്ടിൻെറയോ വിഡ്ഢിത്വം അപസർപ്പകൻെറ ബുദ്ധിചാതുരിക്ക് താരതമ്യേന മാററുകൂട്ടുന്നു. എന്നാൽ ഇന്നിടെ പോലീസ്സുഡിപ്പാർട്ടുമെൻടിൽ നിന്നും കഥാനായകന്മാരെ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഫ്രെൻഞ്ച്, മക്ലീൻ, റെയിററർ, സിൽവർ, സ്ലെയിഡ്, മുതലായ അപസർപ്പകന്മാർ പോലീസ്സിൻസ്പെക്ടർമാരാണ്. ധനതത്വജ്ഞനായ കോളും (G D. H..Cole) ഭാര്യയും (M. Cole) കൂടി എഴുതിയിട്ടുള്ള അപസർപ്പണകഥകളുടെ നായകൻ വിൽസൺ എന്ന പേരായ ഒരു പോലീസ് സൂപ്രണ്ടാണ്. എന്നിരുന്നാലും, പോലീസ് ഡിപ്പാർട്ട്മെൻടിനെ കളിയാക്കുന്ന പതിവ് കഥാകാരന്മാർ ഇനിയും വിട്ടിട്ടില്ല.

അപസർപ്പകൻെറ വിചാരഗതിയും അയാളവലംബിയ്ക്കുന്ന തെളിവുകളും എത്രയുംഗൂഢമായതുകൊണ്ട് അവ കഥാവസാനത്തിൽ വെളിപ്പെടുത്തേണ്ട ആവശ്യം നേരിടുന്നു. ഈ ആവശ്യം നിവ്വഹിയ്ക്കുവാനാണ് അപസർപ്പകൻെറ നിഴലെന്നവണ്ണം ഒരു കൂട്ടുകാരനേയും കഥാകാരന്മാർ സൃഷ്ടിയ്ക്കാറുള്ളതു്. അയാളോടുമാത്രമാണ് അപസർപ്പകൻ വാസ്തവം തുറന്നുപറയുന്നതു്. ചിലപ്പോൾ അയാളെ ചില്ലറ കാര്യങ്ങൾ നിവ്വഹിയ്ക്കുവാൻ നിയോഗിച്ചുഎന്നും വരാം. സാമാന്യബുദ്ധിയായ ഈ കൂട്ടുകാരൻെറ സാന്നിദ്ധ്യം അപസർപ്പകൻെറ അന്യാദൃശമായ ബുദ്ധിപ്രകർഷത്തെ മുത്തുമണി സ്വർണ്ണത്തിൽ പതിച്ചാ

ലെന്നതുപോലെ ആദരണീയതരമാക്കി ച്ചെയ്യുന്നു. ഡ്യൂപ്പിൻെറ സഖാവു് കഥാകാരൻതന്നെയാണു്. ഷെർലൊക്ക് ഹോംസിൻെറ സഹചരനായി ഒരു ഡോക്ടർ വാട്സൺ ഉണ്ട്. ഡോക്ടർ വാട്സൻെറ ആശ്ചര്യപ്രകടനം പ്രസിദ്ധമാണു്. ഡോക്ടർ തോൺഡൈക്കിൻെറ കൂടെ മറെറാരു ഡോക്ടറും എപ്പോഴും ഉണ്ടായിരിയ്ക്കും. ഈ സമ്പ്രദായം കഥാകാരന് വളരെ സൗകര്യപ്രദമായതുകൊണ്ടോ എന്തോ, ഇതു് അപസർപ്പണസാഹിത്യത്തിൽ ഒരു ഒഴിയാച്ചടങ്ങായിട്ടാണ് തീന്നിരിക്കുന്നതു്.

ഡിറെറക്ടീവ് കഥകളിലേ പരിണാമഗുപ്തി നാൾക്കുനാൾ ഭദ്രതരമായിക്കൊണ്ടേ ഇരിയ്ക്കുന്നു. ഒടുക്കത്തെ ഖണ്ഡികവരെ രഹസ്യം പുറത്തുവിടാതെ സൂക്ഷിയ്ക്കുക എന്നതാണ് കഥാകാരന്മാരുടെ ദൃഢവ്രതമെന്നു തോന്നും. അഗാത്താ ക്രിസ്റ്റി, ഫിലിപ്പ് മക്ഡൊനാൾഡ്, മുതലായവരുടെ കഥകളിലേ മർമ്മം അറിയണമെങ്കിൽ കഥാന്തത്തിലെത്തണം. ഏതാനും നാൾക്കുമുമ്പു് പ്രസിദ്ധപ്പെടുത്തിയ ഒരു അപസർപ്പണ കഥയിൽ ആഖ്യാനം കൂടാതെതന്നെ കഥാനിർമ്മാണം സാധിച്ചിട്ടുള്ളതായി കാണുന്നു. പുസ്തകം തുറന്നു നോക്കിയാൽ കാണുന്നതു്; കഥാപാത്രങ്ങളുടെ ഫോട്ടോ, ചില എഴുത്തുകൾ, ശങ്കിയ്ക്കപ്പെട്ടവരുടെ കൈയക്ഷരത്തിൻെറ സാമ്പിൾ, ചില രസീതുകൾ, ഒരു ഹോട്ടലിലേ ബിൽ, ഒരു കഷണം തുണി, കൊലപാതകംനടന്ന മുറിയിലേ ചില കാലടിപ്പാടുകളുടെ ഫോട്ടോ, ഒരു കവറിൽ കുറേ പൊടി, പോലീസ്സിൻസ്പെക്ടരുടെ സ്റ്റേയിററ്മെൻറു്, എന്നിവയാണ്. വായനക്കാർ ഈ തെളിവുകൾ പരിശോധിച്ച് അവരവൎക്ക് തോന്നുന്ന ശങ്കകൾ കുറിയ്ക്കുവാനായി ചില ഒഴിഞ്ഞ പുറങ്ങളുമുണ്ട്. പുസ്തകാന്തത്തിൽ മുദ്ര ഒട്ടിച്ച ഏതാനും പേജുകളിൽ രഹസ്യം വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും, വായനക്കാർ ആ ഭാഗം ആശ്രയിയ്ക്കാതെതന്നെ കഥാമർമ്മം കണ്ടുപിടിയ്ക്കണമെന്നാണ് ഗ്രന്ഥകാരൻെറ നിർദ്ദേശം. ഇതു അത്യധികം രസാവഹമായ കഥാനിർമ്മാണരീതിയാണെങ്കിലും, ഇങ്ങനെയുള്ള കഥകൾ സാഹിത്യമാണോ എന്നു സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. ബീജഗണിതത്തിലെ പ്രശ്നങ്ങളോടാണ് ഇവയ്ക്കു കൂടുതൽ സാമ്യം. രസാത്മകമായ പദങ്ങൾ കൊണ്ടു കൈകാര്യം ചെയ്യുന്ന കഥകൾക്കു മാത്രമേ സാഹിത്യത്തിൽ സ്ഥാനമുള്ളൂ.

# എൻെറ മോഷണം

(ഏ. കെ. ജി. നായർ, എം. ഏ.)

"നീ എൻെറ വിവാഹത്തിന്ന് വരാതിരിക്കരുതു്. ഏടത്തിയമ്മയെ കാണണ്ടേ? എൻെറ ഭാഗ്യം! ഒരു കണ്ണിന്ന് കുറച്ച് കോട്ടമുണ്ടെങ്കിലും അവൾ മിടുക്കിയാണെന്നാണ് എല്ലാവരും പറയുന്നതു്. വെള്ളംകോരും. നെല്ലുകുത്തും. പിന്നെന്തു വേണം? നമ്മളെല്ലാം നാടന്മാരല്ലെ? പോരെങ്കിൽ മാധവിക്കുട്ടിയുടെ മുരിങ്ങ ഉപ്പേരിയും മുളകുവറുത്ത പുളിയും കഴിച്ച് കയ്യ് കടിക്കാത്തവരില്ല. വരണേ."

എൻെറ മാതുലപുത്രൻ ഈ മാതിരി നിർബ്ബന്ധിച്ചാൽ എങ്ങിനെയാണ് അവൻെറ വിവാഹത്തിന് പോകാതിരിക്കുന്നതു്? എങ്കിലും ഞാൻ വളരെ മടിച്ചു.

സാധാരണ വിവാഹങ്ങൾക്ക് സസന്തോഷം പോകുന്ന ഒരു അവിവാഹിതനാണ് ഞാൻ. കുട്ടപ്പൻെറ വിവാഹത്തിന്ന് പോകുവാനുള്ള ഉത്സാഹക്കുറവ് കാശില്ലായ്മ കൊണ്ടു മാത്രമായിരുന്നു. ജൂൺമാസത്തിലേക്ക് വിവാഹം നീട്ടുകയാണ് നല്ലതെന്ന് ഞാനഭിപ്രായപ്പെട്ടപ്പോൾ കുട്ടപ്പൻ അതിനോട് യോജിച്ചില്ല.

"എടാ, നിൻെറ സൗകര്യത്തിന് ഞങ്ങളുടെ വിവാഹം നീട്ടാൻ ഞാനും മാധവിക്കുട്ടിയും മുൻസിഫ് കോടതിയൊ മറേറാ ആണൊ?" എന്നായിരുന്നു മറുവടി.

കൊച്ചപ്പേട്ടൻ കുട്ടപ്പൻെറ വിവാഹത്തിനു പോകണമെന്ന് എൻെറ സഹോദരിമാർ ഐകകണ്ഠ്യേന തീൎച്ച്യാക്കി. ഏതു് വിവാഹത്തിന്നുപോയാലും വധുവിൻെറ ആകൃതിയെപ്പററിയുള്ള ഒരു വിവരണം എൻെറ സഹോദരിമാരെ കേൾപ്പിക്കുന്നതു് എൻെറ കടമയാണ്. പാചകപാടവത്തിന്ന് പേരുകേട്ട പുതിയ വധുവിനെപ്പററിയുള്ള ആകാംക്ഷ അവൎക്ക് വൎദ്ധിച്ചതുകൊണ്ട് ഞാൻ വിവാഹത്തിന് പോകാൻതന്നെ തീൎച്ച്യാക്കി.

"നീ പെട്ടി കൊണ്ടു പോകേണ്ട. അതെല്ലാം കടലാസ്സിൽ പൊതിഞ്ഞു് എടുത്തൊ" എന്ന് അമ്മ പറഞ്ഞു. കടലാസ്സുകെട്ട് അപരിഷ്കൃതമായിത്തോന്നിയെങ്കിലും സൗകര്യത്തിന്നും അമ്മയുടെ ഇഷ്ടത്തിന്നും വേണ്ടി ഒരു ചെറിയ ഭാണ്ഡവുമായി വരൻെറ ഗൃഹത്തിലേക്ക് ഞാൻ യാത്രയായി.

പുഴയിൽ കുളിച്ചു വേഷം മാറിയാണ് ഞാൻ വിവാഹയാത്രക്കുള്ള ബഹളത്തിൽ അവിടെ എത്തിയതു്. വരൻ വലിയ നാലുകെട്ടിൻെറ ഒരു ഭാഗത്തു് ക്ഷൗരത്തിന്നിരിക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ കുട്ടപ്പന്ന് ഒരു പെണ്ണിനെ കിട്ടിയതിനേക്കാളും സന്തോഷം!

"നിൻെറ വരവ് കാണാതെ ഞാൻ വ്യസനിച്ചിരിക്കുകയായിരുന്നു. നീ ഇതെല്ലാം എന്തിന് കൊണ്ടുവന്നു? വേണ്ടിയില്ലായിരുന്നു." കുട്ടപ്പൻ കണ്ണാടിയിൽ നോക്കി തൻെറ ശിരോലാവണ്യം ആസ്വദിച്ചു് ഉടുത്ത മുണ്ടടിച്ചു കുടഞ്ഞു് കുളിക്കുവാൻ പോയി.

ഞാൻ എൻെറ കെട്ടുമായി പൂമുഖത്തു ഒരു കസേരയിൽ ഇരുന്നു. അമ്മായി ഒരു കിണ്ടിയിൽ ചായയും ഒരു പിഞ്ഞാണത്തിൽ ഒരുമുഴം പൊക്കത്തിൽ അടക്കിവച്ച ദോശയും എൻെറ മുമ്പിൽവച്ചു.

"നിൻെറ വരവുംകാത്തു് എത്ര നേരമായി ഞങ്ങളിരിക്കുന്നു! വരില്ലെന്നുതന്നെ വിചാരിച്ചു. ഞങ്ങളൊക്കെ നിണക്ക് സാരമുണ്ടൊ? നീ ഒരു ബീയെ ബീയെ ഒക്കെയല്ലേ?" അമ്മായി പരിഭവിച്ചു.

"ഞാൻ വരാതിരിക്കുകയോ! കോഴിക്ക് മുല വരുന്നതു് കാത്തിരിക്കുന്നതുപോലെ ഞാൻ എത്രകാലമായി കുട്ടപ്പൻെറ വിവാഹവും കാത്തിരിക്കുന്നു. അതിന്ന് ഞാൻ വരാതിരിക്കുകയൊ? ഇന്നലെത്തന്നെ വരണമെന്ന് വിചാരിച്ചു." ഞാൻ പറഞ്ഞതു് വിശ്വസിക്കാത്ത മാതിരി അമ്മായി നെററി ചുളിച്ചു. എങ്കിലും ഉടനെതന്നെ മന്ദസ്മിതത്തോടെ എൻെറ ഭാണ്ഡത്തെ വീക്ഷിച്ചു.

"നീ ഈ കെട്ടും എടുത്തു രണ്ടു നാഴിക നടന്നല്ലൊ. വേണ്ടില്ലായിരുന്നു. അകത്തേക്ക് വെക്കാം." അമ്മായി എൻെറ കെട്ട് എടുക്കുവാൻ കൈ നീട്ടി.

"വിവാഹസമ്മാനങ്ങൾ പന്തലിൽവെച്ചു് കൊടുക്കയാണ് പതിവ്" എന്നു പറഞ്ഞു ഒരു അതിഥി.

"അമ്മായീ, ഇതു് ഞാൻ സൂക്ഷിച്ചോളാം."

അമ്മായി അകത്തേക്ക് പോയപ്പോൾ വരൻെറ ഇളയ സഹോദരി എന്നെ കാണാൻ വന്നു.

"കൊച്ചപ്പേട്ടൻ നല്ല ആളാണ്! എന്തേ രാവിലെ വരാഞ്ഞു്?" അവളും എൻെറ കടലാസ്സുകെട്ട് കണ്ടു. "അല്ലാ, അതെന്താണ്? നോക്കട്ടെ. വലിയമ്മായി എന്താണ് കൊടുത്തയച്ചിരിക്കുന്നതു്?" ഞാൻ ഭാണ്ഡം മുറുകെ പിടിച്ചു. ചില അപരിചിതരായ വിരുന്നുകാർ വന്നതു് കൊണ്ട് അവൾ ഓടി അകത്തേക്ക് പോയി.

മാലയിടലിനുശേഷം വധൂവരന്മാർ കൈകോർത്തുപിടിച്ച് പന്തലിൽ നിന്നും തിരോധാനം ചെയ്തു ഉടനെ സദ്യയ്ക്കു് ഇലയിട്ടു. ആ ജനക്കൂട്ടത്തിൽ ഞാൻ ഭാണ്ഡവുമായി ഒരു ബഞ്ചിൽ ഇരുന്നു. വിവാഹ സംഘത്തിൽ ഉൾപ്പെട്ട ചില മാന്യന്മാരെ ഊണിന്ന് മണിയറയിലേക്ക് ക്ഷണിച്ചു. ആ സംഘത്തിൽ ഞാനും ഉൾപ്പെട്ടിരുന്നു. ഭാണ്ഡത്തിനുമീതെ കുടവച്ച് മനസ്സില്ലാമനസ്സോടെ ഞാൻ ഊണിന്നു ചെന്നു. കട്ടിലിന്നു കീഴിൽ വിവാഹസാമാനങ്ങൾ ഭംഗിയായി നിരത്തിവച്ചിരുന്നു. ഊണിന്ന് മദ്ധ്യേ കുട്ടപ്പൻ ചോദിച്ചു: "നീ ആ കെട്ട് എവിടെ വച്ചു?"

"അതു് പന്തലിൽ ഒരു ബഞ്ചിന്മേൽ ഉണ്ട്."

"ഈ ആൾക്കൂട്ടത്തിൽ അവിടെ വയ്ക്കാൻ പാടില്ല. രാമാ, നീ പോയി ആ കുടയും കെട്ടും കൊണ്ടുവാ."

ഒന്നും മിണ്ടാതെ ഞാൻ പ്രഥമൻ കുടിച്ചു.

കുടയും കെട്ടും ഞാൻതന്നെ രാമൻെറ കൈയ്യിൽനിന്നും മേടിച്ച് ഒരു മൂലയിൽ വച്ചു.

ജലദോഷമൊ മനസ്സിൻെറ അസ്വാസ്ഥതയൊ കാരണമെന്നറിഞ്ഞില്ല, അന്നുരാത്രി ഞാൻ തീരെ ഉറങ്ങിയില്ല. രാവിലെ നേരത്തേ കാപ്പിയും പലഹാരങ്ങളും മണിയറയിൽതന്നെ തയ്യാറാക്കിയിരുന്നു. വീട്ടിലേക്ക് ഉടനെതന്നെ മടങ്ങുവാൻ തീർച്ചയാക്കി. കുട മണിയറയുടെ മൂക്കിൽ ഇരിപ്പുണ്ടായിരുന്നു. കെട്ട് കാൺമാനില്ല. എന്തുചെയ്യും? ആരോട് പറയും? പരിഭ്രമിച്ച് അങ്ങുമിങ്ങും ആരും കാണാതെ കണ്ണോടിച്ചപ്പോൾ കണ്ടു എൻെറ കെട്ട്. അതു് ഒരു വെള്ളിത്താലത്തിൽ വിവാഹ സമ്മാനങ്ങൾക്കിടയിലിരിക്കുന്നു.

വയറു നിറഞ്ഞിട്ടും, സ്നേഹിതന്മാർ ആദ്യം എഴുന്നേല്ക്കട്ടെ എന്ന് കരുതി രണ്ടുമൂന്ന് ഇഡ്ഢലികൂടി വാങ്ങി തിന്നുതുടങ്ങി. അവർ പുറത്തേയ്ക്കു് പോയ ഉടനെ ഞാൻ ആ കെട്ടെടുത്ത് കക്ഷത്തിൽവച്ച് വേഷ്ടി പുതച്ചു.

ഉച്ചക്ക് ഊണ് കഴിഞ്ഞു് പോകാമെന്നു കുട്ടപ്പൻ എന്നെ നിർബ്ബന്ധിച്ചെങ്കിലും ഞാൻ സമ്മതിച്ചില്ല. അവൻ എൻെറകൂടെ കുറച്ചുദൂരം വന്നു. കുട്ടപ്പൻ കാണാതെ കെട്ട് സൂക്ഷിക്കാൻ ഞാൻ വളരെ വിഷമിച്ചു. കക്ഷത്തിൽ ഭാണ്ഡം. മറേറ കൈയിൽ കുട. നല്ല കാററ്. പുതച്ച വേഷ്ടി കാററത്തടിച്ചുതുടങ്ങി. ഉടുത്ത മുണ്ടഴിഞ്ഞു. വേഗം നടന്നാലേ ബസ്സ് കിട്ടുമായിരുന്നുള്ളു. ഒരു വിധം ദൈവാധീനംകൊണ്ട് കെട്ട് കുട്ടപ്പനെ കാണിക്കാതെ ഞാൻ ബസ്സ് സ്റ്റാൻഡിൽ എത്തിച്ചേർന്നു.

വീടെത്തി. സഹോദരിമാർ ചുററുംകൂടി. "ഏട്ടത്തിയമ്മയുടെ കണ്ണിനെന്താ കോട്ടം?" എന്നായി എല്ലാവരും.

"ഏട്ടത്തിയമ്മയ്ക്കു് വലിയ നാണം. മാലയിട്ടതു് കീഴ്പ്പോട്ട് നോക്കിയിട്ടായിരുന്നു ഞാൻ കണ്ണു് കണ്ടില്ല."

എന്റെ മോഷണചരിത്രം കേട്ട് അമ്മ പറഞ്ഞു, "എടാ, ഇതാരും അറിയരുത്. നീ അതെടുത്തതു നന്നായി."

വലിയമ്മായി അയച്ച സമ്മാനക്കെട്ട കാണാതെ കുട്ടപ്പൻ തിരഞ്ഞുതുടങ്ങി. മണിയറയിൽ കടന്ന കള്ളൻ ആരെന്നറിയാതെ വീട്ടുകാരെല്ലാം പരിഭ്രമിച്ചു. ഈ വിവരം അറിയിക്കാൻ കുട്ടപ്പൻ എന്റെ വീട്ടിലേക്ക് വരുന്നതിനുമുമ്പ് ഞാൻ എറണാകുളത്തെത്തി.

ആ ഭാണ്ഡത്തിൽ കൗചേലികമായ ഷർട്ടും മുണ്ടും ഒരു കോടിക്കൗപീനവും മാത്രമേ ഉണ്ടായിരുന്നുള്ളു.

## നിർബന്ധവിഷയങ്ങൾ

(വിദ്വാൻ കെ. എം. മാത്തൻ തരകൻ, ബി. ഒ. എൽ.)

പടവെട്ടി മുടിചൂടുക എന്നുള്ളതു് വലിയ തരക്കേടില്ലാത്ത ഒരു പ്രവൃത്തിയാണ്. പക്ഷെ ഹിററ്ലറല്ലാതെ മററാരും അതൊരു നിർബന്ധവിഷയമാക്കിയിട്ടില്ല. അരയും തലയും മുറുക്കി ആൽത്തറയിലും തേക്കിൻചോട്ടിലും നിന്നു പ്രസംഗിച്ച് എം. എൽ. സി. ആയിക്കഴിഞ്ഞാൽ പൊതുജനങ്ങൾക്കുവേണ്ടി കൗൺസിലിൽ വാദം നടത്തണമെന്നുള്ളതു് നമ്മുടെ ഇടയിലെ ഒരു നിർബന്ധവിഷയമല്ല. പുണ്യദിനങ്ങളിൽ പള്ളിയിലും ക്ഷേത്രങ്ങളിലും പോയി ആരാധന നടത്തണമെന്ന് അധികംപേൎക്കും നിർബന്ധമില്ല. പഠിച്ചു പാസ്സായി ഉദ്യോഗത്തിൽ കയറി കുറേ കഴിഞ്ഞാൽ ധർമ്മവും നീതിയും പരിപാലിക്കണമെന്ന് ആരും അത്ര കരുതാറില്ല. പക്ഷെ പള്ളിക്കൂടങ്ങളിലെ കമ്പൽസറി സബ്ജക്ററ്സ് പോലെ ജീവിതത്തിൽ കൂടിയേ തീരൂ എന്നുള്ള ചില വിഷയങ്ങൾ മലയാളികളിൽ ഭൂരിപക്ഷവും അഭ്യസിച്ചുവരുന്നുണ്ട്.

ഒരു പ്രഭാതത്തിൽ നാം കടത്തുകടവിൽ ചെന്നെന്നിരിക്കട്ടെ. വള്ളവും കടത്തുകാരനും അക്കരയാണ്. നാം ചെല്ലുന്നതിന് അല്പം മുമ്പാണ് കടത്തുകാരൻ പഴഞ്ചോറുണ്ണുന്നതിന് അയാളുടെ കുടിലിലേക്കു പോകുന്നതു്. വളരെനേരം ഒച്ചവച്ചു വിളിക്കുന്നതിന്റെ ഫലമായി വള്ളക്കാരൻ സാവധാനം ഒരു മുറുക്കം കഴിഞ്ഞു വള്ളത്തിൽ വന്നു കയറുന്നു. വളരെക്കാലം അക്കരയിക്കരെ കടന്നു പരിചയിച്ചിട്ടുള്ള വള്ളമായതുകൊണ്ടു വള്ളക്കാരന്റെ പ്രയത്നം കൂടാതെതന്നെ അതു് നമ്മുടെ മുമ്പിലെത്തുന്നു. അപ്പോൾ കേൾക്കാം പുറകിൽ ഒരു ഫർലോംഗ് അകലെനിന്നും "വള്ളം വിടരുതേ!" എന്നൊരു വിളി. വള്ളക്കാരൻ കരയ്ക്കു കയറി പങ്കായവും ഊന്നിപ്പിടിച്ച് വിളി കേട്ടലാക്കുനോക്കി അങ്ങു നിൽക്കുന്നു. നാം രോഗികൾക്ക് വളരെ വേഗം മരുന്നു വാങ്ങിക്കാനൊ, പള്ളിക്കൂടത്തിൽ പഠിപ്പിക്കാനോ, പോകുന്നവരായിരിക്കും. ഒരു പക്ഷെ നമ്മുടെ പള്ളിക്കൂടത്തിൽ കണിശക്കാരനായ ഡിവിഷൻ ഇൻസ്പെക്ടർ പരിശോധനയ്ക്കു വരുന്നുമുണ്ടായിരിക്കും. അടുത്ത ക്ഷണത്തിൽ പുറകിൽ നിന്നും ഒരു ഡസൻ ആളുകൾ മുണ്ടും പൊക്കി കുടയും മടക്കി വള്ളത്തിനുള്ളിൽ നിൽക്കുന്നതു കാണാം. വള്ളക്കാരനേയുംകൂട്ടി പത്തു

പേക്ക് കയറാവുന്ന വള്ളത്തിൽ പന്ത്രണ്ടു പേർ. ആരെങ്കിലും ഒന്നു രണ്ടുപേർ ഇറങ്ങണമെന്നാകും വള്ളക്കാരൻ. ആരുമാരും ഇറങ്ങുകയില്ല. ചിലപ്പോൾ വല്ല വല്യമ്മമാരോ മററൊ വള്ളത്തിലുണ്ടെങ്കിൽ മററുള്ളവരെല്ലാംകൂടി അവരെ ഭയപ്പെടുത്തി കരയിലിറക്കുവാൻ നോക്കും. വെള്ളം തുള്ളിത്തുള്ളിക്കയറത്തക്ക തരത്തിൽ താണുകിടക്കുന്ന വള്ളവുമായി വള്ളക്കാരൻ മറുകര പിടിക്കും. നാം ആദ്യം ചെന്നതുകൊണ്ടു ആദ്യം നമ്മെക്കൂടെ വള്ളത്തിൽക്കയററണമെന്നുള്ളതു വള്ളക്കാരന്റെ ഒരു നിർബ്ബന്ധവിഷയമല്ല. പക്ഷെ ആരൊക്കെ മുൻകൂട്ടി വന്നു നിന്നാലും പിന്നാലെവരുന്നവർ മുൻകൂട്ടി പോകണമെന്നുള്ളതു് ഒരു നിർബ്ബന്ധവിഷയമാണു്. നാം മററുള്ളവരേപ്പോലെ ഒരുങ്ങാതെ അല്പം മാനത്തിനോ മര്യാദയ്ക്കോ നിന്നാൽ അന്നത്തെ പള്ളിക്കൂടം പോക്കും മരുന്നു വാങ്ങിക്കലും നടപ്പില്ലാകയില്ലെന്നുള്ളതു തർക്കമററ സംഗതിയാണു. മുൻപന്മാർ പിമ്പന്മാരും പിമ്പന്മാർ മുൻപന്മാരും ആകുന്നതു് വാസ്തവത്തിൽ കടത്തുകടവിലാണു്.

എവിടെ ആയാലും ചാക്കോയെക്കാൾ ചാണ്ടിയ്ക്കോ, ചാത്തനേക്കാൾ തേവനൊ, ശങ്കരയ്യരേക്കാൾ ശങ്കരസുബ്ബയ്യർക്കോ താഴരുതെന്നാണു് വിചാരം. സമത്വം പരിപാലിക്കണമെന്നുള്ള ഈ നിർബ്ബന്ധവിഷയം മനസ്സിരുത്തി പഠിക്കുന്നതു് സിനിമാശാലകളിലും തീവണ്ടിയാപ്പീസുകളിലുമാണു്. കുട്ടികൾ ജ്യോമട്രിക്ലാസ്സിൽ ഉപയോഗിക്കുന്ന പ്രൊട്രാക്ടരുടെ ആകൃതിയിലും വലിപ്പത്തിലുമുള്ള ഓരോ കിളിവാതിൽ രണ്ടെടത്തുമുണ്ടു്. രണ്ടെടത്തും ടിക്കററുകൊടുക്കാൻ മണികിലുക്കും. രണ്ടെടത്തും വലിയ ആൾക്കൂട്ടവും കാണും. ടിക്കററു വാങ്ങാൻ ലങ്കോട്ടിയും ബനിയനുമിട്ടു് "എന്നാൽ അരക്കൈ നോക്കിക്കളയാം" എന്നമട്ടിലാണു് പലപ്പോഴും ആളുകൾ നിൽക്കാറുള്ളതു്. ടിക്കററു് നൽകാനുള്ള മണിനാദം മുഴങ്ങുന്നതും ഇരുന്നൂറും മുന്നൂറും കരങ്ങൾ പന്നിയെലികളെപ്പോലെ മുന്നോട്ടു ചാടുന്നതും ഒന്നിച്ചുകഴിയും. കുഞ്ചൻനമ്പ്യാരുടെ 'പടയോട്ടം' വർണ്ണനയിലെ പല സംഭവങ്ങളും അവിടെ നടക്കും. തലേക്കെട്ടുപോകും, റിസ്റ്റുവാച്ചു തകരും, പൊടിക്കുപ്പി താഴെവീണു പൊട്ടും, പണസ്സഞ്ചികാണാതാകും, വാരിയെല്ലു ചതയും, പെണ്ണുങ്ങളൊ മററൊ ഇടയിൽ പെട്ടാൽ അവരുടെ ആത്മാവു മാത്രം തിരിച്ചുകിട്ടും. എന്നുവേണ്ട, പതിനഞ്ചു മിനിററുനേരത്തേക്കു അവിടെനടക്കുന്നബഹളം ചില്ലറയല്ല. കളിതുടങ്ങാനോ വണ്ടിവിടാനോ പിന്നെയും ഒരു മുപ്പതുമിനിററുകാണും. ആദ്യത്തെ പതിനഞ്ചുമിനിററുകഴിഞ്ഞാൽ ടിക്കററു കൊടുക്കുന്ന കിളിവാതിൽ പൂച്ചകയറിമറിച്ചിട്ട തൈരിൻകലംപോലെ വായും പിളന്നു് ശൂന്യതയിലേക്കു നോക്കിക്കൊണ്ടു നില്ക്കും. ഇക്കണ്ടനും, ഹാജിഇസാമൂസായിക്കും, പുല്ലനും, കല്ലനും ഒരേനിമിഷത്തിൽ ടിക്കററു കിട്ടിയിട്ടില്ലെങ്കിൽ പിന്നെ ഇരുന്നിട്ടു കാര്യമില്ലെന്നാണു് അവരുടെ വിചാരം.

സീററു് തട്ടിയെടുക്കലാണു് ബസ്സിലും തീവണ്ടിയിലുമുള്ള നിബ്ബന്ധവിഷയം. തിരുവനന്തപുരത്തുനിന്നും കോട്ടയത്തിന്നു പോകുന്ന ഒരു ബസ്സയാത്രക്കാരൻ പന്തളത്തുവച്ചു് 'സൂട്ടുകെയിസ്'കൊണ്ടു് അവന്റെ സീററ് റിസെവ് ചെയ്തിട്ടു കാപ്പികുടിക്കാൻ പോകുന്നു. സാധുവിനു കൊട്ടാരക്കര വച്ചേ വിശപ്പും ദാഹവും തുടങ്ങിയതാണു്. പുതിയ പുതിയ യാത്രക്കാരെ കണ്ടിട്ടു് അയാൾ ഒരേ ഇരിപ്പിൽ

ഇരുന്നു വരികയാണ്. പന്തളം കവലയിൽനിന്നും ബസ്സിൽ കയറാൻ ആരുമില്ലെന്നു കണ്ടിട്ടാണ് അയാൾ കാപ്പി കുടിക്കാൻ പോകുന്നതു് ബസ്സിൻെറ ഫോണടിയുടെ ബഹളത്തിൽ കൈയ്യിൽ കിട്ടുന്ന ചുടുകാപ്പി പകുതി കുടിച്ചിട്ട് അയാൾ വണ്ടിയിലേക്ക് തിരിച്ചെത്തുമ്പോൾ അയാൾ ഇരുന്നിരുന്ന സ്ഥലം കാണുകയില്ല 'സൂട്ടുകെയിസ്' അവിടെ എവിടെയെങ്കിലും കിടക്കും. ചെല്ലി കുത്തിയ തേങ്ങാ പോലെ ഒരുത്തൻ 'ചള്ളോ'ന്ന് അയാളുടെ സ്ഥാനത്തു വന്നു വീണിരിക്കും. ഈ മാന്യന് പന്തളത്തു നിന്നും രണ്ടുനാഴിക വടക്കിറങ്ങിയാൽ മതിയായിരിക്കും. അധികമൊന്നും ഇരുന്നു കഴിച്ചിട്ടുള്ള വന്നുമല്ലായിരിക്കും. പക്ഷേ ബസ്സിൽ കയറിയാൽ ആരുടെയെങ്കിലും സ്ഥാനം അപഹരിച്ച് അദ്ദേഹത്തിനും ഇരിക്കണം. നമ്മുടെ കോട്ടയം യാത്രക്കാരൻ ട്രാൻസ്പോട്ട് വണ്ടിയിലാണെങ്കിൽ "നില്പന്മാ"ക്കുള്ള കമ്പിയിൽ തൂങ്ങിപ്പിടിച്ചു നില്ക്കണം.

തീവണ്ടിയിലെ സ്ഥിതി ഇതൊന്നുമല്ല. അവിടെ കാലേക്കൂട്ടി ഒരു 'ടൺ' ഭാരമുള്ള ചില 'ഫോൾഡോള്'മായി കുറെ കുടവയറന്മാരും അരസൂട്ടുകാരും സ്ഥലം പിടിച്ചിരിക്കും കയറിയാൽ ഉടൻതന്നെ ഒരു മുറിമുഴുവൻ അവരുടേതാണെന്ന നാട്യത്തിൽ മെത്തവിരിച്ച് നെടുനീളെകിടന്നു കഴിയും. കണ്ടാൽ കൊള്ളാവുന്ന വല്ല സ്ത്രീകളോ മറ്റോ വന്നാൽമാത്രം ആ ഗൗരവപുരുഷന്മാർ ഒന്നു കണ്ണുതുറന്നേക്കും.

ഈ സീററ് റിസർവേഷൻ ബോട്ടിലാണ് കൂടുതൽ കാണുന്നതു്. എറണാകുത്തുനിന്ന് ചങ്ങനാശ്ശേരിക്കോ കോട്ടയത്തിനോ മറെറവിടേക്കെങ്കിലുമോ ഉള്ള ഒരുബോട്ടിൽ സന്ധ്യാസമയത്തു് ക്ഷമയും ശാന്തതയുമുള്ള ഒരാൾ കയറിപ്പോയാൽ അയാൾക്ക് നില്ക്കാൻപോലും അവിടെ സ്ഥലം കിട്ടുകയില്ല. കച്ചവടക്കാർ, ഏജൻറന്മാർ മുതലായവരാണ് അവിടത്തെ ശല്യക്കാർ. ഓരോരുത്തരുടെ കൈയ്യിലും പുതപ്പോ, ഷീററോ കാണും ടിക്കററുവാങ്ങി അവർ ബോട്ടിൽ കയറിയാൽ അവർ ആദ്യം ചെയ്യുന്നതു് കിടക്കവിരിക്കലും കിടക്കലുമാണ്. പത്തുനൂറു ഉരുട്ടുചെണ്ട കൊട്ടിയാലും, വെള്ളംകോരി ഒഴിച്ചാലും, "ശീവോതിനല്ലമ്മ"വിളിച്ചാലും, തിരുവരങ്കൻ വന്നു പാടിയാലും, ആ പരമേശ്വരന്മാർ കണ്ണുതുറക്കുകയില്ല. തലേന്നു രാത്രിയിലും ആ ബോട്ടിൽ സഞ്ചരിച്ചെന്നുള്ളതാണ് അവരുടെ അവിടത്തെ അവകാശം. അവരുടെ കിടപ്പുകണ്ടാൽ വീട്ടിൽ പലനാൾ കിടന്നിട്ട് ഉറക്കം വരാഞ്ഞു് ബോട്ട് ഉറക്കത്തിനു പററിയ ഒരു മഞ്ചമായിക്കരുതി വന്നു കിടക്കുകയാണെന്നു തോന്നും. ആരെല്ലാം നിന്നാലും, ആക്കെല്ലാം എന്തെല്ലാം ഉപദ്രവങ്ങൾ നേരിട്ടാലും അവക്കൊന്നുമില്ല. ബോട്ടിൽ കയറിയാൽ ഇല്ലാത്തസ്ഥലമുണ്ടാക്കി കിടക്കണം എന്നുള്ളതാണ് അവരുടെ നിർബന്ധവിഷയം. കല്യാണപ്പന്തലിൽ രാത്രി കഴിച്ചുകൂട്ടുന്ന വിരുന്നുകാരുടെ ഇടയിലും ഈ നിഷ്ഠ കാണാറുണ്ട്. അത്താഴമൂണുകഴിഞ്ഞാൽ പിന്നെ ആ കൂട്ടക്ക് പായന്വേഷിക്കലാണ് പ്രധാന ജോലി. അവിടെ വലിപ്പച്ചെറുപ്പമില്ല പ്രായമുള്ളവരും ആരോഗ്യമില്ലാത്തവരും സൗകര്യത്തിന് കിടന്നുറങ്ങിക്കൊള്ളട്ടെ എന്ന് ചെറുപ്പക്കാരാരും കരുതുകയില്ല. മുൻകൂട്ടി സൗകര്യമുള്ളേടത്തു് ചെന്ന് ഉറക്കം വന്നില്ലെങ്കിലും ഉറക്കം നടിച്ച് കിടക്കേണ്ടതു് ഒരു പ്രധാന കാര്യമാണ്.

അതു് നിബന്ധവിഷയമാക്കിയില്ലെങ്കിൽ പിറേറന്നു് മണവാളനെ എതിരേൽക്കാൻ പോകുമ്പോൾ തങ്ങളുടെ മുഖത്തിന് വേണ്ട സൗന്ദര്യം കാണുകയില്ലെന്നായിരിക്കാം അവർ വിശ്വസിക്കുന്നതു്. ഇങ്ങനെ നമ്മുടെ ആളുകൾക്കു് "കമ്പൽസറി"യായി അനേകം അക്രമവിഷയങ്ങളുണ്ടു്. ഈ വിഷയങ്ങളെ സംബന്ധിച്ചു് മഹാജനങ്ങൾ അല്പമൊക്കെ ഒരു വിട്ടുവീഴ്ച ചെയ്താൽ എല്ലാവൎക്കും കുറെയെല്ലാം സുഖമായി കാലംകഴിച്ചുകൂട്ടാമെന്നാണു് തോന്നുന്നതു്.

# ഹിററ്ലർ ഫലിതങ്ങൾ



ഒരിക്കൽ ഹിററ്ലർ ഒരു ഭ്രാന്താലയം സന്ദർശിക്കുവാൻ പോയി. അവിടത്തെ ഡോക്ടർ വാർഡുതോറും ഹിററ്ലറെ കൊണ്ടുനടന്നു ഓരോ രോഗിയുടേയും രോഗവിവരം അറിയിച്ചു.

അടച്ചിട്ടിരുന്ന ഒരു വാതിൽ ചൂണ്ടിക്കാണിച്ചു, ഹിററ്ലർ ചോദിച്ചു: "ആരാണു് അതിൽ?"

ഡോക്ടർ: "അതു ഒരു പ്രത്യേക കേസ്സാണു്. ആ മുറിയിൽ അഞ്ചുപേരുണ്ടു്. അവൎക്കെല്ലാവൎക്കും മുറിയൻമീശയുണ്ടു്. അവരോരോരുത്തനും, "ഞാൻ അഡോൾഫ് ഹിററ്ലറാണു്, ജൎമ്മനിയിലെ മഹാൻ!" എന്നു മന്ത്രിച്ചുകൊണ്ടിരിക്കുന്നു.

ഹിററ്ലർ: "വാതിൽ തുറക്കട്ടെ. എനിയ്ക്കു അവരോടു സംസാരിക്കണം. ഞാൻ അകത്തു കടന്നാൽ വാതിലടയ്ക്കണം. ഞാൻ വാതിലിൽ മുട്ടുമ്പോൾ തുറന്നാൽ മതി".

ഡോക്ടർ കല്പനപ്രകാരം ചെയ്തു. അഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ വാതില്ക്കൽ ശക്തിയോടെ മുട്ടുന്നതുകേട്ടു. ഡോക്ടർ വാതിൽ തുറന്നു. മുറിയൻമീശയോടുകൂടിയ ഒരാൾ പുറത്തു വന്നു.

ആരാണു പുറത്തു വന്നതെന്നു ഇന്നോളം ആൎക്കുമറിഞ്ഞുകൂടാ.

* * * *

ഹിററ്ലർ അധികാരം കരസ്ഥമാക്കിയപ്പോൾ എല്ലാ സ്കൂളുകളിലും കുരിശുരൂപത്തിൻെറ ഇടത്തും വലത്തുമായി ഹിററ്ലറിൻേറയും ഗോറിങ്ങിൻേറയും ചിത്രങ്ങൾ പ്രദൎശിപ്പിക്കണമെന്നു കല്പനയായി.

വാദ്ധ്യാർ (കുട്ടിയോടു്): "ആ ചിത്രങ്ങൾ അവിടെ വച്ചിരിക്കുന്നതിൻെറ അൎത്ഥം എന്താണെന്നു പറയാമോ?"

കുട്ടി: "നമ്മുടെ രക്ഷകൻ കുരിശിൽ തൂങ്ങിയപ്പോൾ, ഇടത്തും വലത്തുമായി രണ്ടു കള്ളന്മാരുണ്ടായിരുന്നു."

* * * *

ഹിററ്ലർ: "അവൎക്കു് എൻെറ പേരിൻെറ യോഗ്യത അറിഞ്ഞുകൂടാ."

റിബ്ബൺട്രോപ്പ്: "എന്താണു് യോഗ്യത?"

ഹിററ്ലർ: "അറിഞ്ഞുകൂടേ? കേൾക്കൂ.

H olland
I taly
T yrol
L atvia
E sthonia
R ussia

* * * *

ഹിററ് ലർ അക്ഷമനായി സ്വർഗ്ഗത്തിൻെറ വാതിൽക്കൽ മുട്ടി. "എന്നെ കടത്തി വിടൂ. ഹെയിൽ!"

പത്രോസ് താക്കോലുമായി പുറത്തുവന്നു ചോദിച്ചു: "നിങ്ങളാരാണ്?"

"എന്നെ അറിയില്ലേ? ഞാനാണ് അഡോൾഫ് ഹിററ് ലർ!"

"ഇവിടെ പ്രവേശിയ്ക്കുവാൻ എന്തു യോഗ്യതയുണ്ട്?"

"ഞാൻ ബോൾഷെവിസത്തിൽ നിന്നു ലോകത്തെ മോചിപ്പിച്ചു."

"എന്നാൽ, കടക്കാം."

മാലാഖമാർ കമ്പിട്ടു; പുണ്യവാന്മാർ ഇരിപ്പിടത്തിൽനിന്നു എഴുന്നേററ് ആചരിച്ചു. ബാവാ തമ്പുരാൻമാത്രം എഴുന്നേററില്ല.

"നമ്മുടെ പുതിയ പുണ്യവാനെ സ്വീകരിയ്ക്കുവാൻ അവിടന്നു എഴുന്നേല്ക്കുകയില്ലേ?" എന്നു പത്രോസ് ചെവിയിൽ മന്ത്രിച്ചു.

"ഇല്ല ഞാൻ എഴുന്നേററാൽ അവൻ എൻെറ ഇരിപ്പിടത്തിൽ കേറിയിരിക്കും."

* * * *

ബെർലിൻ തൊഴിലില്ലാത്ത ദന്തവൈദ്യന്മാരെക്കൊണ്ടു നിറഞ്ഞിരിയ്ക്കുന്നു. കാരണം ചോദിച്ചതിൽ, രോഗികൾക്ക് വായ് തുറക്കുവാൻ ഭയമാണെന്നാണറിയുന്നത്.

* * * *

ഹിററ് ലർ ഒരു കാർസഞ്ചാരത്തിനു പുറപ്പെട്ടു. ഗോറിങ്ങായിരുന്നു ഡ്രൈവർ. കാർ ഒരു പട്ടിയുടെ മേൽ കയറി. ഗോറിങ്ങ് ബ്രെയിക്കിട്ടു.

ഹിററ് ലർ അനുചരന്മാരിൽ ഒരാളോട് "നീ ആ വീട്ടിൽ പോയി പട്ടിയുടെ ഉടമസ്ഥന്മാരോട് ക്ഷമായാചനം ചെയ്തു വരൂ" എന്നു ആജ്ഞാപിച്ചു.

കുറേ കഴിഞ്ഞപ്പോൾ, അനുചരൻ രണ്ടു കൈയിലും രുചികരമായ ഭക്ഷ്യപദാർത്ഥങ്ങളും വീഞ്ഞുകുപ്പികളുംകൊണ്ടു തിരിച്ചുവന്നു.

ഹിററ് ലർ: (അത്ഭുതത്തോടെ) "അതൊക്കെ എങ്ങനെ കിട്ടി?"

അനുചരൻ: "ഞാൻ വാതിലിൽ മുട്ടിയപ്പോൾ ഒരാൾ വാതിൽ തുറന്നു. ഞാൻ അകത്തു കടന്നു. 'ഹെയിൽ ഹിററ് ലർ—ആ പട്ടി ചത്തു' എന്നറിയിച്ചു. 'ഹാ! ജർമ്മനിയുടെ ഭാഗ്യം! ഈ സന്തോഷവാർത്ത ആഘോഷിയ്ക്കുവാൻ ഇതാ ഇവ എടുത്തുകൊള്ളു' എന്നു വീട്ടുടമസ്ഥൻ പറഞ്ഞു, ഇതൊക്കെ എൻെറ കൈയിൽ തന്നു."

* * * *

ഹിററ് ലർ ഒരു ഭ്രാന്തശാല സന്ദർശിച്ചു. രോഗികൾ ഒരു വരിയായി നിന്ന് ഹിററ് ലറെ സല്യൂട്ട് ചെയ്യേണ്ട വിധം അഭ്യസിച്ചിട്ടുണ്ടായിരുന്നു.

ഹിററ്ലർ പ്രവേശിച്ചപ്പോൾ അവരെല്ലാവരും വലത്തു കൈ ഉയർത്തി "ഹെയിൽ ഹിററ് ലർ!" എന്നു വിളിച്ചു പറഞ്ഞു.

ഒടുവിലത്തെ ആൾമാത്രം കൈ ഉയർത്തുകയാകട്ടെ, വിളിച്ചു പറയുകയാകട്ടെ, ചെയ്തില്ല.

രോഷാകുലനായി ഹിററ് ലർ അയാളെ സമീപിച്ചു, "ഞാൻ ആരെന്നു നീ അറിയുമോ? എന്തുകൊണ്ടാണ് നീ കൈ ഉയർത്താത്തത്?" എന്നു ഗർജ്ജിച്ചു.

"ക്ഷമിയ്ക്കണം. ഞാൻ ഇവിടത്തെ ഡോക്ടറാണ്. ഞാൻ ഭ്രാന്തനല്ല."

# പൂനിലാവ്

വൈക്കം മുഹമ്മദ് ബഷീർ

അതു് ഏതാണ്ട് പാതിരാത്രി കഴിഞ്ഞ സമയമാണു്. മൂന്നു നാലു തവണ ഞാൻ ഉറങ്ങാൻ ശ്രമിച്ചു. പക്ഷെ തീരെ ഉറക്കം വന്നില്ല. വീണ്ടും ഞാൻ വിളക്കുകൊളുത്തി, തെക്കുവശത്തെ വാതിൽ തുറന്നു നിന്നു. കാഴ്ച മനോഹരം! കണ്ടിട്ടും കണ്ടിട്ടും മതിവന്നില്ല. പരിഭ്രമത്തോടെ ഞാൻ പടിഞ്ഞാറുവശത്തെ വാതിൽ തുറന്നു. ദിവ്യമായ ഒരനുഭൂതി! എന്റെ സിരാതന്തുക്കൾ കുളിർത്തു. പൂനിലാവിൽ മുങ്ങിയ പ്രശാന്തസുന്ദരമായ പ്രപഞ്ചം!...താഴ് വരയിലെ വൃക്ഷങ്ങൾക്കൊന്നും അനക്കമില്ല. അതൊക്കെ ചാരനിറത്തിലുള്ള പുടവകളിൽ മൂടിപ്പൊതിഞ്ഞു് നിൽക്കുന്നതുപോലെ. പിന്നെ ആ നദി! ഉരുകിയ വെള്ളിയാണതു്. വളഞ്ഞു പുളഞ്ഞു്, മലയടിവാരംവഴി, വനാന്തരത്തിലൂടെ, മൈതാനങ്ങളെക്കടന്നു്, പതറിപ്പായുകയാണതു്. ചക്രവാളത്തിന്റെ ചരുവിൽ നഗരദീപങ്ങൾ: നേരിയ മൂടൽമഞ്ഞിലെ മിന്നാമിനുങ്ങുകളുടെ കൂട്ടം പോലെ...എങ്ങും ഒരു നിശ്ശബ്ദത. കാററും നിലച്ചുപോയി.

ആ നിൽപ്പിൽ എനിക്കൊരു ചിന്ത: പിറകിൽക്കൂടി ആരെങ്കിലും വന്നു് എന്നെ ഒന്നു തള്ളിയാൽ!...താഴ്ചയിൽ, പാറക്കെട്ടുകളിൽ, തലതല്ലി, ചതഞ്ഞു നുറുങ്ങി, നദിയിൽ വീണു് ഒഴുകും!...നാളത്തെ പകലിൽ ഒരു അനാഥ പ്രേതം! എന്റെ ദേഹമാകെ കോരിത്തരിച്ചു. പൊടുന്നനേ എന്റെ പിന്നിൽ ഒരു കാൽപ്പെരുമാററം!...ഞാൻ പെട്ടെന്നു് തിരിഞ്ഞു: മുറിക്കുള്ളിൽ ഭീമകായനായ എന്റെ ആതിഥേയൻ!...കഴുത്തററം വെള്ളത്തിലെന്നപോലെ, കൈകളാൽ വായുവിൽ സ്പർശിച്ചു്, പാദങ്ങളാൽ നിലത്തു തപ്പിത്തടഞ്ഞു്, അടുത്തു വരികയാണു്. ആ വരവിൽ അദ്ദേഹം വീണേയ്ക്കുമെന്നു് ശങ്കിച്ചു് ഞാൻ അടുത്തു ചെന്നു്, അദ്ദേഹത്തിന്റെ കൈയ്ക്കു പിടിച്ചു്, മേശവിളക്കിനരികെ ചാരുകസാരയിൽ മെല്ലെ ഇരുത്തി. അദ്ദേഹത്തിന്റെ കൈ വിറയ്ക്കുന്നുണ്ടായിരുന്നു. വസൂരിക്കലെയുള്ള വെളുത്തുരുണ്ട മുഖത്തു് വിയപ്പ് പൊടിഞ്ഞു നിന്നിരുന്നു. കണ്ണുകളുടെ സ്ഥാനങ്ങളിലെ മുഴച്ചുന്തിയ മാംസഗോളങ്ങൾ എന്റെനേരെ തിരിച്ചു. അതുകൾ ചോര പോലെ കടുംചുകപ്പായിരുന്നു. പതറിയ ശബ്ദത്തിൽ അദ്ദേഹം ചോദിച്ചു:

'വായിക്കുകയായിരുന്നോ?'

'അല്ല' ഞാൻ പറഞ്ഞു, 'പൂനിലാവിൽ നോക്കി കിനാവു കാണുകയായിരുന്നു.'

'കൊള്ളാം!' അദ്ദേഹം നിശ്വസിച്ചു, 'ഞാൻ കിടന്നു ചിന്തിക്കുകയായിരുന്നു.'

'എന്തിനെപ്പററി?'

'നമ്മെപ്പററി.'

'നമ്മെപ്പററി എന്താണു് ചിന്തിക്കാനുള്ളതു്?'

'വളരെയുണ്ട്. വളരെക്കാലമായി ഞാൻ ചിന്തിക്കുന്നു. ഈ രാത്രി അതിന്റെ പരിധിയിലെത്തിപ്പോയി. അവസാനമെന്നോണം, താഴത്തേയ്ക്കു ചാടി ആത്മഹത്യയ്ക്കു് ഒരുങ്ങുകയായിരുന്നു.'

'എന്നിട്ട്!!!'

'അവസാന നിമിഷത്തിൽ നിങ്ങളെപ്പറ്റി ഓർത്തു. നിങ്ങൾ വിദേശി, പണത്തിന് ആവശ്യമുള്ള മനുഷ്യൻ...നിങ്ങൾ എന്നെ അപായപ്പെടുത്തിയതാണെന്ന് ആളുകൾ ശങ്കിച്ചെങ്കിലോ?'

എൻെറ ഉള്ള് ആന്തിപ്പോയി. ഭ്രാന്തൻെറ മുമ്പിലാണോ ഞാൻ? എന്താണ് ഞാൻ പറയുക!...അദ്ദേഹമാണ് എന്നെ മലമുകളിലേയ്ക്ക് ക്ഷണിച്ചത്. ഞാൻ താഴ്വരയിലുള്ള തോട്ടത്തിലായിരുന്നു. ഒരു ക്ലാർക്കിൻെറകൂടെയായിരുന്നു താമസം. അങ്ങിനെ ഇരിക്കുമ്പോഴാണ് ഒരു സഞ്ചാരി താഴത്തുണ്ടെന്നറിഞ്ഞ് അദ്ദേഹം ആളയച്ചത്. അനവധികാലം സഞ്ചരിച്ചിട്ടുള്ള ഒരു മനുഷ്യനാണ് അദ്ദേഹം. മരുഭൂമികളിലെ തകൎന്ന ദേവാലയങ്ങൾ, പാഴ്ഭൂമികളിലെ നഗരാവശിഷ്ടങ്ങൾ, അതൊക്കെ കാണുന്നതിലായിരുന്നു അദ്ദേഹത്തിനു ഭ്രമം. കണ്ണുകൾ പോയതോടെയാണ് സഞ്ചാരം മതിയാക്കിയത്. പലേ അനുഭവങ്ങളേയും പററി അദ്ദേഹം പറഞ്ഞിരുന്നു. പക്ഷേ കണ്ണു പോയ വൃത്താന്തം മാത്രം പറഞ്ഞില്ല. അന്ധനായി ജീവിക്കുന്നതിലുള്ള വിരസതയാണോ ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്നത്? ഞാൻ ചോദിച്ചു:

'മനസ്സിന് എന്താണ് ഇത്ര വിഷമം?'

'ഒന്നുമില്ല!'

'എങ്കിലും?'

'സ്നേഹിതാ! നമ്മുടെ ഈ കഴിയൽ!!'

'അതായത്?'

'ജീവിതമില്ലേ?—ഇതിൻെറ പരമമായ ഉദ്ദേശമെന്ത്?'

'എനിയ്ക്കു നിശ്ചയമില്ല.'

'ആൎക്കും നിശ്ചയമില്ല!...ആണും പെണ്ണും...ജീവരാശികൾ......കോടാനുകോടി ....അനുനിമിഷം ജനിക്കുന്നു...ഇണചേരുന്നു...പെരുപ്പിക്കുന്നു...മരിച്ച് ചീഞ്ഞഴുകി ഭൂമിയിൽ ലയിക്കുന്നു...അതിൽനിന്നുളവായ ഫലമൂലങ്ങൾ...അതിൽനിന്നുളവായ വെള്ളം...ഹോ, ഭ്രാന്ത്!

'ശരി.'

'ശരി!...ഈ ഭ്രാന്തമായ കഴിയലിൻെറ ആവശ്യമെന്ത്?'

'ഇതിന് നാമാരുമല്ലല്ലോ ഉത്തരവാദി. നമ്മുടെ സമ്മതം കൂടാതെ നാം ജനിച്ചു–'

പിന്നെ എന്താണ് പറയേണ്ടത്? എനിക്കൊന്നും തോന്നിയില്ല.

'അതെ, നമ്മുടെ സമ്മതംകൂടാതെ നമ്മെ ജനിപ്പിച്ചു?'

'ഇങ്ങിനെ ഇന്നുവരെ ലോകത്തിൽ ജനിച്ചിട്ടുള്ളവരെല്ലാംതന്നെ അവരുടെ സമ്മതം കൂടാതെ ജനിച്ചവരായിരിക്കാം.'

'അങ്ങിനെ എങ്കിൽ?'

'ജീവരാശികളെക്കൊണ്ട് അതിമഹത്തായ ഒരു പരീക്ഷണം നടത്തുന്നുണ്ടാവാം......'

'ഓ, എല്ലാം...മിഥ്യ!'

'അ—' എന്നു ഞാൻ പറയുംമുന്നെ, "ക്ണോംംം!" എന്ന് മണി ഒന്നടിച്ചു. അതിൻെറ പ്രശാന്തമായ പ്രതിധ്വനി എന്നോണം അദ്ദേഹം ചോദിച്ചു:

'നിങ്ങൾ നാളെത്തന്നെ പോകാൻ തീൎച്ചപ്പെടുത്തിയോ?'

'ഉവ്വ്.'

'എനിക്ക് നിങ്ങളുടെ കൂടെ സഞ്ചരിക്കാൻ എന്തൊരാഗ്രഹമാണെന്നോ!'

'ആവാമല്ലോ. നമുക്ക് ഒരുമിച്ചു പോകാം.'

'ഞാൻ നിങ്ങൾക്ക് ഒരു ഭാരമാവില്ലേ?'

'എങ്ങിനെ?'

'എൻെറ കണ്ണുകൾ?'

'ഓ, അതു സാരമില്ല.'

'നാളെ എങ്ങോട്ടാണ് പോകുന്നത്?'

'ഗുൽമർഗ്ഗിലേയ്ക്ക്'

'അവിടെനിന്ന്?'

'ശ്രീനഗർ.'

'അവിടെനിന്ന്?'

'മറി.'

'അവിടെനിന്ന്?'

'റാവൽപ്പിണ്ടി'

'അവിടെനിന്ന്?'

'തക്ഷശിലാ'

'തക്ഷശിലാ!!!' അദ്ദേഹം ചാടി എഴുന്നേററു. ആ രക്തഗോളങ്ങൾ തുറിച്ചു. 'തക്ഷശിലാ!!!!' വായ് പിളത്തി അദ്ദേഹം നിന്നു. എനിക്കൊന്നും മനസ്സിലായില്ല! ഞാൻ എഴീററ് അദ്ദേഹത്തെ പതുക്കെ പിടിച്ച് കസാരയിൽ ഇരുത്തി. ആ മുഖം വാടിപ്പോയിരിക്കുന്നു!

'സ്നേഹിതാ!' അദ്ദേഹം നിശ്വസിച്ചു, 'എൻെറ നാഡിഞരമ്പുകൾ വിറച്ചുപോയി....സ്മരണ! സ്മരണ!....തക്ഷശിലായിൽ വച്ചാണ് എൻെറ കണ്ണുകൾ പോയത്!'

'എങ്ങിനെ?'

'ഭയന്ന്...വസൂരി പിടിപെട്ടു.'

'എന്തുകണ്ടു ഭയപ്പെട്ടു?'

'മായ...'

'മായ?'

'അതെ, അത്രയ്ക്ക് അയഥാർത്ഥമായ ഒരു സംഭവമാണത്!' അദ്ദേഹം തുടന്നു:

* * * *

പ്രകാശത്തിൻെറ ഒരു വെള്ളിവൃത്തം എൻെറ ഉള്ളിലുണ്ട്. സംഭവങ്ങളുടെ ആദിമുതൽ, അതിൽ ഞാൻ കാണുന്നു: നെടുനീളത്തിൽ ആകാശംമുട്ടെ ഹിമാലയപർവ്വതം; അതൊരു പുകപോലെ മാത്രം. അവിടെന്നെല്ലാം വളരെ താഴെയാണ്. ഘോരവനാന്തരങ്ങളും കീഴ്ക്കാംതൂക്കായ മലഇടുക്കുകളും. അതൊക്കെക്കഴിഞ്ഞു്, കടുംനീലിമയോടെ സിന്ധുനദി ശാന്തമായി ഒഴുകുന്നു. അതിനുമീതെ വലിയ ഒരു പാലം. അതിനുംമീതെ സാവധാനം വടക്കോട്ടു നീങ്ങുന്ന തീവണ്ടി. അതിലിരുന്ന് ഞാൻ കിഴക്കോട്ടു നോക്കുകയാണ്:

നദിയുടെ ഇടത്തേക്കരയിൽ, അതായതു്, എൻെറ വലതുവശത്തായി, ആനമസ്തകങ്ങൾപോലെ കറുത്തുരുണ്ട പാറക്കെട്ടുകൾ. തൊട്ട് വൃക്ഷക്കൂട്ടം. അതു കഴിഞ്ഞു് ഒരുകുന്ന്. അതേതാണ്ട് ചെരിഞ്ഞുകിടക്കുന്ന സ്ത്രീരൂപംപോലെയാണ്. "അതാണ് ചരിത്രപ്രസിദ്ധമായ തക്ഷശിലാ!" അങ്ങിനെ വണ്ടിയിലിരുന്ന ഒരാൾ ചൂണ്ടിക്കാട്ടി. ഞാനൊന്നുഞെട്ടി...ഭൂതകാലത്തിൻെറ വാതിൽ ഗംഭീരശബ്ദത്തിൽ തുറന്നു മലന്നു!...തക്ഷശിലാ! ശംഖനാദം മുഴങ്ങുന്ന പുരാതനദേവാലയങ്ങൾ.....പ്രതാപൈശ്വര്യങ്ങളോടെ ഇരമ്പുന്ന രാജധാനി....പോറസും അലക്സാണ്ഡറും...ആയുധ സംഘട്ടനങ്ങൾ... രണഭേരി...സംഗ്രാമഗീതങ്ങൾ...

അങ്ങിനെ എൻെറ ചിന്തകൾ എങ്ങോ പറന്നു പോയി. എന്നാൽ വണ്ടി എന്നെയും കൊണ്ട് ഇരച്ചുപാഞ്ഞതു് അതൃത്തിദേശത്തേയ്ക്കാണ്.

പെഷവാർ, ലണ്ടീഖാനാ, ലണ്ടീഖോത്തൽ, ഖൈബർപാസ്—അവിടെല്ലാമായി ഒരു നാലുമാസം ഞാൻ ചുററിത്തിരിഞ്ഞു. പക്ഷേ എൻെറ മനസ്സ് തക്ഷശിലായിലായിരുന്നു. രാത്രിയുടെ നിശ്ശബ്ദതയിലൂടെ അവിടെനിന്ന് ആരോ എന്നെ വിളിക്കുന്നതായി സദാ എനിക്കു തോന്നിത്തുടങ്ങി. ഏകാന്തമായ ആത്മാവിൻെറ ദയനീയവിലാപംപോലെയാണതു്. ഇന്ത്യയുടെ പ്രവേശനദ്വാരമായ

ഖൈബർപാസിൽ, യുഗങ്ങളുടെ നിശ്ശബ്ദത നിറഞ്ഞ ആ മലഇടുക്കിൽവച്ച് സ്പഷ്ടമായി ഞാനതു കേട്ടു. ഉൽക്കണ്ഠയോടെ ഞാൻ മടങ്ങി.

തക്ഷശിലയിൽ എന്നെ ഇറക്കിയുംവച്ച് ദുഃഖകരമായ ചൂളംവിളിയോടെ വണ്ടി പാഞ്ഞുപോയി. ആ ചെറിയ സ്റ്റേഷൻ നിശ്ശബ്ദമായി. ഞാൻമാത്രമാണ് അന്നവിടെ ഇറങ്ങിയ ഏക യാത്രക്കാരൻ.

സ്റ്റേഷനിൽനിന്ന് ഒരു മൈലുണ്ട്. കാണാൻ അവിടെ ഒന്നുമില്ല. വിശേഷവിധിയായി ഒരു ജയിൽ, പിന്നെ കുഴിച്ചെടുത്ത പുരാതനവസ്തുക്കൾ ശേഖരിച്ചിട്ടുള്ള ഒരു കെട്ടിടം. ഇത്രയുമാണ് സ്റ്റേഷൻമാസ്റ്റർ പറഞ്ഞത്. അവിടെ ഹോട്ടലും മററുമുണ്ടോ എന്ന് അദ്ദേഹത്തിന് നിശ്ചയമില്ല. അദ്ദേഹം അവിടെ പോയിട്ടില്ല!

“നിങ്ങളിതു കാണാൻ ആയിരം മൈൽ ദൂരനിന്നു വന്നിരിക്കുന്നു! അത്ഭുതം!!” ഒരു ജഡ്കാവണ്ടി ചൂണ്ടിക്കാണിച്ചിട്ട് അദ്ദേഹം നടന്നു.

യുഗാവശിഷ്ടമെന്നോണമുള്ളതാണ് ആ വാഹനം!...പൊളിഞ്ഞ്, ദ്രവിച്ച മേൽക്കൂര. കുതിരയും അതുപോലെതന്നെ: എല്ലുകൾ എഴുന്ന് മെലിഞ്ഞുണങ്ങിയത്, വെള്ളയാണ്, വലിയ പൂച്ചക്കണ്ണുകളുമുണ്ട്. വണ്ടിക്കാരൻ, കഷണ്ടി ബാധിച്ച ഒരു കാക്കയെപ്പോലെയാണ്. പഴയ ഒരു കറുത്ത കോട്ടിൽ പൊതിഞ്ഞ്, കൈയ്യിൽ ചാട്ടയുമായി കൂനിക്കൂടി ഇരിക്കുകയാണ്. അവൻെറ തവളക്കണ്ണാൽ എന്നെ നോക്കി, പല്ലില്ലാത്ത കറുത്ത മോണ കാണിച്ച് അവൻ ചിരിച്ചു. കൊതുകിൻെറ ശബ്ദത്തിൽ അവൻ ചിണുങ്ങി:

“തക്ഷശിലാ?”

“ങ്ഹാ”

അവൻ പെട്ടിയും കിടക്കയും എടുത്ത് വണ്ടിയിൽവച്ചു. ഞാനും കയറി. അവൻ കഴിവതു ശ്രമിച്ചിട്ടും കുതിര അനങ്ങുന്നില്ല! മുമ്പിലെന്തോ കണ്ട് ഭയപ്പെട്ടിട്ടെന്നപോലെ അത് വിറച്ചു. പടക്കം പൊട്ടുന്ന ശബ്ദത്തിൽ, ചാട്ടകൊണ്ട് അവൻ പടപടാ' അടിച്ചു. എന്നിട്ടും കുതിര നടക്കുന്നില്ല! അവൻ ഇറങ്ങി അതിൻെറ കടിഞ്ഞാൺ പിടിച്ചു കൊണ്ട് കുറച്ചിട നടന്നിട്ട് അതിൻെറ ചെവിയിൽ എന്തൊക്കെയോ പറഞ്ഞു. അത് കണ്ണും തുളയ്ക്കുന്ന ശബ്ദത്തിൽ കനച്ചു. അവൻ വീണ്ടും വണ്ടിയിൽ കയറി കൂനിക്കൂടി. കുതിര തലയും വാലും ഉയർത്തി ഓടിത്തുടങ്ങി. ഉരുളൻ കല്ലുകൾ നിറഞ്ഞ ചെമ്മണ്ണുറോഡിലൂടെ വണ്ടി കുന്നിൻമുകളിലേയ്ക്ക് കയറുകയാണ്. ഇരുവശവും മുരണ്ട കുററിക്കാടുകൾ. ദൂരത്തിൽ കണ്ണാടിച്ചില്ലുപോലെ വെട്ടിത്തിളങ്ങുന്ന സിന്ധുനദി. അങ്ങിങ്ങായി നിറംകെട്ട മൺവീടുകൾ. അതുകളുടെ മേൽക്കൂരകളെല്ലാം പരന്നതാണ്. മനുഷ്യരും കന്നുകാലികളും തലഉയർത്തി നോക്കുന്നു. ആ കണ്ണുകൾ! ഉള്ളിൽ നിന്നെന്തോ മാഞ്ഞുപോയതുപോലെ, ഒരു ഇരക്കമില്ലാത്ത നോട്ടമാണ്.

വണ്ടി കുന്നിൻ ചരുവിൽ നിന്നു. വണ്ടിക്കാരൻ ഇറങ്ങി അവൻെറ മോണ കാണിച്ചു:

“തക്ഷശിലാ”

ഞാൻ താഴെ ഇറങ്ങി. തകർന്നടിഞ്ഞ വീടുകൾ, രോഗം ബാധിച്ച നായ്ക്കൾ, വൃത്തികെട്ട കുടികൾ, അളകളിൽ നിന്നെന്നോണം എത്തിനോക്കുന്ന സ്ത്രീപുരുഷന്മാർ......ഭയന്നുനോക്കുന്ന പക്ഷികളെപ്പോലെ........ ശബ്ദമുണ്ടാക്കിയാൽ

ക്കെ പറന്നു പൊയ്ക്കളയുമോ? എങ്ങും ഒരനക്കമില്ലായ്മ! കാററു വീശുന്നുണ്ട്, ഇലകൾ അനങ്ങുന്നുണ്ട്, ആളുകൾ അന്യോന്യം സംസാരിക്കുന്നുണ്ട്—പക്ഷെ ശബ്ദം ഒന്നും കേൾക്കുന്നില്ല!...മരിച്ച അന്തരീക്ഷം!

“താമസിക്കാൻ സ്ഥലം വേണ്ടേ?” വണ്ടിക്കാരൻ കറുത്ത മോണ കാണിച്ചിട്ട് ചിരിച്ചു. “വേണം” എന്നു പറയുന്നതിനുമുമ്പേ അവൻ നടന്നു. കുറെ കഴിഞ്ഞു് അവൻ വന്നു. കൂടെ ദീർഘകായനായ ഒരു പഞ്ചാബിയുമുണ്ട്. അയാളുടെ വീട്ടിൽ താമസിക്കാം. ആഹാരവും തരാം. എല്ലാററിനുമായി പത്തു രൂപാ മുൻപേറു കൊടുക്കണം. സമ്മതമാണോ? അതെ: ഞാൻ സമ്മതിച്ചു.

എനിയ്ക്കു തന്ന മുറിയ്ക്കു് പടിഞ്ഞാട്ട് ഒരു ജന്നലുണ്ട്. അതു തുറക്കുന്നതു് അത്യഗാധമായ ഒരു താഴ്വരയിലേക്കാണ്. ഇഴഞ്ഞിഴഞ്ഞു പോകുന്ന കറുത്ത പാമ്പുകളെപ്പോലെ, അടിയിൽ വെള്ളം മിനുങ്ങി മിനുങ്ങി ഒഴുകുന്നതു് നോക്കിക്കൊണ്ട് ഞാൻ വളരെനേരം നിന്നു. അതിൽനിന്ന് വല്ലാത്ത ഒരു ആവി പൊന്തുന്നുണ്ട്. വല്ലതും അടിയിൽ ചീഞ്ഞുകിടപ്പുണ്ടോ?... ഒന്നുമില്ല. അതു് സൂര്യപ്രകാശം വീഴാത്ത സ്ഥലമാണ്. വീട്ടുടമസ്ഥൻ പറഞ്ഞു:

“പണ്ട് ഇതൊരു കിടങ്ങായിരുന്നു.”

“പണ്ട്?”

അതെന്റെ തലയ്ക്കുള്ളിൽ മുഴങ്ങിക്കൊണ്ടിരുന്നു...പണ്ട്!

അന്നുതന്നെ ഞാൻ ജയിൽ സന്ദർശിച്ചു. അതിൽ വളരെ കുററവാളികളുണ്ട്. പക്ഷെ അവിടെയും അനക്കമില്ല. ശ്വാസംമുട്ടി ഞാൻ വെളിയിൽവന്നു.

ബുദ്ധന്റെ കരിങ്കൽപ്രതിമകളും മററനേകം ശിലാലേഖനങ്ങളും നിറഞ്ഞ ആ കെട്ടിടത്തിൽ വളരെ സമയം ഞാൻ കഴിച്ചുകൂട്ടി...മൺമറഞ്ഞ മഹാ തലമുറയുടെ അവശേഷങ്ങൾ!...അതുകൾ നിർമ്മിച്ച കൈകൾ എവിടെ?...ആ മനുഷ്യർ!...അഴകും ആരോഗ്യവും പാലിച്ചിരുന്ന സ്ത്രീപുരുഷന്മാർ! അവരെല്ലാം എങ്ങുപോയൊടുങ്ങി?

‘എനിക്കെന്തെന്നില്ലാത്ത ദുഃഖം! വെറുതെ കരയണമെന്നെനിക്കുതോന്നി. നദിയുടെ കരയിലുള്ള ബസാറുകൂടി കണ്ടിട്ട് താമസസ്ഥലത്തേയ്ക്കു് മടങ്ങാമെന്നുദ്ദേശിച്ച്, ഒററയടിപ്പാതവഴി ഞാൻ താഴത്തേക്കിറങ്ങി. പുതുതായി വിടന്ന പനിനീർപുഷ്പങ്ങളുടെ പുതുസൗരഭ്യം!......എങ്ങോ ഒരു പൂന്തോട്ടമുണ്ട്! പക്ഷെ മുമ്പിലൊക്കെ ഇടിഞ്ഞുപൊളിഞ്ഞ വീടുകളാണ്. ഞാൻ അതുകളുടെ ഇടയിലൂടെ കടന്നു. എങ്ങുനിന്നോ ഒരു മൂളിപ്പാട്ട്!...... അതൊരു യുവതിയുടേതാണ്!......അതിന്റെ മാധുര്യത്താൽ എന്റെ കരളലിഞ്ഞു...വെള്ളിമണിയുടെ മന്ദ്രധ്വനിപോലെ ഒരു ചിരി!... ഞാൻ ചുററിനും നോക്കി......അടുത്ത നിമിഷത്തിൽ അത്ഭുതസ്തബ്ധനായി ഞാൻ നിന്നുപോയി!...... സൗന്ദര്യം!...വിശ്വസൗന്ദര്യം!!... യൗവ്വനയുക്തയായ ഒരു യുവതി!

ദേവാംഗനയോ, മനുഷ്യസ്ത്രീയോ അവൾ?...അതോ പൂനിലാവ് സ്ത്രീരൂപം പൂണ്ടതോ?...നേരിയ വസ്ത്രത്തിലൂടെ ശരീരത്തിന്റെ അഴക് മുഴവനും പ്രദർശിപ്പിച്ചുകൊണ്ട്, അർദ്ധനിമീലിതങ്ങളായ നേത്രങ്ങളോടെ, മൺവീടിനു മുമ്പിൽ അവൾ നിൽക്കയാണ്!...രാത്രിയേക്കാൾ കറുത്ത കേശഭാരം, ചുരുളുചുരുളായി അങ്ങിനെ വീണുകിടക്കുന്നു. അവൾ മുഖം ഉയർത്തി. ആ കണ്ണുകൾ പ്രകാശിച്ചു. ആ ചുണ്ടുകൾ വിടന്നു. സലജ്ജം അവൾ ചോദിച്ചു:

"ആരെയാണ് അന്വേഷിക്കുന്നത്?"

"ഭവതിയെ."

"എന്നെയോ?" അവളുടെ മാറിടം ഒന്നു കുലുങ്ങി.

"അതെ!"

"എന്തിന്?"

"എനിയ്ക്കു ദാഹിക്കുന്നു."

"അങ്ങ് ആരാണ്?"

"ഞാനൊരു സഞ്ചാരി."

"സഞ്ചാരി!" അവൾ അകത്തുപോയി ഒരു പാത്രത്തിൽ ജലം കൊണ്ടുവന്നു. ഞാനതു മുഴുവനും, അവളെ നോക്കിക്കൊണ്ട്, ഒററവലിക്കു കുടിച്ചു.

"ഇനി വേണമോ.?

"വേണം!"

ചിരിച്ചുകൊണ്ട്, വീണ്ടും അവൾ കൊണ്ടുവന്നു. വീണ്ടും കുടിച്ചിട്ട്, വീണ്ടും ഞാൻ ആവശ്യപ്പെട്ടു. എനിയ്ക്കുത്രയ്ക്കു ദാഹമുണ്ടായിരുന്നു! അവളുടെ കൈയ്യിൽനിന്ന് എന്റെ അന്ത്യശ്വാസംവരെ വെള്ളം കുടിച്ചാൽ മതിവരുകില്ല, എന്നെനിയ്ക്കു തോന്നി. അവൾ ചൊടിച്ചു; സിന്ധുനദി ചൂണ്ടിക്കാട്ടി: "ദാ അങ്ങോട്ടിറങ്ങി കുടിക്കാം."

"ഭവതി വെള്ളംകോരി എനിയ്ക്കു തരികയാണെങ്കിൽ, സിന്ധുനദി വററിപ്പോകും—ലോകത്തിൽ ഒരു തുള്ളി വെള്ളവും ശേഷിക്കുകയില്ല!"

"നിങ്ങൾ എന്തിനാണ് സഞ്ചരിക്കുന്നത്?"

"ഹാ! ആരെക്കാണുവാൻ,—എന്തു കേൾക്കുവാനെന്ന് ഇതുവരെ നിശ്ചയമില്ലായിരുന്നു!"

"ഇപ്പോഴോ?"

"എല്ലാം നിശ്ചയമായി. ഭവതിയെ ക്കാണാൻ!—ആ ശബ്ദം കേൾക്കുവാൻ!"

"ഇപ്പോൾ എങ്ങോട്ടു പോകയായിരുന്നു?"

"ഇവിടെ എവിടയോ ഒരു ബസാറുണ്ടെന്നു കേട്ടു."

"എന്നാലേ, കുറച്ചുകൂടി പടിഞ്ഞാട്ടു പോയാൽ അതു കാണാം." എന്നു പറഞ്ഞിട്ട് അവൾ അകത്തു കയറി വാതിലടച്ചു.

ഞാൻ കുറെ ദൂരം ചെന്ന് തിരിഞ്ഞു നോക്കിയപ്പോൾ അവൾ ഭിത്തി മറഞ്ഞു നിന്നു വല്ലാതെ നോക്കുകയാണ്! ഞങ്ങൾ തമ്മിൽ ഒരു നിമിഷം നോക്കി. അവൾ പുഞ്ചിരിതൂവിക്കൊണ്ട് തല വലിച്ചുകളഞ്ഞു.

ഞാൻ ബസാറിൽനിന്നു മടങ്ങിവരുന്ന വഴിയ്ക്കു അവളെ കണ്ടില്ല. ബസാറെന്നു പറയാൻ ഒന്നുമില്ല. അഞ്ചാറു കടകളുണ്ട്, മിക്കതും പൂട്ടിത്തന്നെ കിടക്കുകയാണ്. തുറന്നിരിക്കുന്നതായി രണ്ടു കടയേ ഉള്ളു. ഒന്നൊരു കശാപ്പുകട. അവിടെ ഒരു ആടിനെ പൊളിച്ചു തൂക്കീട്ടുണ്ട്. അതിൽ ഈച്ചകൾ പൊതിഞ്ഞു് ആർക്കുന്നുമുണ്ട്. നാക്കുനീട്ടി, കണ്ണുകൾ മിഴിച്ച്, കറുത്ത ആട്ടിൻതല. അതിനകത്തു് ഉറക്കംതൂങ്ങുന്ന വൃദ്ധനായ കശാപ്പുകാരൻ. അവന്റെ അറപ്പുകത്തി നക്കിത്തുടച്ചുകൊണ്ട് നിന്ന നായ് എന്നെ നോക്കി മുരണ്ടു. വേറൊന്നുള്ളതു് പലചരക്കുകടയാണ്. പല നായ്ക്കളും അങ്ങിങ്ങായി കിടപ്പുണ്ട്. പക്ഷെ ഞാൻ കണ്ടിരുന്നതു് അവളുടെ മുഖമാണ്! ഞാൻ അതും ധ്യാനിച്ചുകൊണ്ട് ഒരു കല്ലിൽ ഇരുന്നു. നീലവിശാലമായ സമുദ്രംപോലെ സിന്ധുനദി എന്റെ മുമ്പിൽ കിടപ്പുണ്ട്. അതിൽ നേരിയ ഒരു അലപോലുമില്ല. അന്തമില്ലാത്ത ദൂരത്തേയ്ക്കു് എന്റെ കണ്ണുകൾ പാഞ്ഞുപോയി......അങ്ങിനെ എത്ര സമയം ഞാൻ ഇരുന്നു എന്നെനിക്ക് നിശ്ചയമില്ല.

ഞാൻ നദിയിൽ ഇറങ്ങി ഒരു കൈക്കുമ്പിൾ വെള്ളം കോരി നോക്കി. വെറും ജിജ്ഞാസ ശമിപ്പിക്കാനാണ്. പക്ഷെ ജലത്തിലൂടെ എൻെറ കൈവെള്ളയിലെ രേഖകൾ തെളിഞ്ഞുകാണാം. ഞാൻ പതുക്കെ മുകളിലേയ്ക്കു കയറി. ഹാ, മാദകമായ ഒരു പരിമളം! അതെൻെറ തലച്ചോറിലെത്തി. നാഡിഞരമ്പുകളിലെങ്ങും വ്യാപിച്ചു...അവൾ മുകളിൽ ഒരു ഉരുളൻപാറയിൽ ഇരിക്കുന്നു!

പുതുതായി വിടർന്ന പനിനീർപുഷ്പം പോലെ അവൾ പുഞ്ചിരിതൂകി

"എവിടെപ്പോയിരുന്നു താഴത്തേയ്ക്ക്?"

"വെള്ളം കടുംനീലമായിരിക്കുന്നു — അതു നോക്കാൻ"

"എന്നിട്ട്?"

"കാണുന്നതുപോലെയല്ല."

"സത്യം!" അവൾ ചിരിച്ചു. ഹാ, എന്തൊരു സൗന്ദര്യം!...ഞാൻ കണ്ടിട്ടുള്ള യുവതികളിൽ ആർക്കാണ് ഇവളുടെ ഛായയുള്ളത്?...ആർക്കുമില്ല!... എന്നാൽ എല്ലാവരുടേയും ഛായ ഇവളിലുണ്ട്. ആരാണിവൾ?...ശ്മശാനത്തിൽ ഈ മനോഹരകുസുമം എങ്ങിനെയുണ്ടായി?

"ഇവിടെ എല്ലാം കണ്ടുകഴിഞ്ഞോ?"

"മിക്കതും."

"പൂനിലാവിൽ ഈ നദി കണ്ടിട്ടുണ്ടോ?"

"ഇല്ല."

"ഇന്ന് പൗർണ്ണമിയാണ്."

"അതെ! ആ മുഖമാണ് പൗർണ്ണമി!"

"ഏതു മുഖം?"

"ഭവതിയുടെ സുന്ദര..."

അതു പറഞ്ഞു തീരുംമുമ്പെ അവൾ എഴുന്നേറ്റു നടന്നു...അന്നു സന്ധ്യയ്ക്ക് ഞാൻ അവിടെ ഹാജർ കൊടുത്തു. വീട്ടുടമസ്ഥനായ പഞ്ചാബി ബസാറിൽനിന്നു വരുന്നവഴിക്ക് എന്നെ കണ്ടു. "ഇവിടെ ഒററയ്ക്കു ഇരിക്കുന്നതു നന്നല്ല. പോരൂ. വീട്ടിൽ ഇരുന്നു നോക്കിയാൽ നദി കാണാമല്ലോ." അയാൾ എൻെറ അടുത്തു വന്നിരുന്നു. ഞാൻ അയാളെ മനസ്സാ ശപിച്ചു. എട്ടുമണിയോടെ ഞങ്ങൾ മടങ്ങി.

ഒരു കാർമേഘത്തിൽ ചന്ദ്രൻ ഒളിച്ചു. രാത്രി വിളറിയതാണ്. ഞാൻ കിടന്നു. ഞാൻ ഉറങ്ങിപ്പോകുകയാണ്...എന്നെ ആരോ വിളിക്കുന്നു!...ത്വരിതമായി!... ഇടവിടാതെ! അവളുടെ ശബ്ദമാണല്ലോ അത്?

ഞാൻ എഴുന്നേററിരുന്നു. പൂനിലാവ് എൻെറ മുറിയിലേയ്ക്ക് എത്തിനോക്കുകയാണ്! ഞാൻ റിസ്റ്റ് വാച്ച് നോക്കി: മണി പത്തു കഴിഞ്ഞിട്ടേയുള്ളു. അത്ഭുതം!... ചന്ദ്രൻ കിഴക്കല്ലേ ഉദിക്കുന്നത്? അതോ എൻെറ മുറി കിഴക്കുവശത്താ? എൻെറ തല കറങ്ങിത്തുടങ്ങി. ലോകമെല്ലാം കറങ്ങുകയാണ്!...അതിൻെറ മദ്ധ്യത്തിൽ പൂനിലാവ്!

ഞാൻ കിടക്കയിലേയ്ക്ക് ചാഞ്ഞു എനിക്കൊരു തോന്നൽ: എൻെറ കിടക്കയിൽ ആരോ കിടക്കുന്നുണ്ട്!...നീളം കുറഞ്ഞ ഒരു ജന്തു!

എൻെറ രണ്ടു തോളിലും കൈവച്ചുകൊണ്ട് എന്നെ ഒളിഞ്ഞുനോക്കുന്നു!... മലീമസങ്ങളായ കണ്ണുകൾ!... പേടിയേക്കാളധികം എനിയ്ക്കു വെറുപ്പാണുണ്ടായതു്. വെറുപ്പ്!... എനിക്കനങ്ങാൻ വയ്യ. അതെൻെറ നെഞ്ചിൽ കയറി ഇരിക്കുന്നു. പർവ്വതത്തിൻെറ ഘനം!... എൻെറ മുഖത്തേയ്ക്കു് അതിൻെറ മുഖം അടുപ്പിക്കുകയാണ്.. ഞാൻ കൈ കൊണ്ട് തള്ളി...ഞങ്ങൾതങ്ങളിൽ മൽപിടുത്തം!

കടുവായ് ആടിനെ കഴുത്തിനു കടി

ച്ചുകുടയുന്നതുപോലെ ഞാൻ കുടഞ്ഞതായും അതു് താഴത്തേയ്ക്കു് വീണതായും എനിക്കു തോന്നി. ബോധം വന്നപ്പോൾ ഞാൻ ജന്നലിൽ ഇരിക്കുകയാണു്! എൻെറ ഹൃദയത്തിൻെറ ഇടിപ്പു നിന്നുപോയി. ആ ഭയങ്കരഗത്തം അങ്ങിനെ വാ പൊളിച്ചുകിടക്കുന്നു!

വിറച്ചു വിറച്ചു് ഞാൻ പതുക്കെ ഇറങ്ങി.

പകലിൻെറ വെളിച്ചത്തിൽ അതേപ്പററി ഞാൻ ചിന്തിച്ചു. കഴിഞ്ഞതൊക്കെ യഥാൎത്ഥമോ, സ്വപ്നമോ? ഒക്കെ പണ്ടു് സംഭവിച്ചതുപോലെയാണു് തോന്നിയതു്. അത്രയ്ക്കു് വിദൂരമായിപ്പോയി എല്ലാം. അവൾ മാത്രമാണു് സത്യമായിട്ടുള്ളതു്. ആ നോട്ടം! ആ ശബ്ദം!!

എൻെറ രക്തത്തിനു തീപിടിച്ചു. നവമായ ഒരു വേദനയാൽ എൻെറ ഹൃദയം വിങ്ങി.

മൺതരി വീണാൽ ലോകത്തിലെങ്ങും കേൾക്കത്തക്ക നിശ്ശബ്ദത! ഞാൻ കാത്തിരുന്നു. സന്ധ്യകഴിഞ്ഞു. ചന്ദ്രനും ഉദിച്ചുപൊന്തി. ലോകം ഒരു പുതുവൎണ്ണത്തിൽ മുങ്ങി.

“കാഴ്ച എങ്ങിനെ?” അവൾ എൻെറ പിന്നിൽ നിൽക്കുന്നു!

“സ്വൎഗ്ഗതുല്യം!” ഞാൻ എഴീററു.

“കഴിഞ്ഞ രാത്രിയോ?”

“നരകതുല്യം!”

“കാരണം?” അവൾ താഴെ ഇരുന്നു; പൊടിമണ്ണിൽ മലൎന്നു...എൻെറ ദേഹമാകെ കിലുകിലാ വിറച്ചു. ഞാൻ ചോദിച്ചു:

“കഴിഞ്ഞ രാത്രി ഭവതി എവിടെയായിരുന്നു?”

“ഞാൻ വന്നിരുന്നല്ലോ?” കാററടിച്ചു ആ മാറിടത്തിലെ വസ്ത്രം നീങ്ങി. ഞാൻ എല്ലാം മറന്നു......

അവളുടെ ശിരസ്സ് എൻെറ മടിയിൽ ......ആ കൈകൾ എൻെറ കഴുത്തിൽ... പവിഴംപോലുള്ള അധരങ്ങൾക്കു് മുന്തിരിച്ചാറിനേക്കാൾ മാധുൎയ്യമോ?......അവളുടെ ആ ഉച്ഛ്വസിത വായു!......പനിനീർ പുഷ്പത്തെക്കാൾ സൗഗന്ധികമോ? ഞങ്ങളുടെ ഹൃദയങ്ങൾ ഒന്നായി ഇടിക്കുകയാണു് ......

“നമുക്കു് അകത്തു പോകാം?” അവൾ മന്ത്രിച്ചു.

“എന്തു്, തണുപ്പു തോന്നുന്നുവോ?”

“അല്ല. പേടിയാവുന്നു!”

“പേടി?” അതിനു സമാധാനമെന്നോണം നായ്ക്കളുടെ മോങ്ങൽ! അല്ല—അതുപോലുള്ള ചില നീണ്ടു് നേൎത്ത നിലവിളികൾ! കരിയിലകളെല്ലാം പറന്നു്, ജന്തുക്കളായി വൃക്ഷങ്ങളിൽ ഇരുന്നു നോക്കുന്ന പ്രതീതി! ഞാൻ അവളെ കോരി എടുത്തു മാറോടു ചേൎത്തുകൊണ്ടു് നടന്നു. ആ വീട്ടിനുള്ളിൽ പൂനിലാവുപോലുള്ള പ്രകാശം!

ഞാൻ മുകളിലേയ്ക്കു നോക്കി. മേൽക്കൂര ഇല്ലാത്ത വീടു്, ചന്ദ്രൻ ഉച്ചയിൽ! അമ്പരന്നു് ഞാൻ അവളുടെ മുഖത്തേയ്ക്കു് നോക്കി. ഞാൻ നടുങ്ങിപ്പോയി. ഞാൻ ആലിംഗനം ചെയ്തിരിക്കുന്നതു് വെളുവെളെയുള്ള ഒരു അസ്ഥിപഞ്ജരത്തെയാണു്!

ഇളിച്ചുനോക്കുന്ന അസ്ഥിപഞ്ജരം!!... വെട്ടിഇട്ട തടിപോലെ ഞാൻവീണു. അതു ഞെരിഞ്ഞു് കുമ്മായംപോലെ പൊടിഞ്ഞു്, ധൂളിയായി ലോകംമുഴുവൻ വ്യാപിക്കുന്നതായും, പിന്നീടതെല്ലാം നിലാവിൽ പററിച്ചേൎന്നു് വെണ്മയോടെ തെളിഞ്ഞതായുമുള്ള അസ്പഷ്ടമായ ഒരു ഓൎമ്മയുണ്ടു്!

# ക്രിസ്തുമസ്സ് നക്ഷത്രം

എം. എം. മാത്യു, ബി. എ.

ക്രിസ്തു അവതരിച്ച വേളയിൽ ആകാശത്ത് ഒരു അത്ഭുതനക്ഷത്രം പ്രത്യക്ഷമായതായും, ആ അപൂർവ്വനക്ഷത്രോദയം ഒരു മഹാരാജാവതാരസൂചകമാണെന്നു നിഗമനം ചെയ്ത ചില പൗരസ്ത്യവിദ്വാന്മാർ അവതീർണ്ണനായ അത്ഭുതശിശുവിനെ സന്ദർശിക്കുന്നതിനായി പലസ്തീൻദേശത്തേക്കു പ്രയാണം ചെയ്തതായും ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പൗരസ്ത്യവിദ്വാന്മാർക്ക് അപരിചിതവും വാനനിരീക്ഷണ നിരതന്മാരായ മഹാജ്ഞാനികളേപ്പോലും ആശ്ചര്യഭരിതരാക്കുന്നതിനു പര്യാപ്തവുമായ ഒരു അപൂർവ്വഗോളമായിരുന്നു പ്രസ്തുത നക്ഷത്രം എന്നത്രെ ബൈബിളിലെ വിവരണംകൊണ്ട് അനുമാനിക്കാവുന്നത്. വിദ്വാന്മാരെ ബേത്ത്ലഹേമിലേക്കു മാർഗ്ഗദർശനം ചെയ്ത "ബേത്ത്ലഹേം താരകം" (Star of Bethlehem) എന്നറിയപ്പെടുന്ന പ്രസ്തുത ജ്യോതിഷ് പ്രതിഭാസത്തെപ്പററി വാനശാസ്ത്രജ്ഞന്മാർ ഇപ്പോഴും വാദങ്ങളും അന്വേഷണങ്ങളും നടത്തുന്നുണ്ട്.

ആകാശത്തിലേക്കും ശോഭകൂടിയ 'ലുബ്ധക'നക്ഷത്രമാണ് ക്രിസ്തുമസ്സ് കാലനക്ഷത്രം. പ്രസ്തുത നക്ഷത്രം നഭോമണ്ഡലത്തിൻെറ പുരോഭാഗത്ത് 'മകയിരം' നക്ഷത്രസമൂഹത്തിനു തൊട്ടു താഴെയായി രജതപ്രഭയോടുകൂടി തെളിഞ്ഞുശോഭിക്കുന്നതു ക്രിസ്തുമസ്സ്കാലത്ത് ആക്കും കാണാവുന്നതാണ്. പക്ഷെ, "അവൻെറ നക്ഷത്രം ഞങ്ങൾ കിഴക്കു കണ്ടിരിക്കുന്നു" എന്നു വിദ്വാന്മാർ പറഞ്ഞതു് ഈ നക്ഷത്രത്തെ ഉദ്ദേശിച്ചായിരിക്കയില്ല. പടിഞ്ഞാറോട്ടുപോയ വിദ്വാന്മാർക്ക് മാർഗ്ഗദർശനം ചെയ്തതു് കിഴക്കുദിച്ച ഒരു നക്ഷത്രമായിരിക്കാനിടയില്ലല്ലോ.

നവീനകാലഗണിതസമ്പ്രദായമനുസരിച്ചു കണക്കാക്കിയാൽ ക്രിസ്തുവിൻെറ ജനനം ബി. സി. ഏഴിനും രണ്ടിനും മദ്ധ്യേ ആയിരുന്നിരിക്കാമെന്നാണ് ഗണിതശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ബി. സി. ഏഴാം ആണ്ടിൽ വ്യാഴം, ശനി, എന്നീ രണ്ടു ഗ്രഹങ്ങൾ മൂന്നു പ്രാവശ്യം മീനം രാശിയിൽ ഒരുമിച്ചു നിന്നിട്ടുള്ളതായി ഗണിച്ചു കണ്ടിരിക്കുന്നു. ജൂൺ 7, സെപ്തംബർ 18, ഡിസംബർ 15, എന്നീ തീയതികളിൽ പ്രസ്തുത ഗ്രഹങ്ങൾ പരസ്പരം അടുത്തുവന്നതായും കണ്ടിട്ടുണ്ട്. ജൂൺമാസത്തിൽ ഈ ഗ്രഹങ്ങൾ സൂര്യോദയത്തിനു അഞ്ചുമണിക്കൂർ മുമ്പ് കിഴക്കേ ചക്രവാളത്തിലും, സെപ്തംബർ മാസത്തിൽ രാത്രി മുഴുവനും, ഒരുമിച്ചു പ്രശോഭിച്ചിരുന്നു; ഡിസംബർ 15-ാംനു- അസ്തമയാനന്തരം ഈ വൻഗോളങ്ങൾ രണ്ടും ഒരു ഇരുനക്ഷത്രംപോലെ പടിഞ്ഞാറേ ചക്രവാളത്തിൽ ശോഭിച്ചു നിലകൊണ്ടതായും രേഖപ്പെടുത്തിയിരിക്കുന്നു.

മേല്പറഞ്ഞ വസ്തുതകൾ ഗണിച്ചു കണ്ടതു് 'കെപ്ലർ' എന്ന ജർമ്മൻ ജ്യോതിശ്ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിൻെറ ഗണിതഫലങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പിശകുമില്ല. പക്ഷേ, ക്രിസ്തുവിൻെറ ജനനവേളയിൽ ഉദയം ചെയ്തതെന്നു പറയുന്ന ആ അത്ഭുതതാരകം ഇതായിരുന്നുവെന്നു സ്ഥാപിക്കുന്നതിനുവേറെ തെളിവുകളൊന്നുമില്ല. ഇതുപോലെ തന്നെ വ്യാഴവും ശുക്രനും തമ്മിലും ചില

സന്ദർഭങ്ങളിൽ യോഗം ഭവിച്ചിട്ടുണ്ട്. അതൊക്കെ ആസ്പദമാക്കിക്കൊണ്ടുള്ള സിദ്ധാന്തങ്ങളൊന്നുംതന്നെ ഇക്കാര്യത്തിൽ സ്വീകൃതങ്ങളല്ല.

ജ്യോതിർ ഗോളങ്ങളുടെ ഗണത്തിൽ ഇതേവരെ അറിയപ്പെട്ടിട്ടില്ലാത്ത ഒരു അജ്ഞാതധൂമകേതു ക്രിസ്ത്വബ്ദാരംഭത്തിൽ ഉദയം ചെയ്തതാണ് ക്രിസ്തുമസ്സ് നക്ഷത്രം എന്ന് ഒരഭിപ്രായമുണ്ട്. ബി. സി. നാലാമാണ്ട് മാർച്ച് മാസത്തിൽ ഒരു ധൂമകേതു ഏകദേശം എഴുപതു ദിവസത്തേക്ക് നഭോമണ്ഡലത്തിൽ പ്രത്യക്ഷമായതായും മറെറാന്ന് ബി. സി. മൂന്നാമാണ്ട് ഏപ്രിൽ, മെയ് മാസങ്ങളിൽ അംബരമാർഗ്ഗത്തൂടെ എരിഞ്ഞു ശോഭിച്ചു പാഞ്ഞുപോയതായും ചീനരാജ്യത്തെ ചില പുരാതന ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിൻെറ ജന്മദിനം ക്രൈസ്തവസഭ കൊണ്ടാടുന്നതു് ഡിസംബർ മാസത്തിലാണല്ലോ. ചില പ്രത്യേക കാരണങ്ങളാലും പരിതഃസ്ഥിതികളാലുമാണ് ഇങ്ങനെയൊരു കാലനിർണ്ണയം ചെയ്തിട്ടുള്ളതു്. യഥാർത്ഥത്തിൽ ക്രിസ്തു ഭൂജാതനായതു ഡിസംബറിലല്ല, മാർച്ച് മാസത്തിലാണെന്നത്രേ പണ്ഡിതന്മാരുടെ പ്രബലമായ അഭിപ്രായം. ഈ അഭിപ്രായം ശരിയാണെങ്കിൽ ചീനത്തുകാരുടെ പ്രാചീന ചരിത്രരേഖകളിൽ സൂചിപ്പിച്ചിട്ടുള്ള വാൽനക്ഷത്രോദയം ക്രിസ്തുവിൻെറ ജനനകാലത്തോടു യോജിച്ചു വരുന്നുണ്ട്.

ഭീമാകാരമായ ഒരു ധൂമകേതു ക്രിസ്തുവർഷം 1858-ൽ പ്രത്യക്ഷമായിട്ടുണ്ട്. ലോകംപാടെയുള്ള മനുഷ്യരെല്ലാം അത്ഭുതപ്പെടുകയും, അധികംപേർ ആളുകൾ ഭയചകിതരാകുകയും ചെയ്യത്തക്കവണ്ണം അത്ര വലുതായിരുന്നു ആ വാൽനക്ഷത്രം. പ്രസ്തുത ഗോളം സൂര്യനെ പ്രദക്ഷിണം ചെയ്തുവരുന്നതിന് ഏകദേശം 2000 വത്സരം വേണ്ടിവരുമെന്നാണ് വാനശാസ്ത്രജ്ഞന്മാരുടെ കണക്ക്. അങ്ങനെയെങ്കിൽ ക്രിസ്തുവിൻെറ ജനനസമയത്തു പ്രത്യക്ഷപ്പെട്ട അത്ഭുതനക്ഷത്രം അതായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. പക്ഷേ, അതൊരു വാൽനക്ഷത്രമായിരുന്നെങ്കിൽ എല്ലാ മനുഷ്യരുടേയും ദൃഷ്ടിയിൽ അതു പെട്ടമായിരുന്നു. എന്നാൽ 'ബത്ത്ലഹേം താരകം' ദർശിച്ചതു് പൗരസ്ത്യവിദ്വാന്മാർ മാത്രമായിരുന്നു. കൂടാതെയും ധൂമകേതു ശുഭസംഭവസൂചകമല്ല, പ്രത്യുത, അനർത്ഥകാര്യങ്ങളുടെ പൂർവ്വഗാമിയാണ് എന്നുള്ള വിശ്വാസമായിരുന്നു പുരാതനന്മാർക്കുണ്ടായിരുന്നതെന്ന് ചരിത്രകാരന്മാർപോലും സമ്മതിക്കുന്നുണ്ട്. ആ സ്ഥിതിക്ക് ധൂമകേതു സിദ്ധാന്തം ഇക്കാര്യത്തിൽ സ്വീകാര്യമല്ലാതാണിരിക്കുന്നതു്. ആധുനികശാസ്ത്രജ്ഞന്മാരിലാരും അതിനെ ആദരിച്ചു കാണുന്നുമില്ല.

ഇങ്ങനെയെല്ലാമാണെങ്കിൽ, ബേത്ലഹേമിൽ ഉദിച്ച ആ അത്ഭുതനക്ഷത്രം പിന്നെ ഏതായിരിക്കാം? വാനശാസ്ത്രത്തിലെ അപൂർവ്വകാര്യങ്ങളിലൊന്നായ ഒരു നവ്യതാരകമായിരുന്നിരിക്കാം അതു് എന്നത്രേ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇത്തരമൊരു പുതുനക്ഷത്രം അടുത്തകാലത്തു പ്രത്യക്ഷപ്പെടുകയുണ്ടായി. "നോവാ ഹെർക്കുലീസ്" എന്നു പാശ്ചാത്യ വാനശാസ്ത്രജ്ഞന്മാർ നാമകരണം ചെയ്തിട്ടുള്ള പ്രസ്തുത നവ്യതേജഃപുഞ്ജം പ്രത്യക്ഷമായതു് 1935-ാം ആണ്ടിൻെറ അന്ത്യഘട്ടത്തിലായിരുന്നു. 1935 ഡിസംബർ ആദ്യം സൂചിമുനപോലുള്ള ഒരു രശ്മി മാത്രമായിരുന്ന പ്ര

സ്തുത നക്ഷത്രത്തിൻെറ ശോഭ അതിശീഘ്രം എഴുനൂറു മടങ്ങായി വൎദ്ധിച്ച് ഡിസംബർ 22-ാംനു- ആയപ്പോഴേക്ക് അതിൻെറ പ്രഭാപൂരം പരമകാഷ്ഠയിലെത്തി, ഒന്നാം കിടയിൽപെട്ട നക്ഷത്രങ്ങളെപ്പോലെ അതു് ഉജ്ജ്വലിച്ചു ശോഭിക്കയും ചെയ്തു. തദനന്തരം അതു മങ്ങിത്തുടങ്ങി. നവവത്സരദിനത്തിൽ നിരീക്ഷകന്മാർ നോക്കിയിട്ട് അതിനെ കാണാൻപോലും പ്രയാസമായിരുന്നു. ഇപ്പോഠം അതു് അശേഷം ദൃശ്യമല്ലാതായിരിക്കുന്നു. ബേത്ത് ലഹേമിൽ ഉദിച്ച നക്ഷത്രത്തിൻെറ പുനഃപ്രത്യക്ഷതയായിരുന്നു 'നോവാ ഹെക്യലീസ്' എന്നുപോലും ചിലർ വിശ്വസിച്ചുപോന്നു. പക്ഷേ ഇത്തരം നവ്യതാരകങ്ങഠം വീണ്ടും വീണ്ടും പ്രത്യക്ഷമാകുന്നവയല്ല. അതിവിദൂരസ്ഥങ്ങളായ താരസമൂഹങ്ങളിലെവിടെയോനിന്ന് ആകസ്മികമായി പൊട്ടിപ്പുറപ്പെടുന്ന പ്രഭാപുഞ്ജമാണ് ഇങ്ങനെ നവ്യതാരകമായി പ്രത്യക്ഷമാകുന്നതു്. ഉജ്ജ്വലശോഭയോഠടെ ഉദയംചെയ്തശേഷം ക്രമേണ മങ്ങിമങ്ങി അവസാനം അന്തരിച്ചുപോകുന്ന പ്രസ്തുത ജ്യോതിഷ്പ്രതിഭാസം പിന്നീടൊരിക്കലും മനുഷ്യദൃഷ്ടികഠംക്ക് ലക്ഷീഭവിക്കുന്നില്ലെന്നത്രേ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം.

1572-ൽ ടൈക്കോബ്രാഹി എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ കണ്ടുപിടിച്ച ഒരു നവ്യതാരകമാണ് ഇക്കൂട്ടത്തിൽ ഏററവും പ്രസിദ്ധമായതു്. 'പെരുമീൻ' ഗ്രഹത്തെയും വെല്ലുന്ന പ്രഭയോടുകൂടി പ്രസ്തുത നക്ഷത്രം നട്ടുച്ചനേരത്തും ദൃശ്യമായിരുന്നു. അത്തരമൊരു നക്ഷത്രം ചരിത്രകാലത്തെങ്ങും പ്രത്യക്ഷമായിട്ടില്ലപോൽ. ആദ്യം രജതപ്രഭയോടെ പ്രകാശിക്കയും, പിന്നീട് അതു മാറി രക്തവൎണ്ണമാകയും, പിന്നെയും വെണ്മയോടെ പ്രശോഭിക്കയും ചെയ്തുകൊണ്ടിരുന്ന ഈ അത്ഭുതതാരകം 1574 മാൎച്ച് മാസത്തിൽ മങ്ങി മറകയാണുണ്ടായതു്. യോശുവായുടെ ആജ്ഞാപനത്തിങ്കൽ സൂൎയ്യൻ ആകാശത്തു നിശ്ചലനായി നിന്നതുപോലെയോ, യേശുവിൻെറ ജനനകാലത്ത് ഒരു നക്ഷത്രം പൗരസ്ത്യവിദ്വാന്മാൎക്ക് മാൎഗ്ഗദൎശനം ചെയ്തതുപോഠലെയോ ഉള്ള ഒരു അത്ഭുത സംഭവമാണ് പ്രസ്തുത നവ്യതാരകോദയമെന്നു ടൈക്കോബ്രാഹി അഭിപ്രായപ്പെടുകയുണ്ടായി. 1604-ൽ കെപ്ലർ എന്ന ശാസ്ത്രജ്ഞനും ഒരു നവ്യതാരകം നഗ്നദൃഷ്ട്യാ ദൎശിക്കയുണ്ടായി. അതിനെപ്പററിയും ഏതാദൃശമായ ഒരഭിപ്രായമായിരുന്നു കെപ്ലൎക്കുണ്ടായിരുന്നതു്. ഇങ്ങനെ ആകസ്മികമായി പ്രത്യക്ഷമാകയും കുറെക്കഴിഞ്ഞു നിഷ്പ്രഭമായ്പ്പോകയും ചെയ്യുന്ന നവ്യതാരകങ്ങളുടെ സംഖ്യ വൎദ്ധിച്ചുകൊണ്ടേയിരിക്കുമെന്നാണ് ബെയിലി എന്ന ശാസ്ത്രജ്ഞൻെറ അഭിപ്രായം. ഏതായാലും ക്രിസ്ത്വവതാരപ്രഖ്യാപനാൎത്ഥം ഉദയം ചെയ്തതു് ഒരു നവ്യതാരകമായിരുന്നു എന്നുള്ള അഭിപ്രായമാണ് ആധുനിക ശാസ്ത്രജ്ഞന്മാർ സ്വീകരിച്ചിരിക്കുന്നതു്.

# ചൈനാ—ജപ്പാൻ സമരം

ഫിലിപ്പ് എച്ച്. സുബ്രഹ്മണ്യൻ, എം. എ.

കഴിഞ്ഞ ലോകമഹായുദ്ധത്തിൻെറ ഫലങ്ങൾ അനുഭവിച്ചറിഞ്ഞിരുന്ന സമാധാനചിന്തകന്മാർ മേലാൽ യുദ്ധമുണ്ടാകാതിരിപ്പാൻ "സർവ്വരാജ്യസഖ്യം" സ്ഥാപിച്ചു. അകാരണമായി ഏതെങ്കിലും രാജ്യം അന്യരാജ്യത്തോടു യുദ്ധത്തിനു പുറപ്പെട്ടാൽ മററു രാജ്യങ്ങളെല്ലാം ഒന്നുചേൎന്നു അക്രമിയെ ശാന്തമായി പിന്തിരിപ്പിക്കുന്നതിനു ശ്രമിക്കുകയും, അക്രമം അടങ്ങാത്തപക്ഷം എല്ലാവരും ഒന്നുചേൎന്നു സൈന്യബലം പ്രയോഗിക്കുകയും ചെയ്യേണ്ടതാണെന്നു "സർവ്വരാജ്യസഖ്യം" നിശ്ചയിച്ചിരുന്നു. ചെറിയ രാജ്യങ്ങൾ "സഖ്യ"ത്തിൻെറ ഉത്തരവുകൾക്കു ഭയത്താൽ കീഴടങ്ങി. പക്ഷേ, ചൈനയ്ക്കെതിരായി ജപ്പാൻ ആക്രമണം നടത്തിയപ്പോൾ "സഖ്യം," ലിററൻ പ്രഭുവിൻെറ അദ്ധ്യക്ഷതയിൽ, കാൎയ്യങ്ങൾ നേരിട്ടുകണ്ടു റിപ്പോൎട്ടു ചെയ്യുന്നതിനായി, ഒരു കമ്മിററിയെ നിയമിച്ചു. ഈ കമ്മിററിയുടെ റിപ്പോൎട്ട് ജപ്പാൻെറ താല്പൎയ്യങ്ങൾക്കു വിരുദ്ധമായിരുന്നു; എങ്കിലും ജപ്പാൻെറ ശത്രുത്വം സമ്പാദിക്കണമെന്നു ബ്രിട്ടനും മററു രാജ്യങ്ങൾക്കും ആഗ്രഹമില്ലായിരുന്നു. അതുകൊണ്ടു ചൈന പ്രതീക്ഷിച്ചിരുന്ന ന്യായം അതിനു ലബ്ധമായില്ല. ഇററലിയിലെ സർവ്വാധികാരിയായ മുസ്സോലിനി അബിസീനിയായെ ആക്രമിച്ചപ്പോഴും "സഖ്യം" അധോമുഖമായി നോക്കിനിന്നതല്ലാതെ വേറെയൊന്നും ചെയ്തില്ല. എന്നുമാത്രമല്ല, "സഖ്യം" പ്രയോഗിച്ച നയതന്ത്രങ്ങൾ ലോകത്തിൻെറ പരിഹാസത്തിനു പാത്രമാവുകയുംചെയ്തു.

ഇപ്പോൾ നടന്നുവരുന്ന ജപ്പാൻ-ചൈന യുദ്ധം സംബന്ധിച്ച് ജപ്പാൻ മുന്നറിയിപ്പുകളൊന്നും കൊടുക്കുകയുണ്ടായില്ല. ചൈനയുടെ വടക്കു കിഴക്കേ അതിൎത്തിയിലുള്ള തുലോം ചെറിയ ഒരു പട്ടണത്തിൽവച്ചാണ് ജപ്പാൻ പടയാട്ടത്തിൻെറ കേളി കൊട്ടിയതു്. അതിനേ തുടൎന്നു ചൈനയിൽ എന്തെല്ലാം ഭയങ്കര സംഭവങ്ങൾ നടന്നിരിക്കണം! യൂറോപ്പിൽ ജൎമ്മനിയിലെ സർവ്വാധികാരിയായ ഹിററ്‌ലരുടെ അധികാരപ്രമത്തതയും, പ്രതികാരേച്ഛയും, അന്ധമായ ദേശാഭിമാനവും, ലോകത്തിൻെറ ഏകാധിപതിയാകണമെന്നുള്ള ദുരാശയും ലോകസമാധാനത്തെ വേരോടെ പിഴുതെറിഞ്ഞുകളഞ്ഞു. പ്രബലങ്ങളായ പല രാജ്യങ്ങളും ശോഷിച്ച് നിൎജ്ജീവങ്ങളായിക്കഴിഞ്ഞിരിക്കുന്നു. പോളണ്ടെവിടെ? നോർവേയും ഡെൻമാൎക്കും എവിടെ? ഹോളണ്ടും, ബൽജിയവും, മഹാശക്തിയായ ഫ്രാൻസും എവിടെ? ആസ്ത്രിയാ, സെക്കോസ്ലോവേക്കിയ, ഹംഗേറി, റുമേനിയ, ബൾഗേറിയ എന്നീ രാജ്യങ്ങൾ യുദ്ധമൊന്നും കൂടാതെതന്നെ ജൎമ്മനിക്കടിപ്പെട്ടിരിക്കുന്നു. ആറേഴു മാസകാലം ഇററലിയുടെ വലിയ സൈന്യവിഭാഗങ്ങളെ പ്രശംസാൎഹമായ ധീരതയോടുകൂടി എതിൎത്തുനിന്ന ഗ്രീസും, ഭയം എന്നതറിഞ്ഞിട്ടില്ലാത്ത യുഗോസ്ലേവിയായും കമ്പിട്ടുകഴിഞ്ഞില്ലേ? എല്ലാററിനും പുറമെ, റഷ്യാസാമ്രാജ്യവും ഇതാ ആക്ര

മിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇപ്രകാരം അനവധി രാജ്യങ്ങളും മഹാശക്തികളും അധഃപതിച്ചുപോയെന്നുവരികിലും ചൈനമാത്രം ഇന്നും സധൈര്യം ജപ്പാനെ എതിർത്തുനില്ക്കുന്നു. ജപ്പാനെ തങ്ങളുടെ നാട്ടിൽനിന്നും ആട്ടിപ്പുറത്താക്കാതെ ചീനത്തുകാർ യുദ്ധത്തിൽനിന്നു വിരമിക്കുമെന്നും പറയാവുന്നതല്ല.

ചൈനയുടെ വടക്കു കിഴക്കേ അതിർത്തിയിൽ 'ലുക്കൌച്ചിയാവോ' എന്ന പേരോടുകൂടി ഒരു ചെറിയ പട്ടണമുണ്ട്. അവിടെക്കൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന നദിയെ തരണം ചെയ്യുന്നതിന് "മാക്കോപോലൊ" എന്നൊരു പാലവുമുണ്ട്. 1277-ാമാണ്ട് ഈ രാജ്യത്തെ സന്ദർശിച്ച പാശ്ചാത്യയാത്രികനായ 'മാക്കോപോലൊ'യുടെ പേരാണ് ആ പാലം വഹിക്കുന്നതു്. അതിനു ഏകദേശം മൂന്നുറു ഗജം നീളവും എട്ടു ഗജം വീതിയുമുണ്ട്. ഇന്നും അഴിവുകൂടാതെ നില്ക്കുന്ന ആ പാലം ലോകചരിത്രത്തിൽ ഒരു മുഖ്യസ്ഥാനത്തെ അർഹിക്കുന്നുണ്ട്.

1937-ാമാണ്ട് ജൂലൈമാസം ഏഴാംതീയതി രാത്രി മാക്കോപോലൊ പാലത്തിനു സമീപത്തുവച്ച് ഒരു ചെറിയ സംഭവം നടന്നു. "ലുക്കൌച്ചിയാവൊ" പട്ടണത്തിൽ ജപ്പാൻകാരുടെ ഒരു സൈന്യവിഭാഗം പാളയമടിച്ചിരുന്നു. പാലത്തോടുതൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ഈ സൈന്യവിഭാഗത്തിലുൾപ്പെട്ട ഭടന്മാർ യുദ്ധമുറകൾ പരിശീലിച്ചുവന്നു. ഒരു ദിവസം ഭടന്മാരിലൊരുവൻ ഇന്ദ്രജാലത്താലെന്നപോലെ മറഞ്ഞുപോയിരിക്കുന്നതായി കപ്പിത്താന് അറിവുകിട്ടി. അദ്ദേഹം അന്വേഷണങ്ങൾ മുറയ്ക്കു നടത്തി. തുമ്പൊന്നും കിട്ടിയില്ല. ശത്രുസൈന്യത്തിൽപെട്ട ചിലർ ആ യോദ്ധാവിനെ പിടിച്ചുകൊണ്ടുപോയി അടുത്തുള്ള വേറൊരു പട്ടണത്തിലെ കോട്ടയ്ക്കുള്ളിൽ തടങ്കലിൽ വച്ചിരിക്കുകയായിരിക്കാമെന്നു അയാൾ ഊഹിച്ചു. ഈ യോദ്ധാവിനെ കണ്ടുപിടിക്കുന്നതിനായി തനിക്കും തൻെറ ഭടന്മാക്കും കോട്ടയ്ക്കുള്ളിൽ പ്രവേശനം നൽകണമെന്ന് അയാൾ ആവശ്യപ്പെട്ടു. ചൈനാക്കാർ ഈ അപേക്ഷയെ സധൈര്യം നിരസിച്ചു. മുഷ്കുനിറഞ്ഞ ചൈനാക്കാർ, ഒരു കുററവും ചെയ്യാത്ത ജപ്പാൻയോദ്ധാക്കന്മാരെ കുറിനോക്കി വെടിവച്ച് ചിലരെ കൊല്ലുകയും പലരെ മുറിവേല്പിക്കുകയും ചെയ്തതായി ജപ്പാൻ സൈന്യാധിപൻ സമർത്ഥിച്ചു. ആത്മരക്ഷാർത്ഥം ജപ്പാൻകാർ ചൈനാക്കാരിൽ അനേകംപേരെ വെടിവച്ചുകൊന്നതായും അദ്ദേഹം സമ്മതിച്ചു.

ഈ സംഭവത്തിനുശേഷം സംവത്സരങ്ങൾ നാലു കഴിഞ്ഞിരിക്കുന്നു. പതിനൊന്നുലക്ഷത്തിഇരുപത്തയ്യായിരം ഭടന്മാരെ ജപ്പാൻ ഇതുവരെ ചൈനയിലേക്ക് അയച്ചുകഴിഞ്ഞു. ഇവരിൽ ഒന്നര ലക്ഷത്തിൽപരം യുദ്ധത്തിൽ മരിച്ചുപോയതായി കാണുന്നു. കരമാർഗ്ഗമായും, കടൽമാർഗ്ഗമായും, ആകാശമാർഗ്ഗമായും ചൈനയിൽ പ്രവേശിച്ച് ജപ്പാൻകാർ ആക്രമണം നടത്തിവരുന്നു. ഇതിൻെറ അവസാനമെന്തായിരിക്കും? തുടർന്നു യുദ്ധംചെയ്യുന്നതിൽ ജപ്പാൻെറ ഉദ്ദേശമെന്തു്? ഉത്തരചൈനയെമാത്രം ആക്രമിച്ച് കീഴടക്കിയാൽ മതിയെന്ന് ജപ്പാൻ ആദ്യം വിചാരിച്ചിരുന്നിരിക്കാം. ചൈനയുടെ സൈന്യബലത്തെ നാമാവശേഷമാക്കിയതിനുശേഷം എല്ലാകാര്യങ്ങളിലും ജപ്പാൻെറ നേതൃത്വം സ്വീകരിക്കുന്നതിന് ആ രാജ്യത്തെ നിർബന്ധിക്കണമെന്നും ജപ്പാൻ പ്രതീക്ഷിച്ചിരിക്കാം. പാശ്ചാ

ത്യദേശക്കാർ കൊള്ളയടിക്കുന്നതിന് ഒരുവിധത്തിലും അനുവദിക്കാതെ അവരിൽനിന്ന് ചൈനയെ സംരക്ഷിച്ച്, പൗരസ്ത്യ ഏഷ്യയിൽ പുതിയ ഒരു ക്രമം സ്ഥാപിക്കുന്നതാണ് തങ്ങളുടെ ഉദ്ദേശമെന്ന് ജപ്പാൻകാർ പറഞ്ഞുവരുന്നുണ്ട്. യുദ്ധം തുടങ്ങി നാലുമാസത്തിനുള്ളിൽ ചൈനായുടെ ശക്തിയും, ഗൗരവവും, നാങ്കിങ്ങ് ഭരണത്തിൻെറ സ്ഥിരനിശ്ചയവും സ്ഥിരോത്സാഹവും ജപ്പാന് പ്രത്യക്ഷപ്പെട്ടു. നാങ്കിങ്ങ് ഭരണത്തെ നശിപ്പിച്ച് തങ്ങളുടെ ഭരണം സ്ഥാപിക്കുവാൻ ജപ്പാൻകാർ ശ്രമിച്ചു. ഇതിൽ അവർ വിജയം പ്രാപിക്കുകയുംചെയ്തു. പക്ഷേ, ചുങ്കിങ്ങിൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ജനറൽ ചിയാങ്ങ് കായ്-ഷെക്കിൻെറ ഭരണകൂടം ചൈനയുടെ എതിർപ്പിനെ അത്യധികം വർദ്ധിപ്പിച്ചു. ചൈനാക്കാർ എല്ലാം ഒന്നുചേർന്നു. ജപ്പാൻകാർ യുദ്ധങ്ങൾ ജയിക്കുന്നുണ്ട്; പട്ടണങ്ങളെയും തുറമുഖങ്ങളെയും പിടിക്കുന്നുമുണ്ട്; പക്ഷേ ചൈനയുടെ ബലവും എതിർപ്പും ദൈനം ദിനം വർദ്ധിച്ചുകൊണ്ടുതന്നെവരുന്നു.

ആദ്യത്തെകൊല്ലം ജാപ്പാൻെറ വിജയങ്ങൾ വിസ്മയാവഹംതന്നെയായിരുന്നു. അവരുടെ സൈന്യവിഭാഗങ്ങൾ മുമ്പോട്ടു തള്ളിക്കയറി. പിക്കിങ്ങ്, ടിയൻറ് സിൻ എന്ന പട്ടണങ്ങളെ അവർ കൈവശപ്പെടുത്തി. അവിടെനിന്നും ആക്രമണം കാട്ടുതീപോലെ പടർന്നു. ഘോരയുദ്ധത്തിനുശേഷം ഷാങ്ങ്ഹായ് പട്ടണത്തേയും അവർ പിടിച്ചെടുത്തു. ചീനസൈന്യം യുദ്ധം ചെയ്തുകൊണ്ടുതന്നെ നാങ്കിങ്ങ് എത്തുന്നതുവരെ പിൻവലിഞ്ഞുനിന്നു. ഈ തലസ്ഥാനപട്ടണത്തെ കരസ്ഥമാക്കുവാൻ ജപ്പാൻകാർചെയ്ത തീവ്രയത്നം സഫലമായി. പക്ഷെ ഇവിടെ അവർ ചെയ്തത് വലിയ ഭയങ്കരകൃത്യങ്ങളാണ്. കേവലം ഭ്രാന്തന്മാരെപ്പോലെയാണ് അവർ ചീനരോടു പെരുമാറിയത്. 50,000 പൗരന്മാരും നിരായുധരായ അനവധി സാധുക്കളും നിഷ്കരുണം വധിക്കപ്പെട്ടു.

ആദ്യത്തെ കൊല്ലം നടത്തിയ യുദ്ധത്തിൻെറ ഫലമായി 4,65,000 ചതുരശ്രമൈൽ വിസ്താരമുള്ള ഒരു ഭൂപ്രദേശം ജപ്പാൻെറ കൈവശത്തിലായി. പതിനൊന്നരക്കോടി ജനങ്ങൾ അവർക്ക് അടിമപ്പെട്ടു. ഈ സ്ഥിതിയിലാണ് ജപ്പാൻ ചൈനയോട് സമാധാന ഉടമ്പടി ആവശ്യപ്പെട്ടത്. ചൈന ഇതിന് വഴിപ്പെട്ടില്ല എന്നു പറയേണ്ടതില്ലല്ലോ. ആക്രമിച്ചെടുത്ത പ്രദേശങ്ങളെ മുറക്ക് കീഴടക്കുന്നതിനു ജപ്പാൻ ശ്രമിച്ചു. ഈ കാലത്താണ് ചൈന ബലമായ 'അണിയില്ലാപ്പട' (Guerilla war) തുടങ്ങിയത്. ചൈനയുടെ അണിയില്ലാപ്പടയാളികൾ വലിയ ഒരു ശത്രുസൈന്യവിഭാഗത്തെ ടയർച് വാങ്ങ് എന്ന സ്ഥലത്തുവച്ച് വളഞ്ഞു നിർമ്മൂലമാക്കി. ഈ പരാജയം ജപ്പാന് അല്പം അധഃപതനം തന്നെയായിരുന്നു.

രണ്ടാമത്തെ കൊല്ലം വലിയ ജയങ്ങളൊന്നും ജപ്പാന് സിദ്ധിച്ചില്ല. നാങ്കിങ്ങിൽനിന്ന് ചൈനാക്കാർ തലസ്ഥാനം ഹാങ്കോയിലേക്ക് മാററി. പിന്നീട് ഹാങ്കോ നഷ്ടമായപ്പോൾ തലസ്ഥാനം ചുങ്കിങ്ങിലുറപ്പിച്ചു. കൻേറാൺ തുറമുഖത്തെ ബോംബെറിഞ്ഞു നശിപ്പിക്കുവാൻ ജപ്പാൻകാർ ശ്രമിച്ചു. അവസാനം കൻേറാൺതുറമുഖവുംഅവർ കൈവശപ്പെടുത്തി. തെക്ക് ഹോങ്ങ്കോങ്ങ് വരെയുള്ള സമുദ്രതീരപ്രദേശങ്ങളെല്ലാം അവരുടേതായി. ഹൈനാൻ ദ്വീപിൽ പ്രവേശിച്ച് അതും കീഴടക്കി. പുതിയ തലസ്ഥാനപട്ടണത്തെ ലാക്കാക്കി അനേകം ഭയാനക

ങ്ങളായ ബോംബേറുകൾ നിഷ്ഠുരം നടത്തി ജനതയെ പരിഭ്രാന്തചിത്തരാക്കിത്തീർക്കുകയും ചെയ്തു. എന്നിട്ടും പറയത്തക്ക ഫലമൊന്നുമുണ്ടായില്ല.

മൂന്നാമത്തെ കൊല്ലം നടന്ന യുദ്ധങ്ങൾ ജപ്പാന്ന് വിജയകരമായിട്ടുതന്നെയാണ് തുടങ്ങിയതു്. ഷാൻസി സംസ്ഥാനത്തിൽ പലവിജയങ്ങളും അവർ നേടി. പിന്നീട്ട് ചാങ്ങ്ഷാ സംസ്ഥാനത്തെ ആക്രമിക്കുവാൻതുടങ്ങി. പക്ഷെ ഇവിടെവച്ചുനടന്ന യുദ്ധത്തിൽ ജപ്പാൻസൈന്യത്തിന് പട്ടതോൽവിയാണ് സിദ്ധിച്ചതു്. ജപ്പാനെ തോൽപ്പിച്ചോടിക്കുന്നതു് സുസാധമെന്ന് ചീനക്കാർക്ക് മനസ്സിലായി; അവരുടെ ധൈര്യവും ഉത്സാഹവും ദ്വിഗുണീഭവിക്കയും ചെയ്തു. ഗത്യന്തരമില്ലാതെ ജപ്പാൻ നാനിങ്ങിനെ ആക്രമിച്ചു കിഴടക്കി. ഫ്രഞ്ചിൻഡോച്ചൈന വഴിയായി ചൈനക്കു ലഭിച്ചുകൊണ്ടിരുന്ന യുദ്ധസാമഗ്രികൾ തന്മൂലം തടയപ്പെട്ടു. ചൈനക്കു നേരിട്ട വേറൊരുനഷ്ടം ഐച്ചാങ്ങ് ജപ്പാൻകാർക്ക് അധീനപ്പെട്ടതായിരുന്നു. ഇവിടേയുള്ള വിമാനത്താവളത്തിൽ നിന്ന് തലസ്ഥാനത്തെ ബോംബെറിഞ്ഞു് നഷ്ടപ്പെടുത്തുവാൻ എളുപ്പമായിരുന്നു.

ഹിററ്ലർക്ക് യൂറോപ്പിൽ ലഭിച്ച ജയങ്ങളെല്ലാം ജപ്പാന്ന് ഏഷ്യയിൽ സിദ്ധിച്ച ജയങ്ങൾ എന്നുപറയാം. പ്രത്യേകിച്ചു, ഹോളണ്ടിൻെറയും ഫ്രാൻസിൻെറയും പരാജയം ജപ്പാൻെറ സംരംഭങ്ങളെ വിജയകരമാക്കി. ചൈനയെ ഇതുവരെ സഹായിച്ചുവന്നിരുന്നതു് ബ്രിട്ടൻെറയും ഫ്രാൻസിൻെറയും ഹോളണ്ടിൻെറയും ഭരണത്തിലുൾപ്പെട്ട കിഴക്കൻ ദ്വീപുകളും പ്രദേശങ്ങളുമായിരുന്നു. ആ രാജ്യങ്ങളുടെ വീഴ്ച ചൈനയെ നിസ്സഹായയാക്കുമെന്ന പരമാത്ഥം ജപ്പാൻ നല്ലതുപോലെ ഗ്രഹിച്ചിരുന്നു. ചൈനയെ സഹായിച്ചിരുന്നവരിൽ റഷ്യമാത്രമേ ശേഷിച്ചിരുന്നുള്ളു. റഷ്യയോടും ജമ്മനി യുദ്ധം തുടങ്ങിയപ്പോൾ ജപ്പാൻെറ ആഹ്ലാദം സീമാതീതമായിത്തീൎന്നു. ജപ്പാൻെറ ഇന്നത്തെ വെല്ലുവിളിയുടെ കാരണം ഹിററ്ലരുടെ വിജയങ്ങൾമാത്രമാണെന്ന് ആക്കും മനസ്സിലാക്കാവുന്നതാണ്.

ചുങ്കിങ്ങ് പട്ടണത്തിൽ ഉയരമേറിയ ചുവരുകളെക്കൊണ്ട് നാലുവശവും ചുററപ്പെട്ട വിസ്തീൎണ്ണമായ ഒരു പുരയിടവും അതിന്നുമദ്ധ്യേ ഭംഗിയേറിയ ഒരു ഭവനവുമുണ്ട്. ചൈനയുടെ സവ്വാധികാരിയും സവ്വസൈന്യാധിപനുമായജെനറൽ ചിയാങ്ങ് കായ്-ഷെക്കിൻെറവാസസ്ഥലമാണിതു്. അദ്ദേഹവും അദ്ദേഹത്തിൻെറ പത്നിയും ചൈനയുടെ യഥാത്ഥ പ്രതിനിധികൾതന്നെയാണ്. രാജ്യവാസികളുടെ ധൈയ്യവും, സ്ഥിരോത്സാഹവും, ദേശാഭിമാനവും അവരിൽ പ്രതിഫലിച്ചുകാണുന്നു. അവർ എന്തുചെയ്താലും എന്തുപറഞ്ഞാലും ജനങ്ങൾക്ക് പൂൎണ്ണസമ്മതമാണ്. വടക്കു കിഴക്കെ ചൈനയിലുള്ള പ്രധാനപട്ടണങ്ങളും, തുറമുഖങ്ങളും, തീവണ്ടിപ്പാതകളും ജപ്പാന്ന് അധീനപ്പെട്ടാണിരിക്കുന്നതു്. എങ്കിലും, ആ പ്രദേശങ്ങളിലും ജപ്പാന്നു വലിയ എതിർപ്പുകളുണ്ടായിവരുന്നു. അവൈധസേനാവിഭാഗങ്ങൾ ജപ്പാനെ നാലുവശത്തും മുള്ളുകൊണ്ടെന്നപോലെ കുത്തി മുറിവേല്പിക്കുന്നു. 1940-ാമാണ്ട് മാച്ച്മാസം 30-ാംതിയ്യതി ജപ്പാൻ നാങ്കിങ്ങ് രാജ്യഭരണം സ്ഥാപിച്ചുവെന്നുവരികിലും ചിയാങ്ങ്കായ്-ഷെക്കിനോടുള്ള ഭക്തിയിൽനിന്നും ജനങ്ങൾ അല്പംപോലും വ്യതിചലിച്ചിട്ടില്ല; വ്യതിചലിക്കുന്നതുമല്ല.

നാലാമത്തെ വഷത്തിൽ ജപ്പാന്റെ ആഗ്രഹങ്ങൾ എണ്ണത്തിലും വണ്ണത്തിലും ചുരുങ്ങിയാണ് കാണുന്നത്. ബർമ്മാ റോഡ് ഉപയോഗമില്ലാതാക്കുക; കടൽകരയിൽനിന്ന ചുങ്കിങ്ങിലേക്കുള്ള മാർഗ്ഗത്തെ തടയുന്നതിനായി കാൻടങ്ങ് സംസ്ഥാനത്തെ ആക്രമിച്ചു കീഴടക്കുക; ചൈനക്കാരുടെ കൈയിലിരിക്കുന്ന പെയ്പിങ്ങ്-ഹാങ്കോ തീവണ്ടിപ്പാത കരസ്ഥമാക്കുക—ഈ മൂന്നുകാര്യങ്ങളും നിർവ്വഹിക്കുക ജപ്പാന്ന് അത്ര എളുപ്പമല്ല

ചൈനയിൽ ജപ്പാന്റെ പുരോഗതി തടയപ്പെട്ടിരിക്കുന്നതായി വേണം പറയുവാൻ. ഈ യുദ്ധം എഴുപതുശതമാനവും ധനകാര്യപരമാണെന്നാണ് വിചാരിക്കപ്പെട്ടുവരുന്നത്. ചിയാങ്ങ് കായ്-ഷെക്കിന്ന ആവശ്യമുള്ള ആയുധസാമഗ്രികളും വിഭവങ്ങളും ബ്രിട്ടൻ, അമേരിക്കയിലെ ഐക്യനാടുകൾ, റഷ്യ എന്നീരാജ്യങ്ങളിൽനിന്നാണ് കിട്ടുന്നത്. അമേരിക്കൻ ഐക്യനാടുകളിൽനിന്ന പതിനേഴുകോടി ഡോളരും, ബ്രിട്ടനിൽ നിന്ന നാലുകോടി ഡോളരും, റഷ്യയിൽനിന്ന ഇരുപതു കോടി ഡോളരും കടമായും യുദ്ധവിഭവങ്ങളായും ചൈന സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ചൈനയിൽ ധനക്ഷാമമില്ലെന്നില്ല; എങ്കിലും ധനപരമായി കണക്കാക്കത്തക്ക വലിയ ക്ഷീണമൊന്നും ചൈനയ്ക്കു പററിയിട്ടില്ല. പക്ഷേ "വെറുമൊരു കലഹം" എന്ന വ്യാജേന ഘോരയുദ്ധം ആരംഭിച്ച ജപ്പാനിലെ സ്ഥിതി ആശ്വാസജനകമല്ല. ഈ യുദ്ധത്തിന്നുമാത്രമായി ഇതുവരെ ജപ്പാൻ 1,800 കോടി "യെൻ," അഥവാ 1,600 കോടിരൂപാ, ചെലവാക്കിയിരിക്കുന്നു. ജപ്പാന്റെ ധനസ്ഥിതിക്കു ഇതു് ഒരു വലിയ കോട്ടമായിട്ടുതന്നെ വേണം കരുതുവാൻ.

സമീപകാലത്തു് ചിയാങ്ങ് കായ്-ഷെക്കിന്ന് ശത്രുക്കളായിത്തീർന്നിരിക്കുന്നതു് സ്ഥിതിസമത്വവാദികൾ അല്ലെങ്കിൽ കമ്യൂണിസ്ററുകൾ ആണ്. യുദ്ധാരംഭകാലത്തു് 'ചിയാങ്ങിന്ന' സഹായികളായിരുന്നുകൊള്ളാമെന്നു് അവർ വാഗ്ദാനംചെയ്തിരുന്നു. അവരുടെ സൈന്യത്തിന്റെ ഒരു വലിയഭാഗം കഴിഞ്ഞ ജനുവരിമാസത്തിൽ ന്യായമായ കല്പനകൾക്കു് കിഴ്പ്പെടാത്ത കുററത്തിനായി പിരിച്ചയക്കപ്പെട്ടു. അവക്കു രഹസ്യമായി റഷ്യയുടെ സഹായവുമുണ്ടെന്നാണ് പറയപ്പെടുന്നതു്. എന്തായാലും നയതന്ത്രജ്ഞനായ (ചിയാങ്ങ്) അവരെയെല്ലാം വഴിക്കു കൊണ്ടുവരുമെന്നും, ദേശാഭിമാനം അവരേയും സകല ചീനരേയും ഒരുമപ്പെടുത്തുമെന്നും നിശ്ശങ്കം പ്രതീക്ഷിക്കാവുന്നതാണ്.

ജപ്പാനുമായി നടന്നുവരുന്ന യുദ്ധത്തെപ്പററി, ചൈനയിലെ യുദ്ധമന്ത്രിയായ ജനറൽ ഹോളങ്ങ്-ചിങ്ങ് സമർപ്പിച്ച ഒരു പ്രസ്താവനയിൽ ഈ വിവരങ്ങൾ കാണാവുന്നതാണ്. 1938 ഒക്ടോബർ മാസത്തിന്ന മുൻപു് നടന്ന ഘോരയുദ്ധങ്ങൾ—അതായതു്, ലക്ഷത്തിൽ കൂടുതൽ ഭടന്മാർ ചേർന്നുള്ള യുദ്ധങ്ങൾ—276; ഇതിൽ 18 യുദ്ധങ്ങളിൽ മാത്രമേ ചീനസൈന്യങ്ങൾ എതിർത്തു ജയം പ്രാപിച്ചിട്ടുള്ളു. 1938 ഒക്ടോബറിന്നും 1940 ഫെബ്രുവരിയ്ക്കും മദ്ധ്യേ നടന്ന ഘോരയുദ്ധങ്ങൾ 163; ഇതിൽ 72 യുദ്ധങ്ങളിൽ ജയം ചീനസൈന്യങ്ങൾക്കായിരുന്നു. 1940 ഫെബ്രുവരിക്കും ഡിസമ്പറിന്നും മദ്ധ്യേ 68 യുദ്ധങ്ങൾ നടന്നതിൽ 48 യുദ്ധങ്ങളിൽ ചൈന ജയം പ്രാപിച്ചു. 1941 അവസാനിക്കുന്നതിന്ന മുൻപു് ജപ്പാന്ന് തലപൊക്കുവാൻ സാധിക്കാത്തവിധത്തിലുള്ള പരാജയം ഏപ്പെടുമെന്നും ചൈന പൂർണ്ണസ്വാതന്ത്ര്യ

ത്തെ വീണ്ടും പ്രാപിക്കുമെന്നും യുദ്ധമന്ത്രി പ്രതീക്ഷിക്കുന്നു.

ജപ്പാൻ ഇപ്പോൾ വാസ്തവത്തിൽ എന്തുചെയ്യുന്നു? യുദ്ധത്തിൽ ഖണ്ഡിച്ചു തോല്പിക്കപ്പെട്ടിട്ടില്ല. പക്ഷേ വിജയം നിസ്സംശയം തടയപ്പെട്ടിരിക്കുന്നു. തല്ക്കാലം നേരിട്ടിട്ടുള്ള ക്ഷീണസ്ഥിതിയിൽ ചൈനയിൽ യുദ്ധം തുടർന്നുനടത്തിക്കൊണ്ടുപോകുവാൻ ജപ്പാന് അത്ര സാധ്യമല്ല. ഒരൊററ അടികൊണ്ട് ചൈനയെ തകർത്തുകളയാമെന്ന പ്രത്യാശയോടുകൂടിയാണ് ജപ്പാൻ യുദ്ധമാരംഭിച്ചത്. കൊല്ലം നാലുകഴിഞ്ഞിട്ടും ഫലം നിസ്സാരംതന്നെ. ഇതുവരെ ചൈന ജയിക്കാത്തതിനുള്ള കാരണം ബ്രിട്ടൻ, ഫ്രാൻസ്സ്, അമേരിക്കൻ ഐക്യനാടുകൾ, ഇവയുടെ മൗനവും സഹായക്കുറവുമാണ്. ഫ്രാൻസ് വീണതിനുശേഷം, ചൈനയിൽനിന്നു ലഭിച്ച അപമാനത്തിനു പ്രതിശാന്തിയായി ഫ്രഞ്ച്-ഇൻഡോച്ചൈനയുടെമേൽ ജപ്പാൻ കൈയ് വച്ചിരിക്കുന്നു. ബ്രിട്ടനും ഐക്യനാട്ടുകളും ഇനിമേൽ മൗനമായിരിക്കുന്നതല്ല. ചൈനയ്ക്കു സകലവിധസഹായങ്ങളും അവർ നൽകുന്നതാണ്. തെക്കോട്ടുള്ള പുരോഗതി നിറുത്തുകയും, ചൈനയിൽ നിന്ന് പിന്മാറുകയും ചെയ്യുന്നതു് ജപ്പാന് വലിയ മാനക്കുറവായിരിക്കും. വീണ്ടും യുദ്ധം തുടരുന്നപക്ഷം ജപ്പാൻെറ ഭാവി ഭയങ്കരമായിത്തീരും. എന്നാൽ സമാധാനത്തോടെ വർത്തിക്കുന്നപക്ഷം ഒരു മഹാശക്തിയായിട്ടുതന്നെ കഴിച്ചുകൂട്ടുന്നതിന് ജപ്പാനു സാധ്യമായേക്കാം എന്നുമാത്രമേ പറയുവാനുള്ളു.

# കല—ആത്മപ്രകാശനം

(എം. ഏ. കെ.)

ആത്മപ്രകാശന (self-expression)ത്തിൻെറ അങ്ങേ അററത്തെ പടിയാണ് ലേഖനമെഴുത്ത്. കല എന്നു പറയുന്നതു് ആത്മപ്രകാശനമല്ലാതെ മറെറാന്നുമല്ല. എന്നാൽ ആത്മാവിഷ്കരണത്തിൽ ഏററവും മുന്നിട്ടു നില്ക്കുന്ന എഴുത്തുകാരൊക്കെ കലാകാരന്മാരാണെന്നു പറയുന്നതു ഗുരുതരമായ തെററാകുന്നു. ശ്രേഷ്ഠനായ ഒരു കലാകാരൻ ശ്രേഷ്ഠനായ ഒരു എഴുത്തുകാരനായിരിക്കും. എന്നാൽ ശ്രേഷ്ഠനായ ഒരു എഴുത്തുകാരൻ ശ്രേഷ്ഠനായ ഒരു കലാകാരനായിരിക്കണമെന്നില്ല. ഇവിടെയാണ് കലാകാരൻെറ മഹനീയമായ പ്രത്യേകത മറഞ്ഞു കിടക്കുന്നതു്. കാർലൈലിനേയോ റസ്കിനെയോ എമെർസനെയോപോലെ പ്രത്യക്ഷത്തിൽ ആചാര്യന്മാരായിനിന്ന് അഭ്യസിപ്പിക്കുന്നവനല്ല കലാകാരൻ. പഠനത്തിൽനിന്നോ പരിജ്ഞാനത്തിൽനിന്നോ പരിത്യക്തനായിനിന്നു കാര്യങ്ങൾ പറയുന്ന ഒരു കീർത്തനക്കാരനായി കലാകാരനെ ഒരിക്കലും വീക്ഷിക്കാൻ പാടില്ല. ഷാ, വെൽസ്, റസ്സൽ മുതലായവരെ സമീപിക്കുമ്പോഴും ഫ്ളാബെർട്ട്, മാപ്പസാങ്ങ്, സോള എന്നിവരെ സമീപിക്കുമ്പോഴും നമുക്കുണ്ടാവുന്ന മനോവ്യാപാരങ്ങൾക്കു

തമ്മിൽ പ്രകടമായ അന്തരമുണ്ട്. കലാകാരൻെറ ശക്തിവിശേഷത്തെ ഇവിടെ നാം വേർതിരിച്ചനുഭവിക്കുന്നു. ഹെർബെർട്ട് സ്പെൻസറിനേയും കീററ്സിനേയും അകററിനിറുത്തുന്നതു കലയാണ്. ശാസ്ത്രജ്ഞന്മാർ വിശിഷ്ടഗ്രന്ഥങ്ങൾ എഴുതാറുണ്ടെങ്കിലും അവയെ സാഹിത്യലോകത്തുനിന്നു ഒഴിച്ചുനിറുത്തിയിരിക്കുന്നതു വികാരവും വിഭാവനയുമാകുന്നു. കലാകാരൻെറ വകയാണവ രണ്ടും. യുക്തി (reason) യും ബുദ്ധി (intellect) യും അല്ല, വികാരവും (emotion) ഭാവനയും (imagination) അനുഭൂതിയുമാണ് കലാകാരനെ ഭരിക്കുന്നതു്. സൗന്ദര്യത്തെ ആരാധിച്ച്, സത്യത്തെ ദർശിച്ച്, ആനന്ദത്തെ അളന്നവനാണ് കലാകാരൻ. സത്യാത്മകമായ കവിതയെ മനസ്സിലാക്കുന്നതിനു മുൻപ് അതു വായനക്കാരനെ ആനന്ദിപ്പിക്കുന്നതാണ് (Genuine poetry can be communicated before it is understood)എന്നു ഒരു കലാനിരൂപകൻ ചെയ്തിട്ടുള്ള പ്രസ്താവം കലയുടെ ലക്ഷണത്തെ അതിവസുന്ദരമായി വെളിപ്പെടുത്തുന്നതാകുന്നു. അത്ഥം ഗ്രഹിച്ചുകഴിയുന്നതിനുമുൻപുതന്നെ ആനന്ദിപ്പിക്കുവാൻ പ്രാപ്തമായ കവിതയുടെ കഴിവിലാണ് യഥാത്ഥമായ കലാസൗന്ദര്യം കലർന്നിരിക്കുന്നതു്. ഗഹനമായ തത്ത്വചിന്തയോ പ്രതിഭാവിലാസമോഅല്ല ഒരുവനെ കലാകാരനാക്കുന്നതു്.

ഉപനിഷത്തുകളിലെ ഗഹനമായ വിചിന്തനങ്ങളെ ഉൾക്കൊള്ളുന്ന ടാഗ്ഗുറിൻെറ മിസ്റ്റിക് കവിത, ആത്മീയതയെ സംബന്ധിച്ച മോശക്കാരനായ ഒരു സഹൃദയനെപ്പോലും ആനന്ദിപ്പിക്കുന്നതിൻെറ രഹസ്യം അദ്ദേഹത്തിൻെറ കലാവൈഭവമാകുന്നു. വില്യം ബ്ളേക്, റൂമാ, അത്താർ എന്നീവിശ്വവിഖ്യാതന്മാരായ മിസ്റ്റിക്കുകളുടെ കവിതയുടെ അത്ഥം ഗ്രഹിയാതെതന്നെ അവയാൽ സാഹിത്യപ്രണയികൾ ആകൃഷ്ടന്മാരാകുന്നതു്, അവർ അസാധാരണകലാകാരന്മാരായതുകൊണ്ടാണ്.

യഥാത്ഥ കലാകാരന്മാരായ കവികളുടെ സൃഷ്ടികൾ അനശ്വരമായിരിക്കുന്നു! അതുകൊണ്ടാണ് "ഏതു കാലവും സത്യമായി അംഗീകരിക്കുന്ന ഏകസംഗതി കവിത"യാകുന്നുവെന്നു മയേർസ് (Myers) തൻെറ 'ക്ലാസിക്കൽ എസ്സേയ് സി'ൽ പറയുന്നതു്.


## ഒട്ടും സംശയിക്കേണ്ട

യുദ്ധത്തിൻെറ ഭരങ്കരത ഓത്തിട്ടോ—അതൊ മരുന്നുകളുടെ കുറവുകൊണ്ടോ—എന്തെന്നു മനസ്സിലാകുന്നില്ല, അനേകംമഹാന്മാർ പൊടുന്നനവെ ലോകം വിട്ടുപിരിയുന്നു.

എല്ലാ മരുന്നുകളും രാത്രിയും പകലും കിട്ടും.

പ്രത്യേകിച്ച് ഡോക്ടറന്മാരുടെ കുറിപ്പനുസരിച്ചുള്ള മരുന്നുകൾ (മിക്സ്ച്ചർ) ശാസ്ത്രീയമായ രീതിയിൽ കൂട്ടി-കലത്തിക്കൊടുക്കുകയെന്നതാണ് ഞങ്ങളുടെ ഒരു പ്രത്യേകത.

**ജെയിംസൺ ആർറ് കമ്പനി, ഇംഗ്ലീഷ് മരുന്നുഷാപ്പ്,**

ബ്രോഡ് വെ-എറണാകുളം.

ഉദയംമാസിക — വരിസംഖ്യ ഒരു കൊല്ലത്തേക്ക്

| | | | |
|---|---|---|---|
| മാസിക ഒററപ്രതിക്ക് മൂന്നണ. | അഞ്ചലിൽ | ക. | 2—8—0 |
| | തപാലിൽ | ക. | 2—12—0 |
| വാർഷിക വരിസംഖ്യ മുൻക്കൂർ. | ഇന്ത്യക്കപ്പുറമെ | ക. | 5—0—0 |

പരസ്യ നിരക്ക്.

| | 12 മാസം. | 6 മാസം. | 3 മാസം. | ഒരു പ്രാവശ്യം. |
|---|---|---|---|---|
| മുഴുവൻ പേജ് | 100 ക. | 60 ക. | 40 ക. | 12 ക. |
| അര പേജ് | 60 ക. | 40 ക. | 25 ക. | 8 ക. |
| കാൽ പേജ് | 36 ക. | 24 ക. | 15 ക. | 5 ക. |


എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

അപേക്ഷിക്കേണ്ടും മേൽവിലാസം:

പ്രൊപ്രയിററർ, ഉദയം ആപ്പീസ്സ്,

എറണാകുളം.

---

# സ്ററാലിൻ

## ജീവചരിത്രം.

ഗ്രന്ഥകർത്താ.

**കെ. ജെ. ജോസഫ് തേറാട്ടിൽ,**

**എം. ഏ. ബി. എൽ.**

എറണാകുളം.

പുസ്തകത്തിന്ന് ആവശ്യമുള്ളവർ

താഴെകാണുന്ന മേൽവിലാസങ്ങളിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

മാനേജർ, പ്രകാശം പ്രിൻറിംഗ് വർക്സ്സ്, ബ്രോഡ് വേ, എറണാകുളം.

OR

സി. എൽ. മാത്യൂ, കെമിസ്റ്റ്,

തൃശ്ശൂർ.

ആലപ്പി ലെതർ എമ്പോറിയം,

ആലപ്പുഴ.


---


Printed and Published by CHACKO J. CHANDY,
at the Prakasam Printing Works, Broadway, Ernakulam.